# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിനാലാമത് റിപ്പോർട്ട്
(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

Fcb5/SJ/2023/LFAC/Facing Sheet/34th Report/20.3.2023

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിനാലാമത് റിപ്പോർട്ട്
(2023 ..മാർച്ച്.. മാസം 16..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കായികയുവജനക്ഷേമം, തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളും 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെയും അടിസ്ഥാനമാക്കിയുള്ളത്]

# ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I :

പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും :

അനുബന്ധം II :

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

**ഘടന**

**അദ്ധ്യക്ഷൻ** :

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി.

ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി,

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കായികയുവജനക്ഷേമം, തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളും 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെയും അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ....മാർച്ച്..... മാസം ......13..-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
.2023...മാർച്ച്..16

Fcb5/SJ/2023/LFAC/Facing Sheet/34th Report/20.3.2023

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കായികയുവജനക്ഷേമം, തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളും 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെയും അടിസ്ഥാനമാക്കിയത്.

## കായികയുവജനക്ഷേമ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**കേരള സ്പോർട്സ് കൗൺസിൽ**

**അംഗീകാരമില്ലാതെ അധിക തസ്തികകൾ 4.03 ലക്ഷം അധിക ചെലവ്**

(2004-2005 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 12)

സർക്കാർ അംഗീകാരമില്ലാതെ സ്പോർട്സ് കൗൺസിൽ അധിക തസ്തികകൾ സൃഷ്ടിച്ചു. ഇതിനാൽ 4,03,822 രൂപയുടെ അധികചെലവുണ്ട്.

സർക്കാരിന്റെ അംഗീകാരമില്ലാതെ അധിക തസ്തികകൾ സൃഷ്ടിച്ച് ദിവസ/കരാർ വേതനക്കാരെ നിയമിച്ച് ശമ്പളമിനത്തിൽ 2004-05 ൽ 4,03,822 രൂപ ചെലവാക്കി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. സ്പോർട്സ് കൗൺസിൽ ആരംഭിച്ച 9 ഹോസ്റ്റലുകൾക്ക് ആവശ്യമായ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഹോസ്റ്റലിലെ ജീവനക്കാരെല്ലാം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്നും ജീവനക്കാരുടെ അധ്വാനഭാരം ലഘൂകരിക്കാനും സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് കോച്ചിംഗ് ശക്തിപ്പെടുത്താനും ആവശ്യമായ മനുഷ്യശേഷി സമാഹരിക്കുന്നതിന്റെ ഭാഗമായി

പരിശീലകരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ നേരിട്ടോ നിയമനം നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കേണ്ടി വന്നിട്ടുള്ളതെന്നും സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം നിലച്ചുപോകാതിരിക്കാനാണ് ഇത്തരത്തിൽ ചെലവ് വഹിക്കേണ്ടി വന്നിട്ടുള്ളതെന്നും ആയതിലേയ്ക്കുള്ള ചെലവ് ബഡ്ജറ്റിൽ വേതനമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**2. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓപ്പറേഷൻ ഗോൾഡ് പദ്ധതിയിൽ 1.04 ലക്ഷം അനധികൃത ചെലവ്**

(2004-2005 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 13)

കായിക പരിശീലനത്തിനായി സ്കൂളുകളിൽ ആരംഭിച്ച ഓപ്പറേഷൻ ഗോൾഡ് പദ്ധതിയിൽ 143631 രൂപയുടെ അനധികൃത ചെലവ്.

2003-2004 ൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സ്പോർട്സ് കൗൺസിലും ജില്ലയിലെ 78 ഗ്രാമപഞ്ചായത്തുകളിൽ ഒന്ന് എന്ന കണക്കിൽ 78 സ്കൂളുകളും ചേർന്ന് 5 വർഷ കാലയളവിൽ നടപ്പിലാക്കി മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുക എന്ന പദ്ധതിയാണ് ഓപ്പറേഷൻ ഗോൾഡ്.

2004-2005 ൽ 6,62,855 രൂപ പദ്ധതിയിലേയ്ക്കെന്ന പേരിൽ ചെലവാക്കിയതിൽ 143631 രൂപയുടെ ചെലവ് ഓപ്പറേഷൻ ഗോൾഡ് പദ്ധതിയുമായി ബന്ധപ്പെട്ടതല്ല. എച്ച്. ആർ. ഡി. പാർലമെന്ററി കമ്മിറ്റി മുരുക്കുംപുഴ വാട്ടർ സ്പോർട്സ് അക്കാദമി സന്ദർശിച്ചതിന്റെ ചെലവും അവർക്ക് ഭക്ഷണം നൽകിയതിന്റെ ചെലവും ചേർന്നതാണ് 143631 രൂപയുടെ ചെലവ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ഓപ്പറേഷൻ ഗോൾഡിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി എത്തിയ പാർലമെന്ററി കമ്മിറ്റിക്കുവേണ്ടി നടത്തിയ ചെലവാണ് ഓപ്പറേഷൻ ഗോൾഡിന്റെ ചെലവിൽ ഉൾപ്പെടുത്തിയതെന്നാണ് സർക്കാർ മറുപടിയെന്നും കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ ആയതിലുൾപ്പെടാത്ത ഇനത്തിലുള്ള ചെലവ് വന്നതിനാലാണ് ഓഡിറ്റ് പരാമർശം വന്നിട്ടുള്ളതെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**4. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാന്റിംഗ് കമ്മിറ്റി ഇല്ലാത്ത അധികാരം വിനിയോഗിക്കുന്നു**

(2004-05 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 7)

2000 ലെ സ്പോർട്സ് ആക്ട് വകുപ്പ് 6 പ്രകാരം രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റി അതിന് ഡെലിഗേറ്റ് ചെയ്യാത്ത അധികാരങ്ങൾ ഉപയോഗിച്ച് എല്ലാ ചെലവിനങ്ങൾക്കും അധികാരപത്രം നൽകിയിരിക്കുന്നത് നിയമവിരുദ്ധ നടപടിയാണ്. വകുപ്പ് 5(3), 6(2) എന്നിവ പ്രകാരം ഉള്ള അധികാരങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഡെലിഗേറ്റ് ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. 3.12.2003 ലെ സർക്കാർ ഉത്തരവുപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അൻപത് അംഗങ്ങളടങ്ങിയ കൗൺസിലിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനാണ് പതിനൊന്ന് അംഗങ്ങളടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചതെന്നും പ്രസ്തുത കമ്മിറ്റി കേരള സ്പോർട്സ് ആക്ടിന്റെ വകുപ്പ് 6-ൽ നിഷ്കർഷിച്ചിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെയും കൂടി ഉൾപ്പെടുത്തി രൂപീകരിക്കാത്തതുകൊണ്ടാണ് വകുപ്പ് 5(3), 6(2) പ്രകാരമുള്ള ഡെലിഗേഷനുകൾ സ്റ്റാന്റിംഗ് കമ്മിറ്റി നടത്താതിരുന്നതെന്നും കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും കൗൺസിലിന്റെ പരിശോധനയ്ക്ക് വിധേയമായിരുന്നുവെന്നും സ്റ്റാന്റിംഗ് കമ്മിറ്റി അവരുടെ അധികാരം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നതെന്നും സർക്കാരിന്റെ അനുമതിയോടുകൂടിയാണ് പ്രധാനപ്പെട്ട തീരുമാനങ്ങളെല്ലാം എടുക്കുന്നതെന്നും കായികയുവജനക്ഷേമ വകുപ്പ് ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു

6. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**7. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൗൺസിൽ ഫണ്ട് ഉപയോഗിച്ച് യാത്രയയപ്പ്**

(2004-2005 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 14)

കൗൺസിൽ ജീവനക്കാർ പെൻഷനാകുമ്പോഴും സ്ഥലം മാറുമ്പോഴും യാത്രയയപ്പ് പരിപാടികൾക്ക് കൗൺസിലിന്റെ ഫണ്ടിൽ നിന്നും മുൻകൂർ നൽകി ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. സർക്കാർ ആർട്ടിക്കിളിന് വിരുദ്ധമായി യാത്രയയപ്പ് പരിപാടികൾക്ക് ചെലവാക്കിയ 25500 രൂപ അനധികൃത ചെലവായി കണക്കാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.4)

*Fcp5g/RBR/2005-06 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്*

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

8. ഓഡിറ്റ് തടസ്സങ്ങളെ തുടർന്ന് നിലവിൽ യാത്രയയപ്പ് പരിപാടികൾക്കായി തുക ചെലവഴിക്കാറില്ലെന്നുള്ള കായികയുവജനക്ഷേമവകുപ്പ് ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**9. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## തദ്ദേശസ്വയംഭരണ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**പത്തനംതിട്ട ജില്ല**

**തിരുവല്ല നഗരസഭ**

**വൈദ്യുതി ശ്മശാനം : 35 ലക്ഷം പാഴായി**

(2001-02 തനത് ഫണ്ട് ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-3)

നഗരസഭയുടെ അനാസ്ഥയാൽ വൈദ്യുതി ശ്മശാനം പ്രവർത്തിക്കുന്നില്ല. ഇതിന് ചെലവഴിച്ച 35 ലക്ഷം പാഴായി.

വൈദ്യുതിശ്മശാനം നിർമ്മിക്കുന്നതിന് തമിഴ്നാട് റാണിപ്പെട്ടിലുള്ള സി.ആർ.മൈക്രോടെച്ച് പവർ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡുമായി 1.12.2000 ൽ കരാറിലേർപ്പെട്ടു. 875000 രൂപ മുൻകൂർ നൽകുകയും ചെയ്തു. കരാർ അനുസരിച്ച് 30.4.2001 നു ശ്മശാനത്തിന്റെ പണി പൂർത്തിയാക്കേണ്ടിയിരുന്നതാണ്. സമയബന്ധിതമായി പണി പൂർത്തിയാക്കാൻ കമ്പനി വീഴ്ചവരുത്തി. 2.10.2002 ൽ മാത്രമാണ് പണി പൂർത്തിയാക്കി ട്രയൽ റൺ നടത്തിയത്. 2.1.2003 മുതൽ 27.3.2004 വരെ മാത്രമാണ് ശ്മശാനം പ്രവർത്തനക്ഷമമായിരുന്നത്. ശ്മശാനം പ്രവർത്തിപ്പിച്ചുതുടങ്ങിയ ആദ്യനാളുകളിൽത്തന്നെ അടിക്കടി പ്രവർത്തനം

തകരാറിലായതായും മാസങ്ങളോളം പ്രവർത്തനരഹിതമായി കിടന്നതായും ഫയലിൽ കാണുന്നുണ്ട്. 27.3.2004 ന് ശേഷം ശ്മശാനം പ്രവർത്തിച്ചിട്ടില്ല. കരാർ പ്രകാരം 30.1.2005 വരെ പ്ലാന്റിന്റെ കേടുപാടുകൾ തീർക്കുന്നതിന് കമ്പനിക്ക് ബാധ്യതയുണ്ട്. ഇതു സൂചിപ്പിച്ച് കമ്പനിക്കയച്ച കത്ത് കൈപ്പറ്റാതെ മടങ്ങിവരുകയാണുണ്ടായത്. ശ്മശാനം സ്ഥാപിക്കുന്നതിനായി ആകെ 35,00,000 രൂപ നഗരസഭ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ആദ്യാവസാനം നഗരസഭയുടെ താല്പര്യത്തെ ഹനിച്ചുകൊണ്ട് കരാർ ഏറ്റെടുത്ത കമ്പനിയെ സഹായിക്കുന്ന നിലപാടാണ് അധികൃതർ സ്വീകരിച്ചിട്ടുള്ളത്. നഗരസഭ പദ്ധതിക്ക് ചെലവഴിച്ച ഭീമമായ തുക പാഴായതായാണ് കാണുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.9.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

10. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വൈദ്യുതി ശ്മശാനം വരുന്നതിന് മുൻപ് മൃതദേഹങ്ങൾ മറവ് ചെയ്യുകയായിരുന്നു പതിവെന്നും നാട്ടുകാരുടെ ആവശ്യപ്രകാരമാണ് നഗരസഭ ഒരു വൈദ്യുതി ശ്മശാനം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചതെന്നും 2002 ൽ തമിഴ്നാട്ടിലെ മൈക്രോടെച്ച് എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുകയാണുണ്ടായതെന്നും ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ തന്നെ പരിസരവാസികളിൽ നിന്ന് വലിയ രീതിയിലുള്ള എതിർപ്പുകൾ ഉയരുകയും പിന്നീട് പ്രവൃത്തികൾ പുനരാരംഭിച്ചപ്പോൾ കരാറെടുത്തയാൾ മരണപ്പെടുകയും തുടർന്ന് പാർട്ണറെ കണ്ടെത്തി 2003 ൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തുവെന്നും 2004 മാർച്ച് മാസം മെഷീനുകൾ കേടായതിനെത്തുടർന്ന് പ്രവർത്തനം നിലയ്ക്കുകയാണുണ്ടായതെന്നും നാട്ടുകാരുടെ പ്രതിഷേധത്തെത്തുടർന്ന് മെഷീനുകളുടെ അറ്റകുറ്റപ്പണികൾ പോലും നടത്താൻ സാധിച്ചില്ലെന്നും 28 മൃതദേഹങ്ങളാണ് അവിടെ ദഹിപ്പിച്ചതെന്നും അന്വേഷണത്തിൽ പാർട്ണർ മരണപ്പെട്ടുവെന്നും നിലവിൽ കമ്പനി

പ്രവർത്തിക്കുന്നില്ലെന്നുമാണ് അറിയാൻ സാധിച്ചതെന്നും 2014 ൽ നഗരസഭ പുതിയ ഗ്യാസ് ശ്മശാനം സ്ഥാപിക്കുകയും നിലവിൽ അതിന്റെ പ്രവർത്തനം നടന്നുവരികയാണെന്നും തിരുവല്ല നഗരസഭ സെക്രട്ടറി മറുപടി നൽകി.

11. 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് ഒരു പദ്ധതി നടപ്പാക്കിയിട്ട് അതിന് ഒരു ഫലവുമില്ലാതായി എന്ന് പറയുന്നതിൽ എന്ത് അടിസ്ഥാനമാണുള്ളതെന്ന് സമിതി ആരാഞ്ഞതിന് ടി വിഷയത്തിൽ ടെക്നിക്കൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പരിശോധന നടത്തിയപ്പോൾ മെഷീനിന്റെ പാനൽ നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും കൺസോൾ വയർ മുറിച്ച നിലയിലും ടൈമറുകൾ നശിപ്പിക്കപ്പെട്ടതായും യന്ത്രത്തിന്റെ പലഭാഗങ്ങളും കത്തിപ്പോയിട്ടുള്ളതായുമാണ് കണ്ടെത്തിയിട്ടുള്ളതെന്നും തിരുവല്ല നഗരസഭ സെക്രട്ടറി മറുപടി നൽകി. 2003 മുതൽ 2004 വരെയാണ് പ്രസ്തുത ശ്മശാനം പ്രവർത്തിപ്പിച്ചിരുന്നതെന്നും തുടർന്ന് മെഷീൻ തകരാറിലായെന്നും നാട്ടുകാരുടെ പ്രതിഷേധം കാരണം തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന് നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറ്റകുറ്റപ്പണികൾ നടത്താൻ ശ്രമിച്ചിരുന്നുവെങ്കിലും പ്ലാന്റ് സ്ഥാപിച്ച കമ്പനി ഉടമ മരണപ്പെട്ടുവെന്നും ആ കമ്പനി നിലവിൽ പ്രവർത്തനരഹിതമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇലക്ട്രിക് ശ്മശാനമായതിനാൽ അത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ടെക്നീഷ്യൻമാരെ കണ്ടെത്താൻ സാധിക്കാത്തതിനാൽ 2014 ൽ പുതിയ പ്രോജക്ടിന്റെ ഭാഗമായി ഒരു ഗ്യാസ് ശ്മശാനം സ്ഥാപിക്കുകയും അത് നിലവിൽ പ്രവർത്തിച്ചു വരികയാണെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതി മുൻപാകെ വിശദീകരിച്ചു.

12. കേരളത്തിൽ പലയിടങ്ങളിലും വൈദ്യുതി ശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ അറ്റകുറ്റപണികൾ ചെയ്യുന്നത് സ്ഥാപിച്ച കമ്പനികൾ തന്നെയാണെന്നും അതിനുള്ള വ്യവസ്ഥകളും പ്ലാന്റ് സ്ഥാപിക്കുന്ന അവസരത്തിൽ അവരുമായി ഏർപ്പെടുന്ന കരാറിൽ ഉൾപ്പെടുത്താറുണ്ടെന്നും അക്കാര്യങ്ങൾ പരിശോധിക്കാത്തതിനാലാണ് ഇവിടെ വീഴ്ച സംഭവിച്ചിട്ടുള്ളതെന്നും നിരീക്ഷിച്ച സമിതി ഫയലുകൾ നഗരസഭയുടെ പക്കലുണ്ടോയെന്നും അവ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞതിന് ഫയലുകൾ ലഭ്യമാണെന്നും

ഫയലിലുള്ള കാര്യങ്ങളാണ് സമിതി മുമ്പാകെ ബോധിപ്പിച്ചതെന്നും തിരുവല്ല നഗരസഭ സെക്രട്ടറി മറുപടി നൽകി. തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യം പരിശോധിച്ചിരുന്നെന്നും ഇലക്ട്രിക്ക് ക്രിമറ്റോറിയം അറ്റകുറ്റപണി നടത്തുന്നതിനുള്ള ശ്രമം അന്ന് നടത്തിയിരുന്നുവെന്നും പല ഏജൻസികളുമായി ബന്ധപ്പെട്ടുവെങ്കിലും മറ്റൊരു ഏജൻസിയെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് നഗരസഭ അറിയിച്ചിരിക്കുന്നതെന്നും നാട്ടുകാരുടെ എതിർപ്പും ബഹു. ഹൈക്കോടതിയിൽ കേസും ഉണ്ടായിരുന്നുവെന്നും ക്രിമറ്റോറിയം ഉപയോഗിക്കുന്നത് ശരിയായ രീതിയിലല്ലെന്നും പുക പുറത്തുപോകുന്നുവെന്ന് പരാതികളുണ്ടായിരുന്നുവെന്നും ചെറിയ തോതിൽ അറ്റകുറ്റപണികൾ നടത്തിയെങ്കിലും ശരിയായ രീതിയിൽ അത് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ഒരു വിദഗ്ധനെ കൊണ്ട് പരിശോധിപ്പിച്ച് ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചതെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

13. പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അന്വേഷണം നടത്തിയിട്ടില്ലെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. സാമൂഹിക പഠനമോ വേണ്ടത്ര പരിശോധനകളോ നടത്താതെയാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

14. തുടർന്ന്, വകുപ്പ് അന്വേഷണം നടത്താത്തതിന്റെ കാരണമെന്താണെന്നും നിരുത്തരവാദപരമായി പണം ചെലവഴിച്ചിരിക്കുന്നത് പരിശോധിക്കണമെന്നും വൈദ്യുതി ശ്മശാനം സ്ഥാപിക്കുകയെന്ന ലക്ഷ്യം നല്ലതാണെങ്കിലും അതുപയോഗിക്കാൻ സാധിക്കാത്തതിന് കാരണക്കാരായവരെ കണ്ടെത്തണമെന്നും വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

15. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥനെന്നും അദ്ദേഹം റിട്ടയർ ചെയ്തുവെന്നും തിരുവല്ല നഗരസഭ സെക്രട്ടറി മറുപടി നൽകി.

16. ഇത്രയും വലിയ തുക സംബന്ധിച്ച് ഓഡിറ്റ് പരാമർശം വന്നതിനുശേഷവും എന്തടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് എൻ. എൽ. സി. നൽകിയതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശവിധേയനായ ഉദ്യോഗസ്ഥൻ വിരമിക്കുമ്പോൾ അദ്ദേഹത്തിന്റെ ബാധ്യതകൾ പരിശോധിക്കേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞു ഓഡിറ്റ് പരാമർശ വിധേയനായാൽ എൻ.എൽ.സി. നൽകാൻ പാടില്ലെന്നാണ് നിയമമെന്നും പ്രോജക്ട് നടപ്പാക്കാൻ തീരുമാനിക്കുന്നതിന് മുൻപ് കമ്പനിയുടെ മുൻകാല പ്രവർത്തന പരിചയവും അവർ ചെയ്ത വർക്കുകളെക്കുറിച്ചും വിലയിരുത്തണമായിരുന്നുവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

17. ഓഡിറ്റ് പരാമർശിച്ച വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**18. ഓഡിറ്റ് പരാമർശിച്ച വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കളിക്കളവും അപ്രോച്ച് റോഡും - നിർമ്മാണത്തിൽ നഷ്ടം**

(2001-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-20)

നിർവ്വഹണത്തിലെ അപാകതയാൽ നഗരസഭയുടെ കളിക്കളവും അപ്രോച്ച് റോഡും നിർമ്മാണത്തിൽ 112023 രൂപയുടെ നഷ്ടം.

എസ്.ജെ.എസ്.ആർ.വൈ. ആന്റ് പി.ഡബ്ല്യൂ.ഇ.പി. സ്കീമിലാണ് പദ്ധതി നിർവ്വഹിച്ചത്.

60:40 അനുപാത തൊഴിൽദാനപരിപാടിയായി പദ്ധതി സി.ഡി.എസോ, എ.ഡി.എസോ ഏറ്റെടുക്കാൻ തയ്യാറല്ലെന്ന ഓവർസിയറുടെ ശിപാർശ അനുസരിച്ച്

7.12.2000 ൽ മുനിസിപ്പൽ എഞ്ചിനിയർ ചുമതലയേറ്റെടുത്തു. സി.ഡി.എസോ എ.ഡി.എസോ ഏറ്റെടുക്കാത്ത പക്ഷം നിർമ്മിതി കേന്ദ്രത്തെയോ കോസ്റ്റ്ഫോർഡിനെയോ പ്രവൃത്തി ഏൽപ്പിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകപോലുമുണ്ടായിട്ടില്ല. സാധനങ്ങൾ സംഭരിക്കുന്നതിന് സ്റ്റോർ പർച്ചേസ് നിയമപ്രകാരം മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ പ്രസിദ്ധീകരിക്കുന്നതിന് പകരം ഒരാൾക്ക് സാധനങ്ങളുടെ വിതരണാവകാശം ഉയർന്ന നിരക്കിൽ ഉറപ്പിച്ചു നൽകി. നഗരസഭാ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സാധനങ്ങൾ വിതരണം ചെയ്യുവാൻ കരാർ ഏൽപ്പിച്ച വ്യക്തിക്കുതന്നെ ഈ പ്രവൃത്തിയുടെ വിതരണാവകാശവും നൽകിയത് ഗുരുതരമായ വീഴ്ചയാണ്. 1999-ലെ ഷെഡ്യൂൾ നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിൽ കരാർ ഉറപ്പിച്ച് നൽകിയതിനാൽ പൊതുമുതൽ ദുരുപയോഗം ചെയ്തിരിക്കുന്നു. ഭൂരിഭാഗം ഇനങ്ങൾക്കും അധികനിരക്ക് നൽകിയതു കൂടാതെ റബിൾ, മെറ്റൽ എന്നിവ സംഭരിച്ചതിൽ നിന്നും നിയമാനുസൃതം കുറവു ചെയ്യേണ്ട വോയിഡും കുറവു ചെയ്തതായി കാണുന്നില്ല. അധികനിരക്കിൽ മാത്രം 92292 രൂപയുടെ നഷ്ടമുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.9.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. കളിക്കടവിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിൽ 1,12,023/- രൂപയുടെ നഷ്ടമുണ്ടായിയെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എസ്.ജെ.എസ്.ആർ.വൈ. ആൻഡ് പി.ഡബ്ല്യു.ഇ.പി. സ്കീമിലുള്ള ടി പദ്ധതി സി.ഡി.എസ്./എ.ഡി.എസ്. വഴിയാണ് ചെയ്യേണ്ടിയിരുന്നതെന്നും എന്നാൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളതിനാൽ ദേശീയ തൊഴിൽദാന പദ്ധതി പ്രകാരം 60:40 (മെറ്റീരിയൽ-ലേബർ) അനുപാതം നിലനിർത്തി എഞ്ചിനീയറിംഗ് വിഭാഗം വഴി നിർവ്വഹിക്കുന്നതിനായി വകുപ്പുതലത്തിൽ ബന്ധപ്പെട്ട ഓവർസീയറെ ചുമതലപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കിയതെന്നും നഗരസഭ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സാധനങ്ങൾ വിതരണം ചെയ്യാൻ

ഏർപ്പിച്ചിരുന്ന വ്യക്തിയിൽ നിന്ന് മെറ്റീരിയൽസ് വാങ്ങിയത് ശരിയായില്ലെന്നും 19,731/- രൂപ അധികമായി കരാറുകാരന് നൽകിയെന്നുമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും പ്രസ്തുത തുക കരാറുകാരൻ തിരിച്ചടച്ചിട്ടുണ്ടെന്നും തിരുവല്ല നഗരസഭ സെക്രട്ടറി മറുപടി നൽകി.

20. 1,12,023/- രൂപയാണ് ആകെ നഷ്ടമായി കണക്കാക്കിയിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ നഗരസഭയുടെ കണക്കുപ്രകാരം ചില പ്രവൃത്തികൾ ന്യായമാണെന്നാണ് അറിയിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക കിഴിച്ച് ബാക്കി തുകയായ 19,731 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

21. 92,292 രൂപയുടെ നഷ്ടം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് രണ്ട് തരത്തിലുള്ള നഷ്ടമാണ് വന്നിരിക്കുന്നതെന്നും 19,731 രൂപ അധികനിരക്ക് നൽകിയത് മൂലമുണ്ടായതാണെന്നും ഷെഡ്യൂൾ ഓഫ് റേറ്റിനെ അധികരിച്ച് നിരക്ക് നൽകിയതു മൂലവും റബിൾ, മെറ്റൽ എന്നിവ സംഭരിച്ചതിൽ നിന്നും നിയമാനുസൃതമുള്ള വോയിഡ് കുറവുചെയ്യാത്തതുമൂലവുമാണ് 92,292 രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നതെന്നും തിരുവല്ല ഓഡിറ്റ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

22. പ്രസ്തുത തുക സാധനസാമഗ്രികളുടെ വില വർദ്ധനവുമൂലമുണ്ടായതാണെന്നും പ്രസ്തുത വർദ്ധനവ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണെന്നും തിരുവല്ല നഗരസഭ സെക്രട്ടറി വിശദീകരിച്ചു.

23. കരാറുകാരനുമായി എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന വർദ്ധനവ് അനുവദിക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടോയെന്നും ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ പ്രസ്തുത എഗ്രിമെന്റിൽ പറയുന്ന റേറ്റനുസരിച്ച് വർക്ക് ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനല്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഇത് ടെണ്ടർ നൽകി ചെയ്ത പ്രവൃത്തിയല്ലെന്നും ഡിപ്പാർട്ടുമെന്റലായി ക്വട്ടേഷനിലൂടെ സാധനങ്ങൾ വാങ്ങി ചെയ്തതാണെന്നും അങ്ങനെയുള്ള വർദ്ധനവാണ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

24. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണെന്നും ഫണ്ട് വിനിയോഗത്തിന്റെ നോംസ് നഗരസഭ തെറ്റിച്ചിരിക്കുകയാണെന്നും സ്കീമിന് വിരുദ്ധമായ ഒരു നടപടിക്രമത്തെ സാധൂകരിക്കാൻ ഓഡിറ്റ് വകുപ്പിന് സാധിക്കില്ലെന്നും സർക്കാരിൽ നിന്ന് സാധൂകരണം തേടേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

25. സർക്കാരിൽ സാധൂകരണത്തിന് അപേക്ഷിക്കാൻ നിർദ്ദേശിച്ച സമിതി സാധൂകരണം ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**26. ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള ആകെ നഷ്ടമായ 112023/- രൂപയിൽ കരാറുകാരന് അധികം നൽകിയ 19731/- രൂപ തിരികെ ഒടുക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 92292/ രൂപയുടെ ചെലവ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം നേടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടൂർ നഗരസഭ**

**ശീർഷകം തെറ്റി; പദ്ധതി വിഹിതം 24.6 ലക്ഷം നിയമവിരുദ്ധമായി ക്രമപ്പെടുത്തി**

(2000-01 ജനകീയാസൂത്രണ ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4 എ)

തെറ്റായ ശീർഷകത്തിൽ ലഭിച്ച 24.6 ലക്ഷം രൂപയുടെ പദ്ധതിവിഹിതം നഗരസഭ നിയമവിരുദ്ധമായി സെൽഫ് ചെക്ക് നൽകി ക്രമപ്പെടുത്തി.

ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും 16.8.2002 ലെ 539468 നമ്പർ ചെക്ക് പ്രകാരം 2461250 രൂപ പിൻവലിച്ചിട്ടുണ്ട്. 2000-2001 ലെ 2-ാം ഗഡു പദ്ധതിവിഹിതം തെറ്റായ ശീർഷകത്തിൽ ലഭിച്ചത് ക്രമപ്പെടുത്താൻ ട്രഷറി

ഓഫീസർ ആവശ്യപ്പെട്ട പ്രകാരം സെൽഫ് ചെക്ക് നൽകി തുക പിൻവലിച്ച് അപാകത പരിഹരിച്ചതായിട്ടാണ് വിശദീകരിക്കപ്പെട്ടത്. എന്നാൽ തുക ഏതു ശീർഷകത്തിൽ നിന്നാണോ വരവുവന്നത് അതേ ശീർഷകത്തിലേക്ക് തിരച്ചടച്ചതിന്റെ ചെലാൻ ഹാജരാക്കിയിട്ടില്ല. കൂടാതെ 31.3.2001 ൽ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്ത തുക ക്രമപ്പെടുത്താൻ 31.8.2002 വരെ കാലവിളംബമുണ്ടായതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിന് അധികൃതർക്കായിട്ടില്ല. ഇതിൽ സാമ്പത്തികക്രമക്കേട് നടന്നിട്ടില്ലായെന്ന് ഓഡിറ്റിന് ഉറപ്പാക്കാനായിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. 2000-01-ലെ പദ്ധതി വിഹിതത്തിലെ രണ്ടാം ഗഡു ട്രഷറിയിൽ ഒടുക്കാൻ കാലതാമസം നേരിട്ടതും ആയത് തെറ്റായ ശീർഷകത്തിൽ വരവ് വച്ചതുമായി ബന്ധപ്പെട്ടുമാണ് ഓഡിറ്റ് പരാമർശമെന്നും ടി തുക 2002 ആഗസ്റ്റ് മാസത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതാണെന്നും നിലവിൽ ശരിയായ ശീർഷകത്തിൽ തുക ഒടുക്കി ക്രമപ്പെടുത്തിയതിന്റെ സർട്ടിഫിക്കറ്റ് ട്രഷറിയിൽ നിന്നും വാങ്ങിയിട്ടുണ്ടെന്നും അടൂർ നഗരസഭ സെക്രട്ടറി അറിയിച്ചു.

28. ട്രഷറിയിൽ രണ്ടാമത് തുക ഒടുക്കിയതിന്റെ ചെലാൻ കോപ്പി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**29. ട്രഷറിയിൽ ശരിയായ ശീർഷകത്തിൽ തുക ഒടുക്കിയതിന്റെ ചെലാൻ കോപ്പി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് സ്റ്റാൾ, യാർഡ് നിർമ്മാണത്തിൽ അപാകതകൾ**

(അടൂർ നഗരസഭയുടെ 2000-01, 2001-02 ഓഡിറ്റ്; എൽ.എഫ്.പി.റ്റി.എ.പി. 5/614/05, 05.11.2005 പ്രത്യേക കത്ത്)

ടോൾ മാർക്കറ്റിൽ സ്റ്റാളും യാർഡും നിർമ്മിച്ചതിൽ അപാകതകളും 54178 രൂപയുടെ നഷ്ടവും.

1996 ലെ ഷെഡ്യൂൾ നിരക്കിന് പകരം ജി. ഒ.(പി) 246/97/എൽ.എ.ഡി; 6.11.97 ഉത്തരവ് പ്രകാരം നിലവിൽ വന്ന 1997-98 വർഷത്തേക്ക് മാത്രം ബാധകമായ പ്രാദേശിക നിരക്ക് അനുസരിച്ച് 1.11.96 ൽ ആരംഭിച്ചിട്ടുള്ള പ്രവൃത്തിയുടെ യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം 54176 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1996 ഷെഡ്യൂൾ നിരക്ക് അനുസരിച്ച് തൊഴിലാളികളുടെ വേതനം കണക്കാക്കിയിട്ടുള്ളതെങ്കിലും 1997 നിരക്ക് അനുസരിച്ചാണ് സാധനസാമഗ്രികളുടെ വില കണക്കാക്കിയിരിക്കുന്നത്. അവസാന ബിൽ പ്രകാരം 46618 രൂപ സഹിതം 271618 രൂപ നൽകിയിട്ടുണ്ട്. 1996 ഷെഡ്യൂൾ നിരക്ക് അനുസരിച്ച് 237901 രൂപ മൂല്യം നിശ്ചയിച്ച പ്രവൃത്തിക്ക് നികുതി 20459 രൂപ കിഴിച്ച് 217442 രൂപ മാത്രമേ കരാറുകാരന് അർഹമായിട്ടുള്ളൂ. 54176 രൂപ അധികം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ യഥാർത്ഥഫയൽ നഷ്ടപ്പെട്ടതിനാൽ പുതുതായി തയ്യാറാക്കി സൂക്ഷിച്ചിരുന്ന 61/6227/99 ഫയൽ പരിശോധിച്ചാണ് ഈ വിവരങ്ങൾ ചേർത്തിരിക്കുന്നത്. അധിക നിരക്ക് കൂടാതെ പ്രവൃത്തിക്കാവശ്യമായ സാമഗ്രികൾ സംഭരിച്ചത് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അളവ് ബുക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ ആകെ മൂല്യം 297176 രൂപയിൽ നിരാകരിച്ച 54176 രൂപ കിഴിച്ച് 243000 രൂപ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.10.2).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. 2000-01 കാലയളവിലെ നിർമ്മാണ പ്രവൃത്തിയുടെ ഫയൽ നഗരസഭ ഓഫീസിൽ ലഭ്യമല്ലെന്നും ആയത് കണ്ടെത്തുന്നതിനായി സെർച്ച് നോട്ടീസ് ഇഷ്യൂ ചെയ്തെങ്കിലും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും അടൂർ നഗരസഭ സെക്രട്ടറി അറിയിച്ചു

31. പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 1996-ലെ ഷെഡ്യൂൾ നിരക്കിന് പകരം 1997-98 വർഷത്തേയ്ക്ക് മാത്രം ബാധകമായ നിരക്കനുസരിച്ച് പ്രവൃത്തി ചെയ്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചിട്ടുള്ളതെന്നും നഗരസഭയ്ക്ക് ടി ഫയൽ ഓഡിറ്റ് വകുപ്പിന്റെ പരിശോധനാവേളയിൽ ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. കൂടാതെ 1996-ലെയും 1997-ലെയും ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യാസമില്ലാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

32. നഗരസഭാ കൗൺസിൽ യോഗത്തിലെ മിനിറ്റ്സ് പരിശോധിച്ചില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് മിനിറ്റ്സിൽ തുക അംഗീകരിച്ചുവെന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും ഫയൽ പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സാധിക്കുകയുള്ളുവെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

33. പതിനാറ് വർഷമായിട്ടും ഫയൽ കണ്ടെത്താൻ സാധിക്കാത്ത വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

34. പ്രസ്തുത വിഷയം ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**35. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡിന്റെ ഉദ്ധാരണം: തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ നഷ്ടം**

(2000-01, 2001-02 ഓഡിറ്റ്, എൽ.എഫ്.പി.റ്റി.എ.പി. 5/614/05, 05.11.2005-ലെ പ്രത്യേക കത്ത്)

1.7.99 ന് പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വരുന്നതിന് മുൻപ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 1996 ഷെഡ്യൂൾ നിരക്കനുസരിച്ച് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സർക്കാർ നിർദ്ദേശത്തെ വ്യാഖ്യാനിച്ച് ഓരോ ഇനത്തിലും 25% മുതൽ 40% വരെ വർദ്ധനവ് വരുത്തി പ്രതിഫലം നൽകിയിരിക്കുന്നതിനാൽ 27122 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. 1.11.2000 ലാണ് പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.10.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

36. എസ്റ്റിമേറ്റ് തെറ്റായി തയ്യാറാക്കിയത് കാരണം കരാറുകാരന് 27,122/- രൂപ അധികമായി നൽകിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിനായി നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും തിരിച്ചടച്ചില്ലെന്നും 2019-ൽ കരാറുകാരൻ മരണപ്പെട്ടുവെന്നും അടൂർ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

37. പ്രസ്തുത തുക കരാറുകാരന്റെ വസ്തുവകകളിൽ നിന്നും ഈടാക്കാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് അധികം നൽകിയ തുക കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതാണെന്ന് കാണിച്ച് നോട്ടീസ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും ഒരു പ്രാവശ്യം കൂടി ഓർമ്മക്കുറിപ്പ് അയച്ചതിനുശേഷം മറുപടി ലഭ്യമായില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി കൗൺസിലിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അടൂർ നഗരസഭ സെക്രട്ടറി മറുപടി നൽകി.

38. പ്രസ്തുത പ്രവൃത്തി 1996-97 കാലഘട്ടത്തിൽ ആരംഭിച്ചതാണെന്നും സാധാരണയായി ഒരു പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് കരാറുകാരനിൽ നിന്ന് പെർഫോർമൻസ് സെക്യൂരിറ്റി മുൻകൂറായി വാങ്ങാറുണ്ടെന്നും എന്നാൽ ആ കാലഘട്ടങ്ങളിൽ ഓഡിറ്റ് നടന്നിട്ടില്ലാത്തതിനാൽ, കരാറുകാരൻ പെർഫോർമൻസ് സെക്യൂരിറ്റി പിൻവലിച്ച് ഡിഫക്ട് ലയബിലിറ്റി പീരിയഡ് പൂർത്തിയായ മുറയ്ക്ക് റീട്ടൻഷൻ തുക തിരികെ വാങ്ങിയെന്നും ഓഡിറ്റ് കൃത്യസമയത്ത് നടന്നിരുന്നെങ്കിൽ അധികമായി നൽകിയ തുക പെർഫോർമൻസ് സെക്യൂരിറ്റി വഴി ഈടാക്കാൻ സാധിക്കുമായിരുന്നുവെന്നും റീട്ടൻഷൻ തുക രണ്ട് കൊല്ലം വരെ മാത്രമേ നഗരസഭയുടെ ക്രെഡിറ്റിലുണ്ടാവുകയുള്ളുവെന്നതിനാലാണ് അധികമായി നൽകിയിട്ടുള്ള തുക ഈടാക്കാൻ സാധിക്കില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

39. പ്രസ്തുത വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ആയത് പരിശോധിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**40. ഓഡിറ്റ് പരാമർശിച്ച വിഷയം സംബന്ധിച്ച് എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് പുനരുദ്ധാരണം : സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്തി**

(2000-01, 2001-02 ഓഡിറ്റ്; എൽ.എഫ്.പി.റ്റി.എ.പി. 5/614/05, 05.11.2005-ലെ പ്രത്യേക കത്ത്)

എം.പി. ഫണ്ടിൽ അനുവദിച്ച 3 ലക്ഷം രൂപ ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പ്രവൃത്തി നടത്തിയതും പ്രതിഫലം നൽകിയതും പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയ 1996-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് ആയതിനാൽ 34148/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1.7.99 ൽ പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വരുന്നതുവരെ കരാർ വെച്ച് ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ പുതിയ നിരക്കിലായിരിക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 99-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തി നടത്തിയതും പ്രതിഫലം നൽകിയതും 1996 ലെ ഷെഡ്യൂൾ പ്രകാരം തയ്യാറാക്കിയ (പ്രാദേശിക നിരക്ക് പ്രകാരം) എസ്റ്റിമേറ്റ് പ്രകാരമായതിനാലാണ് 34148 രൂപയുടെ നഷ്ടം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. കരാറുകാരന് 34,148/- രൂപ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് 2009-ൽ കത്ത് നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും വീണ്ടും ഒരു നോട്ടീസും ഓർമ്മക്കുറിപ്പും 2021-ൽ അയച്ചുവെങ്കിലും അതിനും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും അടൂർ നഗരസഭ സെക്രട്ടറി അറിയിച്ചു.

42. 2009-ലെ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാതെ 2021 വരെ നീട്ടിക്കൊണ്ടുപോയതിന്റെ ഉത്തരവാദി ആരാണെന്നും പത്ത് പതിനൊന്ന് വർഷം വരെ ഇതിന്മേൽ യാതൊരു നടപടികളുമുണ്ടായിട്ടില്ലെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം പ്രശ്നങ്ങളുണ്ടെന്നും ഓർമ്മക്കുറിപ്പ് അയച്ചാൽ മറുപടി ലഭ്യമാക്കിയോ എന്നത് പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളതെന്നും പെർഫോർമൻസ് ഓഡിറ്റിൽ ഇത് കണ്ടെത്താൻ സാധിക്കില്ലേയെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് ഇക്കാര്യത്തിൽ ഉത്തരവാദിത്തമൊന്നുമില്ലേയെന്നും സമിതി ആരാഞ്ഞതിന്, മറുപടി ലഭ്യമാക്കിയോയെന്ന് പരിശോധിക്കാൻ പെർഫോർമൻസ് ഓഡിറ്റുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകുകയും ഉത്തരവാദിത്തമുണ്ടെങ്കിൽ അത് നിർവ്വഹിക്കണമെന്ന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

43. ജില്ലാതലത്തിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് എല്ലാ വർഷത്തെയും ഓഡിറ്റ് ഖണ്ഡികകൾ ത്രൈമാസാവലോകനം നടത്തേണ്ടതാണെന്നും എ.ജി.യുടെ ഓഡിറ്റ് പരാമർശം ത്രൈമാസാവലോകനം നടത്താറുണ്ടെന്നും അവലോകനം ചെയ്ത് റിപ്പോർട്ട് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം കൊടുക്കുകയാണെങ്കിൽ ഇത്രയും കാലതാമസമുണ്ടാകില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു

44. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ലെന്നും അത് കൃത്യമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

45. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് ബന്ധപ്പെട്ട ഭരണസമിതി യഥാസമയം മറുപടി നൽകേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ആദ്യം ഇടക്കാല മറുപടി നൽകേണ്ടതും അതുകഴിഞ്ഞ് നിശ്ചിത ദിവസത്തിനുള്ളിൽ അന്തിമ മറുപടി നൽകേണ്ടതുമാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

46. ഓഡിറ്റ് റിപ്പോർട്ട് പോലെ തന്നെ ഓരോ ഓഡിറ്റ് പരാമർശവും ക്ലോസ് ചെയ്യേണ്ട ഉത്തരവാദിത്തവും ഓഡിറ്റ് വകുപ്പിന് തന്നെയാണെന്നും വകുപ്പുകളിൽ നിന്ന് യഥാസമയം മറുപടി ലഭിക്കാറില്ലെന്നും സമിതിയുടെ മീറ്റിംഗ് ഉള്ളതുകൊണ്ടാണ് ഇത്രയെങ്കിലും മറുപടി ലഭിക്കുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

47. സർചാർജ് ഏർപ്പെടുത്തുകയാണെങ്കിൽ അത് ഉദ്യോഗസ്ഥന് മാത്രമാണോ അതോ ഭരണ സമിതിയംഗങ്ങൾക്കും ബാധകമാണോ എന്ന് സമിതി ആരാഞ്ഞതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന് മാത്രമേ സർചാർജ് വരികയുള്ളൂവെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. സെക്രട്ടറി ഒരു പ്രവൃത്തി വേണ്ട എന്ന് തീരുമാനിച്ചതിനുശേഷം ഭരണസമിതി അത് വേണമെന്ന് തീരുമാനമെടുത്താൽ അതിന്റെ ഉത്തരവാദിത്തം ഭരണസമിതിക്ക് വരുമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

48. നിലവിലുള്ള സിസ്റ്റം മുഴുവൻ ഓൺലൈനാക്കി പൊതുജനങ്ങൾക്കുകൂടി കാണാനുള്ള സംവിധാനം കൊണ്ടുവന്നാൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരമുണ്ടാകുകയുള്ളൂവെന്നും ഇപ്പോൾ സഹകരണ ബാങ്കുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള തീരുമാനമായിരിക്കുകയാണെന്നും ഓഡിറ്റ് വകുപ്പിലും അങ്ങനെ ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് വളരെ പഴക്കമുള്ള കേസുകൾക്ക് ഇത് പരിഹാരമാകുന്നില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

49. 1999-ലെ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രവൃത്തി നടത്തിയതും പേയ്മെന്റ് നൽകിയതും 1996-ലെ പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമായതിനാലാണ് 34,148/- രൂപയുടെ നഷ്ടം ഉണ്ടായത് എന്നാണ് ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതെന്നും 1996-ലെ പ്രാദേശിക നിരക്ക് കൂടിയതാണെന്നും അതിനാൽ ഇത് യാദൃശ്ചികമാണെന്ന് കരുതാനാവില്ലെന്നും സമിതി വിലയിരുത്തി.

50. പ്രസ്തുത കാലയളവിൽ രണ്ട് എസ്റ്റിമേറ്റുകൾ ഉണ്ടായിരുന്നുവെന്നും അതിൽ ഒരു വർഷത്തെ എസ്റ്റിമേറ്റ് തുക കൂടുതലായിരുന്നുവെന്നും എല്ലാവർക്കും താൽപര്യമുള്ള എസ്റ്റിമേറ്റ് എന്നുള്ള നിലയിലായിരിക്കും തുക കൂടുതലുള്ള എസ്റ്റിമേറ്റ് എടുത്തതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

51. തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**52. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ നഗരസഭ**

**വഴിവിളക്ക്: വൈദ്യുതോപകരണങ്ങൾ വാങ്ങിയതിൽ ധന ദുർവിനിയോഗം**

(2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-29 (എ,ബി,സി))

നഗരസഭയിൽ നിലവിലുള്ള വഴിവിളക്കുകൾ കത്തിക്കുന്നതിനും പുതിയത് സ്ഥാപിക്കുന്നതിനുമായി വർഷംതോറും ലക്ഷങ്ങൾ ചെലവഴിച്ച് വൈദ്യുതോപകരണങ്ങൾ വാങ്ങുന്നുണ്ട്. സ്റ്റോർ പർച്ചേസ് മാൻവൽ ലംഘിച്ച് ആവശ്യത്തിലധികം വാങ്ങിക്കൂട്ടിയ സാധനങ്ങൾ ഉപയോഗിച്ചതിന് രേഖകളില്ലാത്തതിനാൽ ധനദുർവിനിയോഗം നടന്നിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ കണക്കുപ്രകാരം നഗരത്തിൽ 2515 ഫ്ലൂറസന്റ് ട്യൂബുകൾ സ്ഥാപിച്ചിട്ടുണ്ട്. ട്യൂബിന്റെ ഏറ്റവും കുറഞ്ഞ കത്തുന്നസമയം 3000 മണിക്കൂറെന്ന കണക്കിൽ 1.4.2002 മുതൽ 31.3.2003 വരെ ആവശ്യമായ ട്യൂബിന്റെ എണ്ണം 3570 മാത്രമാണ്. 2002-2003 ലെ വാങ്ങൽ 6/02 ന ശേഷമാകയാൽ യഥാർത്ഥ ഉപയോഗം ഇതിലും കുറവാണ്. എന്നാൽ 8000 ട്യൂബുകൾ നഗരസഭ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 2002-2003 ൽ 4430 ട്യൂബുകൾ അധികം വാങ്ങിയതിന പുറമേ 2003-2004 ൽ വീണ്ടും 44 രൂപ നിരക്കിൽ 5000 ട്യൂബുകൾ വാങ്ങി ദുർവിനിയോഗം ചെയ്തിട്ടുണ്ട്.

നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള 2515 ഫ്ലൂറസന്റ് ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്ക് 2002-2003 മുതൽ 2004-2005 വരെ 40 വാട്ട് കോപ്പർ ചോക്ക് 122 രൂപ പ്രകാരം 10120 എണ്ണവും സ്റ്റാർട്ടർ 6.40 രൂപ പ്രകാരം 10850 എണ്ണവും 4/-രൂപ നിരക്കിൽ ട്യൂബ് ഹോൾഡർ 7490 എണ്ണവും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സോഡിയം വേപ്പർലാമ്പ്, ട്യൂബ് സെറ്റ് എന്നിവ പുതുതായി സ്ഥാപിച്ചതിലും കുറവു കാണുന്നു. 2001-2002, 2002-2003 എന്നീ വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 250 വാട്ടിന്റെ 550 ഉം 150 വാട്ടിന്റെ 350 ഉം (ആകെ 900) ലാമ്പ് വാങ്ങിയതിൽ 8/04 വരെ 585 എണ്ണം മാത്രമേ വൈദ്യുതി ബോർഡിന്റെ കണക്കുപ്രകാരം സ്ഥാപിച്ചിട്ടുള്ളൂ. ഈ കാലത്ത് വാങ്ങിയ 250 ട്യൂബ് സെറ്റിൽ 102 എണ്ണം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ശേഷിച്ച 315 സോഡിയം വേപ്പർലാമ്പുകളുടെയും 148 ട്യൂബ്

സെറ്റുകളുടെയും വിനിയോഗം ലഭ്യമല്ല. ആവശ്യത്തിലധികം വൈദ്യുത സാധനങ്ങൾ വാങ്ങുകയും വാങ്ങിയ സാധനങ്ങൾ ഭൂരിഭാഗം നഗരസഭാ കൗൺസിലർമാർ കൈപ്പറ്റുകയും ശേഷിച്ചവ വൈദ്യുതി ഓഫീസിൽ നൽകുകയും ചെയ്തതിനാൽ നഗരസഭയ്ക്ക് വൻ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. വൈദ്യുതി ബോർഡിന്റെ കണക്കുപ്രകാരം നഗരസഭാ പരിധിയിൽ 2513 ഫ്ലൂറസെന്റ് ട്യൂബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ 2515 എണ്ണം എന്നാണ് ഓഡിറ്റ് പരാമർശത്തിൽ പറയുന്നതെന്നും ഒരു ഫ്ലൂറസെന്റ് ട്യൂബ് കത്തുന്ന പരമാവധി സമയം മൂവായിരം മണിക്കൂർ എന്നത് കണക്കാക്കിയാണ് അങ്ങനെയൊരു നിഗമനത്തിലെത്തിയതെന്നും യഥാർത്ഥത്തിൽ 3570 ട്യൂബുകൾ മാത്രമേ ഒരു വർഷത്തിൽ ആവശ്യമായി വരികയുള്ളുവെന്നും എന്നാൽ നഗരസഭ എണ്ണായിരത്തോളം ട്യൂബുകൾ വാങ്ങിച്ചിട്ടുണ്ടെന്നും അതുവഴി ധനദുർവിനിയോഗം നടത്തിയിട്ടുണ്ടെന്നുമാണ് ഓഡിറ്റ് പരാമർശമെന്നും കാലാവസ്ഥാ വ്യതിയാനവും വോൾട്ടേജ് വ്യതിയാനവും കാരണം ഫ്ലൂറസെന്റ് ട്യൂബിന്റെ പരമാവധി കാലാവധി മൂവായിരം മണിക്കൂറാണെന്ന് കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരുന്നുവെന്നും കൗൺസിൽ തീരുമാനപ്രകാരം കൗൺസിലർമാർ തന്നെ വൈദ്യുതോപകരണങ്ങൾ കൈപ്പറ്റി കെ.എസ്.ഇ.ബി.യ്ക്ക് നൽകുകയും അവർ വഴി അറ്റകുറ്റപ്പണികളും ലൈറ്റും സ്ഥാപിക്കുന്ന സമ്പ്രദായമാണ് അന്ന് ഉണ്ടായിരുന്നതെന്നും വാങ്ങിയ അത്രയും ട്യൂബുകളും പിന്നീടുള്ള വർഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു. ബാക്കി വന്നത് വൈദ്യുതി ബോർഡിന് തന്നെ കൊടുത്ത് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും. എന്നാൽ, ട്യൂബ് സെറ്റുകൾ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത് കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കി

നൽകണമെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി സമിതി മുൻപാകെ അഭ്യർത്ഥിച്ചു

54. നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**55. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡസ്റ്റ്ബിൻ വാങ്ങൽ - ഫയൽ അപൂർണ്ണം**

(ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക 2-39)

നഗരസഭയുടെ 2001-2002 ലെ പദ്ധതിയിൽ കൂടുതൽ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുവാൻ കഴിയുന്നതും ഈടുനിൽക്കുന്നതുമായ കോൺക്രീറ്റ് ഡസ്റ്റ്ബിൻ വാങ്ങുന്നതിന് 3 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ആലപ്പുഴ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ ഇരുമ്പുതകിടുപയോഗിച്ചുള്ള വലുപ്പം കുറഞ്ഞ ഡസ്റ്റ്ബിന്നാണ് 2948/- രൂപ നിരക്കിൽ വാങ്ങിയത്. നിർവ്വഹണഉദ്യോഗസ്ഥനായ സെക്രട്ടറിയ്ക്കു പകരം ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേരിലാണ് ക്വട്ടേഷൻ സ്വീകരിച്ചത്. ക്വട്ടേഷൻ പ്രകാരം വാങ്ങൽ നടത്തി തുക നൽകുവാൻ ഫയൽ സമർപ്പിച്ചപ്പോഴാണ്. പദ്ധതിയിൽ ഉൾപ്പെടുത്താതെ നഗരസഭാ സെക്രട്ടറിയുടെ 14.3.2001 ലെ നോട്ട് പ്രകാരം 2293.20 രൂപനിരക്കിൽ 100 ഡസ്റ്റ്ബിൻ വാങ്ങിയതിന്റെ തുക 229320/- രൂപ അഗ്രോ ഇൻഡസ്ട്രീസിന് നൽകാനുണ്ടെന്നുള്ള വിവരം-അറിയുന്നത്. കൊതുക നശീകരണത്തിന് 99-2000 ൽ തയ്യാറാക്കിയ പദ്ധതി നടപ്പാക്കാതെയിരുന്നതിൻ പ്രകാരം നടത്തിയ പ്രസ്തുത വാങ്ങൽ തുടർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുള്ളതല്ല. ഡസ്റ്റ്ബിൻ വാങ്ങുന്നതിന് സ്ഥാപനവുമായി കരാറൊന്നുമില്ലാത്തതിനാൽ നിരക്ക് സംബന്ധിച്ചോ, വാങ്ങിയ സാധനത്തിന്റെ ഗുണനിലവാരം സംബന്ധിച്ചോ വ്യക്തതയില്ല. 20.6.2001 ൽ കോർപ്പറേഷനിൽ നിന്നും ലഭിച്ച 36 ഡസ്റ്റ്ബിൻ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ

കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 29.9.2001 ലെ മറ്റൊരു ഡെലിവറി നോട്ട് പ്രകാരം 2100/-രൂപ പ്രകാരം 100 ബിൻ നൽകിയ രേഖകളുണ്ടെങ്കിലും ആരും അത് കൈപ്പറ്റിയിട്ടില്ല. അംഗീകാരമില്ലാതെ വാങ്ങിയ 100 ഡസ്റ്റ്ബിന്നിന്റെ 2.10 ലക്ഷം രൂപയും (നികുതി ഒഴികെ) 2948/- രൂപ പ്രകാരമുള്ള വാങ്ങലിന്റെ മുൻകൂർ 70680/- രൂപയും 24.6.2002 ൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയെങ്കിലും ശേഷിച്ച തുക നൽകിയതിന് രേഖയില്ല. ഇത്രയും വാങ്ങലുകളുടെ ഇടപാടുകൾ നിലനിൽക്കുമ്പോഴാണ് 30.3.2004 ൽ വീണ്ടും 100 ഡസ്റ്റ് ബിൻ വാങ്ങുന്നതിനായി 88452/-രൂപ കോർപ്പറേഷന് നൽകുന്നത്. ഈ ഇടപാടുകളിൽ ലഭിച്ച ഡസ്റ്റ്ബിന്നിന്റെ വിവരവും തുക നൽകിയതിന്റെ വിവരവും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ഒരു ഫയലും പൂർണ്ണമല്ലാത്തതിനാലും വിശദമായ അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നഗരസഭ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ് ഡസ്റ്റ്ബിൻ വാങ്ങിയിരുന്നതെന്നും അതുമായി ബന്ധപ്പെട്ട് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ പേരിലാണ് ഇൻവോയിസ് സ്വീകരിച്ചതെന്നും ഡസ്റ്റ്ബിൻ വാങ്ങുന്നതിന് 3 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 2,948/- രൂപ നിരക്കിലുള്ള ഡസ്റ്റ്ബിൻ വാങ്ങുന്നതിനാണ് നഗരസഭ വർക്ക് ഓർഡർ നൽകിയത് എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ പേരിലാണ് ക്വട്ടേഷൻ നടപടി സ്വീകരിച്ചതെന്നും ആ തുക കൈപ്പറ്റിയതായിട്ടോ അവർക്ക് തുക കൊടുത്തതിന്റെ രേഖകൾ പൂർണ്ണമായിട്ടോ ഫയലിൽ ഇല്ലെന്നുള്ളതായിരുന്നു മറ്റൊരു പരാമർശമെന്നും ധനനഷ്ടം സംഭവിച്ചതായി പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും അന്ന് കോൺക്രീറ്റ് ഡസ്റ്റ്ബിൻ വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെന്നും പക്ഷേ

ഇരുമ്പ് തകിട് ഉപയോഗിച്ചുള്ള വലുപ്പം കുറഞ്ഞ ഡസ്റ്റ്ബിൻ വാങ്ങിച്ചു എന്നുള്ളതാണ് മറ്റൊരു ഓഡിറ്റ് പരാമർശമെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി മറുപടി നൽകുകയും ആലപ്പുഴ നഗരസഭ നല്ല രീതിയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിനൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

57. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**58. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ മരാമത്ത് പണികളിലെ അപാകതകൾ**

**നഗരസഭയുടെ മരാമത്ത് പണികളുടെ അപാകതകൾ. വിശദാംശങ്ങൾ:-**

**ഗുണഭോക്തൃ സമിതിയുടെ പേരിൽ രേഖകളുണ്ടാക്കി മരാമത്ത് വേല നിർവഹിച്ചു**

(2002-03 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക:2-46)

നഗരസഭയിലെ പി4-277/01 ഫയൽ പ്രകാരം തിരുമല വാർഡിൽ ഫയർസ്റ്റേഷന് തെക്കുവശം ഉള്ള റോഡിന്റെ വേല നിർവ്വഹിച്ചത് ഗുണഭോക്തൃസമിതിയാണ്. എന്നാൽ താഴെപ്പറയുന്ന കാരണങ്ങളാൽ ഗുണഭോക്തൃ സമിതിയല്ല വേല നിർവഹിച്ചതെന്ന് വ്യക്തമാകുന്നു.

(1) വാർഡ് കൗൺസിലറുടെ ലെറ്റർ ഹെഡ്ഡിൽ 16.2.2001 ൽ ഗുണഭോക്തൃയോഗം ചേരുന്ന നോട്ടീസ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും 18.2.2001 ൽ യോഗം ചേർന്നതിന്റെ ഹാജർ പട്ടികയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

(2) കമ്മിറ്റിയംഗങ്ങളായി കരാർ വെച്ചിട്ടുള്ള 6 പേരിൽ 4 പേരും പൊതുയോഗത്തിൽ പങ്കെടുത്തവരല്ല.

(3) മുൻകൂർ കൈപ്പറ്റുന്നതിനായി കൺവീനർ 22.2.2001 ൽ ഒപ്പിട്ടു നൽകിയ കരാറിന്റെ മുദ്രപത്രം 16.3.2001 ലാണ് വാങ്ങിയിട്ടുള്ളത്.

(4) കൺവീനറുടേയും ചെയർമാന്റേയും ഒപ്പുകൾ വിവിധ സ്ഥലങ്ങളിൽ വിവിധ തരത്തിലാണ്.

(5) വേലയുടെ ഭാഗിക ബിൽ തയ്യാറാക്കിയെന്നും അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയെന്നും 4.2.2002 ൽ അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തെങ്കിലും 8.2.2002 ൽ വേല ആരംഭിച്ചിട്ടില്ലെന്നും കൺവീനർക്ക് നോട്ടീസ് നൽകണമെന്നും ഇതേ എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാഗിക ബില്ലിനുള്ള അളവുകൾ 30.11.2002 ലാണ് രേഖപ്പെടുത്തിയത്.

ഗുണഭോക്തൃ സമിതിയുടെ പേരിൽ രേഖകളുണ്ടാക്കി മരാമത്ത് പണികൾ നടത്തിയത് അന്വേഷിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തിരുമല വാർഡിൽ ഫയർ സ്റ്റേഷന് തെക്കുവശമുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടതായിരുന്നു ഓഡിറ്റ് പരാമർശമെന്നും 16.02.2001-ൽ ഗുണഭോക്തൃ കമ്മിറ്റിയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതെന്നും 16.02.2001-ന് നോട്ടീസ് കൊടുത്ത് 18.02.2001-നാണ് കമ്മിറ്റി കൂടിയതെന്നും കമ്മിറ്റിയംഗങ്ങളായി കരാർ വച്ചിട്ടുള്ള ആറ് പേരിൽ നാല് പേർ ആ കമ്മിറ്റിയിൽ പങ്കെടുത്തിട്ടില്ലായെന്നുള്ളതും കരാർ ചമച്ച മുദ്രപത്രം വാങ്ങിയത് കരാർ തീയതി കഴിഞ്ഞിട്ടാണെന്നുമാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്നും ഡോക്യുമെന്റിൽ കുറച്ച് അപാകതകൾ വന്നിട്ടുണ്ടെന്നും ആ കാലയളവിൽ 250 മീറ്റർ നീളത്തിൽ 2 മീറ്റർ വീതിയുള്ള ഒരു റോഡ് ചെയ്തുസംബന്ധിച്ച് പരാതിയൊന്നും അന്ന് ലഭിച്ചിട്ടില്ലെന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചതെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

60. പ്രസ്തുത റോഡ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്ന സമിതി ചോദ്യത്തിന് അമൃത് പദ്ധതിയിൽ പണി പുന:സ്ഥാപിച്ചിട്ടുണ്ടെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

61. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**62. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരൻ ഏറ്റെടുത്തുനിർവ്വഹിച്ച വേല ഒന്ന്, അളവു പുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യം നിശ്ചയിച്ചതും ഫയൽ പ്രകാരം നിർവ്വഹിച്ചതും മറ്റൊന്ന്**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-48)

നഗരസഭയിലെ 377/03 പദ്ധതി പ്രകാരം ഏറ്റെടുത്ത തത്തംപള്ളി വാർഡിൽ കണ്ണാട്ട് പ്രിന്റേഴ്സ് മുതൽ കിഴക്കോട്ട് എൽ.പി.എസ്. വരെ റോഡ് കോൺക്രീറ്റ് എന്ന വേല മറ്റൊരു സ്ഥലത്ത് നിർവ്വഹിക്കുവാൻ അനുമതി വേണമെന്ന വാർഡ് കൗൺസിലറുടെ ആവശ്യപ്രകാരം " മാംപറമ്പ് റോഡ് -അമ്പാടിയുടെ വീടിന് മുൻവശം മുതൽ കിഴക്കോട്ട്" കോൺക്രീറ്റ് ചെയ്യുന്ന വേല വെസ്റ്റ് കോസ്റ്റ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകി 6.3.2003 ൽ കൗൺസിൽ അംഗീകരിക്കുകയും 27000/-രൂപ മുൻകൂർ നൽകുകയും ചെയ്തു. വേല പൂർത്തിയാക്കി കരാറുകാരൻ ബിൽ തുക കൈപ്പറ്റിയതും അമ്പാടിവീടിന് മുൻവശം റോഡ് കോൺക്രീറ്റ് ചെയ്തതിനാണ്. നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം മൂല്യം കണക്കാക്കിയതും പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയതും നഗരസഭ ഉപേക്ഷിച്ച കണ്ണാട്ട് പ്രിന്റേഴ്സ് മുതൽ കിഴക്കോട്ട് തത്തംപള്ളി എൽ.പി.എസ്. വരെ റോഡ് കോൺക്രീറ്റ് എന്ന വേലയ്ക്കാണ്. അംഗീകരിച്ച പദ്ധതി കൗൺസിലറുടെ താൽപര്യ പ്രകാരം മാറ്റുന്നതും നിർവഹിച്ച വേലയ്ക്കു പകരം മറ്റൊരു റോഡിന്റെ അളവ് രേഖപ്പെടുത്തി തുക നൽകിയതും അന്വേഷിച്ച് നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3:11.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വാർഡ് കൗൺസിലർ 02.02.2003-ൽ ചെയർപേഴ്സണ് കത്ത് കൊടുത്തിട്ടുണ്ടായിരുന്നുവെന്നും പ്രസ്തുത കത്ത് പ്രകാരം മൂന്നാം മാസത്തിൽ തത്തംപള്ളി വാർഡിൽ കണ്ണാട്ട് പ്രിന്റേഴ്സ് മുതൽ കിഴക്കോട്ട് എൽ.പി.എസ്. വരെയുള്ള റോഡ് കോൺക്രീറ്റ് വേല മാറ്റി മറ്റൊരു സ്ഥലമായ മാംപറമ്പ് റോഡിലേയ്ക്ക് നിർവ്വഹിക്കാൻ വേണ്ടി കൗൺസിൽ തീരുമാനം എടുത്തതാണെന്നും പക്ഷേ ഡി.പി.സി.യിൽ കൊടുത്ത പേര് മാറ്റാൻ സാധിക്കാത്തതുകൊണ്ട് മാത്രമാണ് എം.ബുക്കിൽ പഴയപേര് നിലനിർത്തിയതെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി മറുപടി നൽകി.

64. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**65. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകേണ്ട ചെക്ക് മറ്റൊരാൾ കൈപ്പറ്റി**

(ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-60)

നഗരസഭയിൽ ലജനത്ത് വാർഡിൽ "വുഡ്ലാന്റ്സ്" ഹോട്ടലിന് പടിഞ്ഞാറുവശം തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന വേല ഫയൽ പി5-7863/00 പ്രകാരം ഏറ്റെടുത്ത് ഗുണഭോക്തൃസമിതിയാണ് നിർവഹിച്ചിരിക്കുന്നത്. എന്നാൽ 27:3.2000-ൽ 19250/-രൂപ മുൻകൂർ കൈപ്പറ്റിയിരിക്കുന്നത് സമിതി കൺവീനറല്ല. 67553/- രൂപ മൂല്യം കണക്കാക്കിയ വേലയുടെ എം.ബുക്കിൽ കൺവീനർ, നഗരസഭാ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർ ഒപ്പിട്ടിട്ടില്ല. സെക്രട്ടറി ഒപ്പിടാത്ത മരാമത്ത് ബിൽ പ്രകാരം കൺവീനർക്ക് 31.3.2003 ൽ അനുവദിച്ച 48303/- രൂപ കൈപ്പറ്റിയിരിക്കുന്നത് വാർഡ് കൗൺസിലറുടെ കത്തുമായി വന്ന ഗുണഭോക്തൃസമിതിയിൽ അംഗമല്ലാത്ത

ഒരാളാണ്. ആയതിനാൽ 67553/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. നഗരസഭാ രേഖകളിൽ ആരുടെയെങ്കിലും ഒപ്പ് പതിച്ച് തുക ദുർവിനിയോഗം ചെയ്തത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

66. പ്രസ്തുത പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**67. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യാജരേഖ ചമച്ച് പദ്ധതി പണം അപഹരിച്ചു**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-62)

ചാത്തനാട് വാർഡിലെ റോഡ് ടാറിംഗ് ടെൻഡർ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയെങ്കിലും 26.2.2003 ൽ റീ ടെൻഡർ ചെയ്യാൻ നിർദ്ദേശിച്ച ഫിനിക്സ് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ 0.01% കുറവ് ടെൻഡർ അംഗീകരിച്ച് 12.12.2003 ൽ വാങ്ങിയ മുദ്രപത്രത്തിൽ 8.12.2003 ൽ കരാർ വച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബില്ലിൽ കോൺക്രീറ്റ്, മെറ്റലിംഗ്, ടാറിംഗ് സംബന്ധിച്ച വിവരങ്ങളില്ല, അളവുപുസ്തക വിവരവും ഡിപ്പാർട്ടുമെന്റലായി നൽകിയ ടാറിന്റെ വിവരവും ഉൾപ്പെടുത്തിയിട്ടില്ല സ്റ്റോക്ക് ചെയ്ത മെറ്റലിന്റെ വിവരം സി.റ്റി.ഇ.യ്ക്ക് അറിയിച്ചില്ല എന്നീ കാരണങ്ങളാൽ നഗരസഭാ എഞ്ചിനീയർ മടക്കി അയച്ചു. അളവുകൾ എം.ബുക്ക് 5/93 പേജ് 75-80 വരെ രേഖപ്പെടുത്തിയിട്ടുണ്ടെന്നും വേലയ്ക്ക് ടാർ നഗരസഭയിൽ നിന്നും

നൽകിയിട്ടില്ലെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ വേലയുടെ മൂല്യം 1,16,725/- രൂപ നിശ്ചയിച്ച് 1,10,171/-രൂപ സെക്രട്ടറിയ്ക്ക് നൽകി. എല്ലാ മരാമത്ത് നിയമങ്ങളും ലംഘിച്ചാണ് തുക നൽകിയത്. കരാറുകാരൻ കോമേഴ്സ്യൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 13.20 രൂപ നിരക്കിൽ 1872 കി.ഗ്രാം. ടാർ വാങ്ങിയതിന് നഗരസഭ 24710/- രൂപ നൽകി. കമ്പ്യൂട്ടറിൽ അച്ചടിച്ച ബില്ലിൽ ടാർ ആർക്കു നൽകിയെന്നും നികുതി എത്രയെന്നും രേഖപ്പെടുത്തിയിട്ടില്ല 14.9.82 ലെ 37447/ധന.സി1/82 കത്ത് പ്രകാരവും 28.7.77 സി ഈ ഡബ്ല്യൂ 4/4630/74 ടെക്നിക്കൽ സർക്കലർ പ്രകാരവും 50 ക്യൂ.മീറ്ററിലധികം നിർമ്മാണ സാമഗ്രികൾ സ്റ്റോക്ക് ചെയ്താൽ വിവരം സി.റ്റി.ഇ.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ 62.25 ക്യൂ.മീ.മെറ്റൽ ഉപയോഗിച്ച വേലയ്ക്ക് പാലിച്ചിട്ടില്ല. ക്രമക്കേടിന് പരിഹാരമായി ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ അളവ് 50 ക്യൂ.മീ. ആയി ചുരുക്കുകയും അതിന് ആനുപാതികമായി മെറ്റലിംഗ് സ്ഥലം 500 എം.2 ആക്കിയും ടാറിംഗിന്റെ സ്ഥലം ചുരുക്കിയും തുക നൽകി. നഗരസഭ ഏറ്റെടുത്ത വേലകൾക്ക് ആവശ്യമായ ടാർ പദ്ധതിവിഹിതം ചെലവഴിച്ച് നഗരസഭ വാങ്ങിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് വാങ്ങിയ ടാറിന്റെ വില ഏതു ഫണ്ടിൽ നിന്നും ചിലവഴിച്ചുവെന്ന് വ്യക്തമല്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി പദ്ധതി പണം ദുർവിനിയോഗം ചെയ്തത് അന്വേഷണവിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

68. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചമ്പക്കുളം വാർഡിലെ റോഡ് ടാറിംഗുമായി ബന്ധപ്പെട്ട വിഷയമാണെന്നും ഫിനിക്സ് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ 0.01 ശതമാനം കുറവ് ടെണ്ടർ അംഗീകരിച്ച് കൗൺസിൽ തീരുമാനം എടുത്തിരുന്നതാണെന്നും എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബില്ല് നഗരസഭാ എഞ്ചിനീയർക്ക് കൊടുത്തപ്പോൾ ടാറിംഗ് സംബന്ധിച്ച വിവരങ്ങളും അളവു പുസ്തകവിവരവും മറ്റും

രേഖപ്പെടുത്തിയിട്ടില്ലെന്ന കാരണത്താൽ ബില്ല് തിരിച്ചയച്ചുവെന്നും പിന്നീട് അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇത് നൽകാവുന്നതാണെന്നുമുള്ള ശിപാർശയിന്മേലാണ് അന്നത്തെ നഗരസഭാ എഞ്ചിനീയർ ബില്ല് നല്കിയിട്ടുള്ളതെന്നും ടാർ കരാറുകാരൻ നേരിട്ട് വാങ്ങിയതാണെന്നും കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ ആർക്കാണ് നൽകിയതെന്നും അതിന്റെ നികുതി സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലെന്നും പ്രതിഫലത്തിനായി ഫയൽ വന്നപ്പോൾ വിശദാംശങ്ങളൊന്നുമില്ലെന്ന് പറഞ്ഞ് തിരിച്ചയച്ചുവെന്നും അതിനു ശേഷം വിവരങ്ങൾ എം. ബുക്കിൽ ചേർത്തുതന്നെയാണ് റിപ്പോർട്ട് കൊടുത്തതെന്നും 2002-03 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ എല്ലാം വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി മറുപടി നൽകി.

69. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**70. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഒരേ റോഡിൽ രണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ:- പദ്ധതി വിഹിതം ദുർവിനിയോഗം ചെയ്തു.**

2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-68

നഗരസഭയിലെ പവർഹൗസ് വാർഡിൽ ചാത്തനാട് വടക്ക് പടിഞ്ഞാറ് കുട്ടൻപറമ്പ് റോഡ് കോൺക്രീറ്റ് (ഫയൽ പി4-282/01), കുട്ടൻപറമ്പ് റോഡിൽ കാന നിർമ്മാണം (ഫയൽ പി4-247/04) എന്നിവ 2000-2001 പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി ഏറ്റെടുത്തു. 17.12.2000 ൽ ഗുണഭോക്തൃസമിതിയോഗം ചേർന്നെങ്കിലും പങ്കെടുത്തവരാരും ഒപ്പിട്ടിട്ടില്ല. 95 മീറ്റർ നീളം 2.5 മീറ്റർ വീതിയിൽ റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുകയും 50x2.5 മീറ്റർ

വീതിയിൽ മണ്ണിട്ടുയർത്തുന്നതുമായ പി4-282-01 ഫയലിൽ 90 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്ന വേലയാണ് പി4-247/01 പ്രകാരമുള്ളത്. മൺപണി പൂർത്തിയായപ്പോൾ റോഡിന് കൂടുതൽ വീതി ലഭിച്ചതിനാൽ കോൺക്രീറ്റ് യോഗ്യമല്ലെന്നും മെറ്റലിംഗ് നടത്തുന്നതാണ് നല്ലതെന്നും എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത് മെറ്റലിംഗ് നടത്തി. വേലയ്ക്ക് 82542/- രൂപയുടെ മൂല്യം നിശ്ചയിച്ച് തുക നൽകുകയും ചെയ്തു. രണ്ടാം വേലയിലെ ഓട നിർമ്മാണം മാറ്റി മണ്ണിട്ടുയർത്തൽ നിർവഹിച്ചത് റോഡിന് വീതിയില്ലെന്ന കാരണത്താലാണ്. ഒരിഞ്ച് സ്ഥലം പോലും വിട്ടുകിട്ടിയതിന്റെ രേഖ ഫയലിലില്ല. മാത്രമല്ല റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നത് ഫ്ലഡ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ 4.12.2001 ലെ റിപ്പോർട്ടിലുണ്ട്. ആദ്യവേലയ്ക്ക് മുൻകൂർ പറ്റി വേല നിർവഹിച്ച കൺവീനറാണ് രണ്ടാം വേലയ്ക്ക് മുൻകൂർ പറ്റിയ കൺവീനർക്കു പകരം എഗ്രിമെന്റ് ഷെഡ്യൂൾ ഒപ്പിട്ടിട്ടുള്ളത്.

റോഡ് ഉയർത്തുന്നതിന് പ്രാരംഭ ലെവലും മണ്ണിന്റെ അളവും മണ്ണിട്ടുയർത്തിയ അളവും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവുകൾ സി.റ്റി.ഇ.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. റോഡ് നിർമ്മാണത്തിന്റെ ഫയൽ പ്രകാരം റോഡ് മെറ്റൽ സ്റ്റോക്ക് ചെയ്ത വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി സി.റ്റി.ഇ.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അളവുകൾ തമ്മിൽ പൊരുത്തമില്ല. 225 ക്യു.മീ. മണ്ണിട്ട് റോഡിന്റെ താഴ്ന്ന ഭാഗം ഉയർത്തിയത് ഇടിച്ചുറപ്പിക്കുകയോ റോളർ ഉപയോഗിച്ച് ഉറപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ സെക്ഷൻ 4-5 നിർദ്ദേശിച്ച 20% കുറവുവരുത്തിയേ തുക നൽകുവാൻ പാടുള്ളൂ. അതിനാൽ 45 ക്യു.മീ. മണ്ണിന് 296.78 എം3 നിരക്കിൽ 13,355/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

കുട്ടൻപറമ്പ് റോഡിന്റെ നിർമ്മാണത്തിന്റെ പൂർണ്ണ അളവ് 13.5.2002 ൽ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് (സെക്ഷനിംഗ് ലെവലിംഗ് എന്നീ ജോലികൾക്ക്) 1.6.2002 ൽ ജോലിക്കാരെ നിയോഗിച്ചതായി മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുമുണ്ട്. വിവിധതരം ഫണ്ടുപയോഗിച്ച് ഒരേസ്ഥലത്ത് വിവിധ വേലകൾ ഏറ്റെടുക്കുകയും ബിനാമി കരാറുകാർ മുഖേന അവർക്ക്

ടാഭമുണ്ടാകുംവിധം വേല നിർവഹിക്കുകയും ചെയ്തതായി വ്യക്തമാകുന്നതിനാൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു)

71. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച ഫയൽ ലഭ്യമല്ലെന്നും കുട്ടൻപറമ്പ് റോഡ് കോൺക്രീറ്റ്, കാന നിർമ്മാണം തുടങ്ങി രണ്ട് വർക്കുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നുവെന്നും റോഡ് മണ്ണിട്ട് ഉയർത്തിയതിന് ശേഷം കോൺക്രീറ്റ് ചെയ്യണമെന്നുള്ളതായിരുന്നു ആദ്യത്തെ പദ്ധതിയെന്നും പക്ഷേ റോഡ് മണ്ണിട്ട് ഉയർത്തിയതിന് വീതി കൂടുതലായതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതുപ്രകാരം റോഡ് ടാർ ചെയ്തുവെന്നും അപ്രകാരം ഒരേ റോഡിൽ രണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും അതേ കാലയളവിൽ തന്നെ കുട്ടൻപറമ്പ് റോഡിൽ കാന നിർമ്മാണത്തിനുള്ള ഒരു പ്രോജക്ടുണ്ടായിരുന്നുവെന്നും റോഡിന് വീതി ഇല്ലാത്തതിനാൽ കാന നിർമ്മാണം ഒഴിവാക്കി റോഡ് മണ്ണിട്ട് ഉയർത്താമെന്നായിരുന്നു അന്നത്തെ തീരുമാനമെന്നും അത് ഫ്ളഡ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള ഒരു പരാമർശവും ഒരേ വേലയ്ക്ക് പല ഫണ്ടുകൾ ഉപയോഗിച്ച എന്നുള്ള മറ്റൊരു പരാമർശവുമുണ്ടായിരുന്നുവെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ലെന്നും ഇതിന്റെ വിവരങ്ങൾ അറിയുന്നതിനായി പെർഫോമൻസ് ഓഡിറ്റ് ഓഫീസുമായി ബന്ധപ്പെട്ടിട്ടും അവരുടെ അഡ്രസ്സോ മറ്റു കാര്യങ്ങളോ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്നും സെബാസ്റ്റ്യൻ, മാത്യു എന്നിവരാണ് ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി മറുപടി നൽകി.

72. രണ്ട് വർക്കിനുംകൂടി മൊത്തം എത്ര രൂപയാണ് ചെലവഴിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് 82,542/- രൂപയാണ് റോഡ് നിർമ്മാണത്തിനായി

ചെലവഴിച്ചതെന്നും 13,355/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നുള്ളതാണ് പരാമർശമെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി മറുപടി നൽകി.

73. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച സമിതി റിപ്പോർട്ട് പരിശോധിച്ചതിനശേഷം തുടർനടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**74. പ്രസ്തുത പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റി പണിതുടങ്ങാത്ത കൺവീനർമാർക്കെതിരെ നടപടി സ്വീകരിച്ചില്ല**

2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2 -75

നഗരസഭയിലെ പി4-37103/04 ഫയൽ പ്രകാരം മുൻകൂർ തുക കൈപ്പറ്റിയശേഷം വേല ആരംഭിക്കാതിരുന്ന 13 കൺവീനർമാർക്കെതിരെ 210375/- രൂപയും പലിശയിനത്തിൽ 144067/-രൂപയും ഉൾപ്പെടെ 354443/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറിക്ക് ജില്ലാ കളക്ടർക്ക് അയയ്ക്കുകയുണ്ടായി. റവന്യൂ (എച്ച്) വകുപ്പ് സെക്രട്ടറിയുടെ 12.7.04 ലെ 1709/എച്ച്.3/2004 കത്തുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ റവന്യൂ റിക്കവറി ആക്ടിന്റെ 71-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിനാൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം തുക ഈടാക്കുവാൻ നഗരസഭയ്ക്ക് നിർദ്ദേശം ലഭിച്ചു. എന്നാൽ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

മുൻകൂർ തുക കൈപ്പറ്റുമ്പോൾ കൺവീനർ ഉടമ്പടി വയ്ക്കാതിരിക്കുക, ഉടമ്പടിയിൽ ഒപ്പിടാതിരിക്കുക, എഗ്രിമെന്റ് ഷെഡ്യൂളിൽ ഒപ്പിടാതിരിക്കുക, ഗുണഭോക്തൃസമിതി കരാർ വയ്ക്കാതിരിക്കുക, കൃത്യമായ മേൽവിലാസം ഇല്ലാതിരിക്കുക, വർഷങ്ങൾക്ക് ശേഷവും തുക ഈടാക്കുവാൻ നോട്ടീസ് പോലും

നൽകാതിരിക്കുക തുടങ്ങിയ ഗുരുതരമായ വീഴ്ചകൾ നഗരസഭയുടെ ഭാഗത്തുള്ളതിനാൽ കൺവീനർമാരിൽ നിന്നും തുക ഈടാക്കാൻ കഴിയാതെ വന്നാൽ പലിശ സഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം പണി തുടങ്ങാതിരുന്ന പതിമൂന്ന് കൺവീനർമാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയിൽ നിന്നും കത്തും മറ്റുവിവരങ്ങളും കളക്ടർക്ക് നൽകിയിരുന്നുവെന്നും എന്നാൽ അത് റവന്യൂ വകുപ്പ് വഴിയല്ല സ്വീകരിക്കേണ്ടതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട് ചെയ്യണമെന്നാണ് നഗരസഭയ്ക്ക് ലഭിച്ച മറുപടിയെന്നും അതുമായി ബന്ധപ്പെട്ട് പിന്നീട് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം നഗരസഭയിൽ ലഭ്യമല്ലെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി മറുപടി നൽകി.

76. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച സമിതി, റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**77. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോട്ടയം നഗരസഭ**

**ക്വട്ടേഷനില്ല: അധികവിലയ്ക്ക് സാധനങ്ങൾ വാങ്ങി**

2001 -2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 29

ക്വട്ടേഷൻ സമർപ്പിക്കാത്ത കമ്പനിയിൽ നിന്നും അധികവില നൽകി നഗരസഭ സാധനങ്ങൾ വാങ്ങി.

ഡബിൾ ട്യൂബ്ലൈറ്റ് ഫിക്സ്ചറുകൾ 320 എണ്ണം (ട്യൂബുൾപ്പെടെ) വാങ്ങുവാൻ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം 3 ക്വട്ടേഷൻ ലഭിക്കുകയുണ്ടായി. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടൈ ടെക്കോ ഇൻഡസ്ട്രീസ് പെരുമ്പാവൂരിനോട് സാമ്പിൾ ആവശ്യപ്പെടുകയും നിരക്ക കുറയ്ക്കാൻ സാധിക്കുമോ എന്നാരാഞ്ഞ് കത്തയയ്ക്കുകയും ചെയ്തെങ്കിലും നിരക്ക് കുറയ്ക്കാൻ സാധ്യമല്ലെന്ന് സ്ഥാപനം അറിയിച്ചതിനെത്തുടർന്ന് കമ്പനിയുടെ തന്നെ ഓഫർ അംഗീകരിക്കുവാൻ ക്രോപ്പണിന്റെ സാധനങ്ങൾക്ക് സപ്ലൈ ഓർഡർ നൽകുവാൻ നഗരസഭ തീരുമാനിക്കുകയുണ്ടായി. (തീരുമാനം 11/15-1-2000). 11.2.2000 ലെ കൗൺസിലിലേയ്ക്കുള്ള അജണ്ടയിൽ ടൈ ടെക്കോ ഇൻഡസ്ട്രീസ്, ക്രോപ്പണിന്റെയോ മൈസൂർ ലാംപിന്റെയോ ട്യൂബും ഫിക്സ്ചർ മാക്സ് ബോർഡിന്റേതുമാണ് ക്വട്ടേഷനിൽ കാണിച്ചിരിക്കുന്നത് എന്ന വിവരം ഉൾപ്പെടുത്തി. അതിൻ പ്രകാരം കൗൺസിൽ മൈസൂർ ലാംപ് കമ്പനിയിൽ നിന്നും നേരിട്ട് ടി ഇനങ്ങൾ വാങ്ങുവാൻ തീരുമാനിച്ചു. മൈസൂർ ലാംപ് കമ്പനി ഒരു സെറ്റിന് 1200 രൂപ നിരക്കിൽ 20.7.2000 ന് സാധനങ്ങൾ സപ്ലൈ ചെയ്തു. സാധനങ്ങൾ സപ്ലൈ ചെയ്തതിനുശേഷം മാത്രമാണ് ടി ചെലവിനുള്ള ഭരണാനുമതിയും നിരക്കിനുള്ള കൗൺസിൽ അനുമതിയും വാങ്ങിയിരിക്കുന്നത്. (തീരുമാനം 3/7.9.00) ഐ.എസ്.ഐ. മാർക്കുള്ള ടൈ ടെക്കോ ഇൻഡസ്ട്രീസ് പെരുമ്പാവൂരിന്റെ കുറഞ്ഞനിരക്കിലുള്ള (925/-രൂപ) ക്വട്ടേഷൻ സ്വീകരിക്കാതെ ക്വട്ടേഷൻ പോലും സമർപ്പിക്കാത്ത കൂടിയ നിരക്കിലുള്ള (1200 രൂപ) മൈസൂർ ലാമ്പ് കമ്പനിയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിൽ 88000 രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു. ടി തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.13.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശപ്രകാരം 88000/- രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്നും മുൻ നഗരസഭാ ചെയർമാൻ കെ.അയ്യപ്പൻ പിള്ള, മുൻ നഗരസഭാ സെക്രട്ടറി എസ്. സുദർശനൻ തുടങ്ങിയവരാണ് പരാമർശവിധേയരെന്നും സെക്രട്ടറിയായ

എസ്. സുദർശനന്റെ പേരിലുള്ള സർചാർജ്ജ് നോട്ടീസിന്റെ കോപ്പി അയച്ചുകൊടുത്തെങ്കിലും തുടർന്നുള്ള അന്വേഷണത്തിൽ രണ്ട് പേരും മരണപ്പെട്ടതായാണ് അറിയാൻ സാധിച്ചതെന്നും കോട്ടയം നഗരസഭ സെക്രട്ടറി മറുപടി നൽകി.

79. ഇതുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**80. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്ഥലം മണ്ണിട്ടുയർത്തുന്നതിന് അധികനിരക്ക്**

2003-2004 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 13

കോടിമതയിൽ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം മണ്ണിട്ടുയർത്തുന്നതിന് അധികനിരക്ക് നൽകിയതിനാൽ നഗരസഭയ്ക്ക് 135134 രൂപയുടെ നഷ്ടം.

പണിയുടെ എസ്റ്റിമേറ്റിലെ ഒന്നാം ഇനം മണ്ണടിക്കലിന് ഘനമീറ്ററിന് നൽകാവുന്ന നിരക്ക് 91.70 രൂപ മാത്രമായിരുന്നു. എന്നാൽ 111 രൂപ നൽകി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 414/86 ലെ 13584/എഫ്.റ്റി. ഡബ്ല്യു.-സി1/86 സർക്കുലർ പ്രകാരം കരാറുകാരന്റെ മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് സ്റ്റാൻഡേർഡ് ഡാറ്റ ബുക്ക് 58, 59 അനുസരിച്ച് ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യാതെ മേൽ പ്രവൃത്തിയിൽ 9000 എം3 മണ്ണ് ഫില്ല് ചെയ്യുന്നതിന് ഘനമീറ്ററിന് 111 രൂപ നിരക്കിൽ തുക നൽകിയിരിക്കുന്നു.

ഈ ഇനത്തിൽ അധികം നൽകിയ 135134 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതായും കാണുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.13.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

81. പ്രസ്തുത പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**82. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചങ്ങനാശ്ശേരി നഗരസഭ**

**കാര്യക്ഷമതയില്ല; തനത് വരുമാനം ലക്ഷങ്ങൾ ചോരുന്നു**

2001 - 2002, ഡി.സി.ബി. ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 2-14, 2-15, 2-18, 2-27, 2001-2002 ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 19

നികുതികൾ, ലേലം, വാടക എന്നിവ കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ട് ലക്ഷങ്ങൾ ചോരുന്നു.

2001-2002 ഡി.സി.ബി ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ;

1. 2001-02 ൽ 18 സ്ഥാപനങ്ങളുടെ ഒരു അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയില്ല. 161846 രൂപ നഷ്ടമായി.

2. നഗരാതിർത്തിയിലെ 21 സ്ഥാപനങ്ങളിൽ നിന്നും 2001-2002 ലെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതിനാൽ നഷ്ടം എത്രയെന്ന് നിർണയിക്കാനാവുന്നില്ല.

3. നഗരസഭാ കെട്ടിടങ്ങളുടെ വാടക യഥാസമയം ഈടാക്കുന്നില്ല. 2001-02 അവസാനം വാടക കുടിശിക 466257 രൂപയാണ്. പിഴപലിശ കൂടി കണക്കാക്കുമ്പോൾ നഷ്ടം അധികരിക്കും.

4. തനത് വരവിലെ മറ്റൊരു പ്രധാന ഇനമായ ലേലതുകകൾ കുറഞ്ഞ് വരുന്നതായി കാണുന്നു. മുനിസിപ്പൽ ബസ്സ്റ്റാന്റുകൾ, ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ എന്നിവ

2000-01 ൽ 225000 രൂപ, 65700 രൂപ എന്നീ ക്രമത്തിലാണ് ലേലം കൊണ്ടത്. എന്നാൽ 2001-02 ൽ യഥാക്രമം 20000 രൂപ, 10000 രൂപ കുറച്ചാണ് ലേലം ഉറപ്പിച്ചത്.

5. മുൻസിപ്പൽ നിയമം ഉറന്നിട്ടുന്ന വരുമാന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനും നഗരസഭക്ക് വിമുഖതയുള്ളതായി കാണുന്നു. ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കരുതെന്ന് കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 311 വ്യക്തമാക്കുന്നുണ്ട്. എന്നാൽ രജിസ്റ്റർ ചെയ്യാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.14.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2001-02 കാലഘട്ടത്തിൽ തൊഴിൽ നികുതി ഇനത്തിൽ 1,61,846/- രൂപയുടെ നഷ്ടം വന്നിരുന്നു എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും അതിനുശേഷം വർഷങ്ങളായി തൊഴിൽ നികുതി 90 ശതമാനത്തിന് മുകളിൽ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടെന്നും ധാരാളം സ്ഥാപനങ്ങൾ നിർത്തിപ്പോയതുകൊണ്ടാണ് വരുമാന ചോർച്ച ഉണ്ടായതെന്നും മറുപടി നൽകിയ ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി പ്രസ്തുത പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചു.

84. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**85. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇടുക്കി ജില്ല**

**തൊടുപുഴ നഗരസഭ**

**കുടിവെള്ള വിതരണം : സ്റ്റാംപ് ഡ്യൂട്ടിയിൽ നിന്ന് 12.3 ലക്ഷം അധികം ഈടാക്കി**

2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-3

നഗരസഭയുടെ ജലവിതരണ പൊതുടാപ്പുകൾക്കുള്ള മെയിന്റനൻസ് ചാർജിനത്തിൽ അധിക തുക സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഈടാക്കിയതിനാൽ 12.30 ലക്ഷം കുറവ്.

430 തെരുവ് ടാപ്പുകൾക്ക് ടാപ്പ് ഒന്നിന് 2628 രൂപ വാർഷിക നിരക്ക് നിശ്ചയിച്ച് ഒരു മാസത്തെ വെള്ളക്കരം ഡിമാന്റ് 94170 രൂപയായി ജല അതോറിറ്റി നിജപ്പെടുത്തിയത് ഒടുക്കി വരുന്നുണ്ട്. 31.03.2000 ൽ ഒടുക്കാൻ ബാക്കിയുണ്ടായിരുന്ന 211806 രൂപയും 2000-2001 ൽ 1130040 രൂപ ഒടുക്കേണ്ടതും ചേർത്ത് ആകെ 1341846 രൂപയുടെ ഡിമാന്റുണ്ടായിരുന്നപ്പോൾ 1123689 രൂപ ഒടുക്കുകയും കൂടാതെ 438121 രൂപ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതും ആയതിനാൽ 219964 രൂപ അധികമായി ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 219964 രൂപ 2.2.2002 ൽ ഒടുക്കാൻ ജല അതോറിറ്റി വീണ്ടും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 2001-2002 ലും 2002-03 ലും തെറ്റ് തുടരുകയും നഗരസഭ ഒടുക്കേണ്ടാത്ത തുക ഡ്യൂട്ടിയിൽ നിന്ന് ഈടാക്കിയിട്ടുള്ളതായും കാണുന്നു. ഇത്തരത്തിൽ 31.03.2002 ൽ നഗരസഭ 1230434 രൂപ ജല അതോറിറ്റിയിൽ അധികമായി ഒടുക്കിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.15.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

86. നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് കിട്ടിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം വാട്ടർ അതോറിറ്റിയിലേയ്ക്ക് മുനിസിപ്പാലിറ്റി അടയ്ക്കേണ്ട തുക അഡ്ജസ്റ്റ് ചെയ്തതായി കാണുന്നുവെന്നും 2007-ൽ വാട്ടർ അതോറിറ്റിക്ക് കിട്ടിയിട്ടുള്ള

സ്റ്റേറ്റ്മെന്റ് പ്രകാരവും മുനിസിപ്പാലിറ്റിയിൽ നിന്നും ഈടാക്കിയ അതേ തുക തന്നെയാണ് അഡ്ജസ്റ്റ് ചെയ്തതായി കാണുന്നതെന്നും നിലവിൽ നഗരസഭയ്ക്ക് വാട്ടർചാർജ്ജ് ഇനത്തിൽ കുടിശ്ശികയില്ലെന്നും ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നും അറിയിച്ച തൊടുപുഴ നഗരസഭാ സെക്രട്ടറി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു

87. കൗൺസിലർ അറിഞ്ഞിട്ടാണോ റിപ്പോർട്ട് അയച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് കൗൺസിലറുടെ അംഗീകാരത്തോടുകൂടിയാണ് റിപ്പോർട്ട് അയച്ചിട്ടുള്ളതെന്ന് തൊടുപുഴ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

88. കുറേ കണക്കുകൾ നൽകിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഒരു സ്ഥിരീകരണം ലഭിച്ചിട്ടില്ലെന്നും ഇനിയും തുക നൽകാനുണ്ടെന്നാണ് കത്തിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും റിപ്പോർട്ട് ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ടെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

89. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയതിനുശേഷം അന്തിമ തീരുമാനമെടുക്കാമെന്ന് തീരുമാനിച്ചു

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**90. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോട്ടയം ജില്ല**

**കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

**അംഗീകാരമില്ലാത്ത എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് വകമാറ്റി അരി മുൻകൂർ നൽകി**

2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.2

അംഗീകാരം ലഭിക്കാത്ത എസ്.ജി.ആർ.വൈ. (എസ്.സി.പി.) പദ്ധതികൾക്ക് അരിവിഹിതം വകമാറ്റി മുൻകൂറായി നൽകിയതിനാൽ 21700/- രൂപയുടെ നഷ്ടം. അരിയുടെ കേന്ദ്ര സബ്സിഡി കണക്കിലെടുത്താൽ നഷ്ടം ഇരട്ടിയും

2002-2003 ലെ എസ്.ജി.ആർ.വൈ. (എസ്.സി.പി.) പദ്ധതിയിൽ ചേനപ്പാടി, കോരുത്തോട് ഡിവിഷനുകളിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതികളാണ് നീർക്കുഴി-ഇടവര കയ്യാല നിർമ്മാണം. എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും അംഗീകാരം ലഭിക്കുകയോ ഭക്ഷ്യധാന്യം അനുവദിക്കുകയോ ചെയ്തിട്ടില്ല. എസ്.സി.പി. പദ്ധതികൾക്ക് അരി അനുവദിച്ചിട്ടില്ലെങ്കിലും എസ്.ജി.ആർ.വൈ പദ്ധതി പ്രകാരമുള്ള അരിവിഹിതം എസ്.സി.പി. പദ്ധതിയിലേയ്ക്ക് വകമാറ്റി ചേനപ്പാടി ഡിവിഷന് 15 ടൺ 8.4.2003 ലും കോരുത്തോട് ഡിവിഷന് 20 ടൺ അരി 9.5.2003 ലും കൺവീനർക്ക് നൽകി. എസ്.സി.പി. പദ്ധതി അരി ലഭ്യമാകുമ്പോൾ സ്കീം 1 ൽ നിന്ന് നൽകിയിട്ടുള്ള അരിവിഹിതം ക്രമീകരിക്കാമെന്ന് വകുപ്പുതല അന്വേഷണത്തിന് മറുപടി നൽകിയതായി കാണുന്നു. പദ്ധതികൾക്ക് അരി മുൻകൂറായി നൽകിയത് ഒഴിച്ചാൽ മറ്റ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അളവ് പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2003-2004 ൽ വീണ്ടും ഈ പദ്ധതികൾ പദ്ധതിവിഹിതം ഉപയോഗിച്ച് നടത്തിയതായി കാണുന്നു. കോരുത്തോട് ഡിവിഷനിലെ ഇടവര കയ്യാല നിർമ്മാണത്തിന് 3,10,427/-രൂപയും ചേനപ്പാടി ഡിവിഷനിലെ ഇടവര കയ്യാല നിർമ്മാണത്തിന് 1,95,372 രൂപയും കരാറുകാരന് 2003-2004 ൽ നൽകിയിട്ടുണ്ട്. 2002-2003 ലെ പദ്ധതികൾക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് 2003-2004 ലെ പദ്ധതി പ്രകാരം കയ്യാല നിർമ്മാണത്തിനായി തുക നൽകിയിരിക്കുന്നത്.

പദ്ധതിക്ക് അനുമതിയും ധാന്യവും ലഭിക്കുന്നതിന് മുൻപ് ഗുണഭോക്തൃസമിതി കൺവീനർമാർക്ക് മുൻകൂറായി അരി അനുവദിച്ച സെക്രട്ടറിയുടെ നടപടിയും നടപ്പാകാതെ പോയ പദ്ധതി തുടർവർഷങ്ങളിൽ പുതിയ പദ്ധതികളായി രൂപപ്പെടുത്തി അവതരിപ്പിക്കുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നടപടിയും പരിശോധനാ വിധേയമാക്കേണ്ടതാണ്. പദ്ധതി പ്രകാരമുള്ള വേലകൾ കരാറുകാരൻ മുഖേന നടപ്പാക്കി അളവുകൾക്കനുസരിച്ചുള്ള മുഴുവൻ തുകയും നൽകിയിട്ടും മുൻകൂറായി നൽകിയ അരിയുടെ മൂല്യത്തിന് തുല്യമായ തുക നാളിതുവരെ തിരികെ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ അനധികൃതമായി മുൻകൂർ നൽകിയ 35 ടൺ അരിയുടെ വില കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 21,700/-രൂപയുടെ

നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉയർന്ന സബ്സിഡിയോടെ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരിയാണ് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളത് എന്നതിനാൽ നഷ്ടത്തിന്റെ വ്യാപ്തി ഇതിലും ഇരട്ടിയാണ്.

2. 5,32,160/-രൂപയുടെ സാങ്കേതികാനുമതി ലഭിച്ച വിവിധ പ്രദേശങ്ങളിൽ പോളിത്തീൻ ജലസംഭരണികളുടെ നിർമ്മാണം എന്ന എസ്.സി.പി. പദ്ധതി ഗുണഭോക്തൃ സമിതിയാണ് നടപ്പാക്കിയത്. 21.03.2003 ൽ സമാഹരണ മുൻകൂർ 20 ടൺ അരി ഗുണഭോക്തൃസമിതിക്ക് നൽകിയ പദ്ധതിയുടെ വേലമൂല്യം എം.ബുക്ക് പ്രകാരം കണക്കാക്കി 310491/- രൂപ 30.3.2004 ൽ കൺവീനർക്ക് പദ്ധതിവിഹിതത്തിൽ നിന്ന് നൽകി. സമാഹരണ മുൻകൂർ നൽകിയ 20 ടൺ അരിയുടെ മൂല്യം 124000/- അവസാന ബില്ലിൽ നിന്നും ക്രമീകരിച്ചതായി കാണുന്നില്ല. ഉയർന്ന സബ്സിഡിയോടെ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരിയാണ് ദുർവിനിയോഗം ചെയ്തതെന്നതിനാൽ നഷ്ടം ഇരട്ടിയും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.25.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

91. രണ്ട് വർക്കുകളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് പരാമർശമെന്നും ചേനപ്പാടി, കോരുത്തോട് ഡിവിഷനുകളിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതിയാണിതെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

92. പ്രസ്തുത പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

93. ഉയർന്ന സബ്സിഡിയോടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരി ദുർവിനിയോഗം ചെയ്തതിനാൽ നഷ്ടം ഇരട്ടിക്കുമെന്ന പരാമർശത്തിന് 3,10,494/- രൂപ അനുവദിച്ച സമയത്ത് സമാഹരണ മുൻകൂറായി നൽകിയിരുന്ന ഇരുപത് ടൺ അരിയുടെ മതിപ്പ് വിലയായ 1,24,000 രൂപ കുറവ് ചെയ്തതായി കാണുന്നില്ലെന്നും ഇത് സംബന്ധിച്ച് റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

94. റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്തതിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**95. ചേനപ്പാടി, കോരുത്തോട് ഡിവിഷനുകളിലെ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**96. ഉയർന്ന സബ്സിഡിയോടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്ന അരി ദുർവിനിയോഗം ചെയ്തതിനാൽ നഷ്ടം ഉണ്ടാക്കിയെന്ന പരാമർശം സംബന്ധിച്ച് കൺവീനറുടെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറിയുടെ തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ**

2003-04 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.2

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2002-2003, 2003-2004 പൊതു, എസ്.സി.പി. വിഭാഗത്തിൽ ഉൾപ്പെടുത്തി മുൻവർഷങ്ങളിൽ ആരംഭിച്ച് തുടർന്ന് പോരുന്നതുമായ കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലനപരിപാടി നടപ്പിലാക്കിയതിൽ നഷ്ടസാധ്യത വരുന്ന നിരവധി ക്രമക്കേടുകളും ധനദുർവിനിയോഗവും:

1. പഠിതാക്കളെ തെരഞ്ഞെടുത്തതിൽ ഗുരുതരമായ ക്രമക്കേടുകൾ

2. പരിശീലന സ്ഥാപനങ്ങൾ തെരഞ്ഞെടുത്തതിൽ ക്രമക്കേടുകൾ

3. വിജയകരമായി പരിശീലനം പൂർത്തിയായതായി രേഖ ലഭിക്കും മുൻപേ സ്ഥാപനത്തിന് തുക നൽകി.

31.3.2004 വരെ ആകെ 27,71,400/-രൂപ നൽകിയ ഇടപാടിൽ താഴെ പറയുന്ന ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ഉണ്ടായിട്ടുണ്ട്.

1. ഭരണാനുമതി ഇല്ലാതെ പദ്ധതിക്ക് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു 25,76,000/-രൂപ മാത്രം വകയിരുത്തിയ പദ്ധതിക്ക് 27,71,400/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. 2002-2003 ൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ള 133 വിദ്യാർത്ഥികൾക്ക് 4000/-രൂപ നിരക്കിൽ 5,32,000/-രൂപ നൽകേണ്ട സ്ഥാനത്ത് 11,69,500/-രൂപ കോഴ്സ് ഫീസ് നൽകിയതിനാൽ 6,37,500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

3. 2003-2004 ൽ ഡി. പി.സി. അംഗീകരിച്ച ലിസ്റ്റിലുള്ള 137 പേരിൽ നിന്നും 81 പേർക്കും ലിസ്റ്റിലില്ലാത്ത 50 പേർക്കും കൂടി 1048000/- രൂപ നൽകിയിരിക്കുകയാണ്. അധികം നൽകിയ 108900 രൂപ നിരാകരിക്കുന്നു. ഈ വകയിൽ ആകെയുണ്ടായ നഷ്ടം 746400 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ഡി.പി.സി. ലിസ്റ്റിലില്ലാതെ കമ്പ്യൂട്ടർ പരിശീലനത്തിനയച്ച 56 പേർക്കു ചെലവാക്കിയ 4,00,000 രൂപയുടെ വിനിയോഗത്തിന് സാധൂകരണം വാങ്ങേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.25.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

97. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ 35,000 രൂപ ഉദ്യോഗസ്ഥർ തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കമ്പ്യൂട്ടർ സ്ഥാപനം തുക തിരിച്ചടച്ചിട്ടുണ്ടെന്നും തിരിച്ചടയ്ക്കാത്ത രണ്ട് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വിരമിച്ച ഉദ്യോഗസ്ഥരായ അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**98. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിജിലൻസ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എറണാകുളം ജില്ല**

**റോഡ് പുനരുദ്ധാരണം: ടാർ വില ഈടാക്കിയില്ല**

2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 28

കമ്പളം പഞ്ചായത്തിലെ ചേപ്പനം-ചാത്തമ്മ ഹരിജൻ കോളനി റോഡ് പുനരുദ്ധാരണത്തിന് പദ്ധതിവിഹിതത്തിൽ നിന്നും 220746/- രൂപ മുടക്കി 144 ബാരൽ ടാർ വാങ്ങി കൺവീനർക്ക് നൽകി. 139 ബാരൽ ടാർ മാത്രമാണ് ഉപയോഗിച്ചത്. ഒരു മെട്രിക് ടൺ ടാറിന് 6750/- രൂപ നിരക്കിൽ 139 ബാരൽ ടാറിന്റെ വില 146367/- രൂപയും 139 കാലി വീപ്പകളുടെ വില 13900/- രൂപയും വില്പനനികുതി 1390/- രൂപയും കിഴിച്ച് 927354/- രൂപ കൺവീനർക്ക് നൽകേണ്ടതിനു പകരം 1073723/- രൂപ നൽകുകയുണ്ടായി. കൂടുതലായി നൽകിയ 146369 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഉപയോഗിക്കാത്ത 5 ബാരൽ ടാറിന്റെ വിപണി വില ഈടാക്കുകയോ ജില്ലാ പഞ്ചായത്ത് ടാർ മറ്റു വേലകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളോ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.34.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു)

99. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കമ്പളം പഞ്ചായത്തിലെ ചേപ്പനം - ചാത്തമ്മ ഹരിജൻ കോളനി റോഡ് പുനരുദ്ധാരണത്തിന് പദ്ധതി വിഹിതത്തിൽ നിന്നും 2,20,746/- രൂപ മുടക്കി 144 ബാരൽ ടാർ വാങ്ങി

കൺവീനർക്ക് നൽകിയെന്നും 139 ബാരൽ ടാർ മാത്രമാണ് ഉപയോഗിച്ചതെന്നും ടാറിന്റെ വിലയായ 1,46,367/- രൂപയും 139 കാലി വീപ്പകളുടെ വില 13,900/- രൂപയും വിൽപ്പന നികുതി 1390/- രൂപയും കിഴിച്ച് 9,27,354/- രൂപ കൺവീനർക്ക് നൽകേണ്ടതിനു പകരം 10,73,723/- രൂപ നൽകുകയുണ്ടായെന്നും കൂടുതലായി നൽകിയ 1,46,369/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണെന്നും ഉപയോഗിക്കാത്ത 5 ബാരൽ ടാറിന്റെ വിപണി വിലയും ഈടാക്കണമെന്നതാണ് ഓഡിറ്റ് പരാമർശമെന്നും 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28 -ലെ ഓഡിറ്റ് പരാമർശപ്രകാരം ജില്ലാ പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന് അക്കാലയളവിലെ സെക്രട്ടറി ശ്രീമതി വൽസമ്മ ജോണിനെ ഉത്തരവാദിയായി കണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നുവെന്നും എന്നാൽ ശ്രീമതി വൽസമ്മ ജോൺ നൽകിയ 18.12.2008-ലെ മറുപടി പരിഗണിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 23.07.2010-ലെ കത്ത് എൽ.എഫ്.10050/സ്പെ.സെൽ/എസ്.സി.3/08 പ്രകാരം സെക്രട്ടറി ശ്രീമതി വൽസമ്മ ജോണിനെ സർചാർജ് നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും അന്ന് ജില്ലാപഞ്ചായത്തിന്റെ വർക്കുകൾ ചെയ്തിരുന്നത് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്ക്സ് വിഭാഗമായിരുന്നുവെന്നും അവരിൽ നിന്നുമാണ് നഷ്ടപരിഹാര തുക ഈടാക്കേണ്ടിയിരുന്നതെന്നും നിലവിൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്ക്സിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സർചാർജ് നോട്ടീസ് നൽകിയാൽ മാത്രമേ നഷ്ടപരിഹാരത്തുക ഈടാക്കാൻ സാധിക്കുകയുള്ളുവെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

100. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽവിലാസം ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ജില്ലാ പഞ്ചായത്ത് കത്തയച്ചെങ്കിലും ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. അഡ്രസ് നൽകാൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പി.ഡബ്ല്യു.ഡി. ഓഫീസിൽ കത്ത് നൽകിയെങ്കിലും ടി വ്യക്തി വിരമിച്ചുവെന്നും മേൽവിലാസം ലഭ്യമല്ലായെന്നുമാണ് അറിയിച്ചതെന്നും ഓഡിറ്റ് വിഭാഗത്തിൽ നിന്നു തന്നെ വ്യക്തിയുടെ പേര് വച്ചൊരു കത്ത് പി.ഡബ്ല്യു.ഡി. യിലെ

ചീഫ് എഞ്ചിനീയർമാർക്ക് അയച്ചുകൊടുത്താൽ ലഭിക്കാൻ സാധ്യതയുണ്ടെന്നും പി.ഡബ്ല്യു.ഡി. യിൽ നിന്നും ഇതുവരെ കൃത്യമായ മറുപടി ലഭിച്ചിട്ടില്ലെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന്, ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**101. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ ജില്ല**

**മേലൂർ ഗ്രാമപഞ്ചായത്ത്**

**മണൽ പെർമിറ്റ് വിതരണത്തിൽ ധനാപഹരണം**

94-95 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3

ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ നിന്ന് മണൽ എടുക്കുന്നതിനുള്ള പെർമിറ്റ് ബുക്ക് നമ്പർ 13 മുതൽ 20 വരെ 6.2.2002 ന് (സർക്കാർ ജീവനക്കാരുടെ സമരകാലത്ത്) പഞ്ചായത്ത് പ്രസിഡന്റ് ഏറ്റെടുക്കുകയും വിതരണം ചെയ്യുകയും ചെയ്തു. 724 പെർമിറ്റുകളുടെ വില 3,78,750/- രൂപ ലഭിച്ചു. ഇതിൽ 3,22,385/- രൂപ മാത്രമേ പഞ്ചായത്ത് കണക്കിൽ വരവ് വച്ചിട്ടുള്ളൂ. ബാക്കി 56365/- രൂപ നാളിതുവരെ പഞ്ചായത്ത് കണക്കിൽ വരവ് വച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് ബാക്കി തുക റോയൽറ്റി മുതലായ ചെലവുകൾക്ക് പ്രസിഡന്റ് നേരിട്ട് വിനിയോഗിച്ചതായാണ് മറുപടി. ഇതു സംബന്ധിച്ച് പ്രസിഡന്റിനെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസുള്ളതും ബന്ധപ്പെട്ട രേഖകൾ വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കൈവശവുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.46.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

102. സർക്കാർ ഉത്തരവുപ്രകാരമുള്ള ഇക തിരിച്ചടച്ചിട്ടുണ്ടെന്ന മേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോലഴി ഗ്രാമപഞ്ചായത്ത്**

**കുഴൽ കിണർ പൂർത്തീകരിച്ചില്ല**

2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-8

ഗ്രാമപഞ്ചായത്ത് കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചില്ല. പദ്ധതിയിൽ 38,960 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം കണക്കാക്കുന്നു.

രണ്ടു കുഴൽകിണർ കുഴിച്ചതിന് 38960/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടം പൂർത്തിയാക്കിയെങ്കിലും കുഴൽ കിണറിന് ഹാൻഡ് പമ്പോ, മോട്ടോറോ ഘടിപ്പിക്കുകയോ അവ ഉപയോഗയോഗ്യമാക്കുവാൻ വേണ്ട നടപടികളോ ചെയ്തിട്ടില്ല. തന്മൂലം 38,960/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.47.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. രണ്ട് കുഴൽകിണറുകൾക്കും മോട്ടോറും പമ്പും ഫിറ്റ് ചെയ്തിട്ടുണ്ടെന്നും അന്ന് നിർമ്മാണം പൂർത്തീകരിച്ചിരുന്നില്ലെന്നും ഓരോ വാർഡിലെയും അമ്പതോളം കുടുംബങ്ങൾ ടി കുഴൽ കിണറിലെ വെള്ളമാണ് ഉപയോഗിക്കുന്നതെന്നും രണ്ട് കുഴൽ കിണറുകളും ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും കോലഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

105. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**106. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മേത്തല ഗ്രാമപഞ്ചായത്ത്**

**ഉപാധിരഹിത ധനം പിൻവലിച്ചത് സാധൂകരിച്ചില്ല**

95-96 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-14

ഉപാധിരഹിത ഫണ്ടിൽ നിന്നും സെൽഫ് ചെക്കായി പിൻവലിച്ച 45000 രൂപ ഒരു ദശകത്തിന് ശേഷവും രേഖകൾ ഹാജരാക്കി സാധൂകരിച്ചില്ല.

94-95 ൽ പിൻവലിച്ച 35000 രൂപയും 95-96 ലെ 10000 രൂപയുമാണ് സാധൂകരിക്കാനുള്ളത്. എന്തിന് വേണ്ടിയാണ് പണം പിൻവലിച്ചതെന്ന് പോലും വ്യക്തമല്ല. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുമില്ല. തുകയുടെ വിനിയോഗ രേഖകൾ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല.

രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണ്ട് ഉത്തരവാദികൾക്ക് എതിരെ നിയമനടപടി സ്വീകരിക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.48.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

107. ശ്രീ.വി.വി.ഉണ്ണികൃഷ്ണൻ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന സമയത്ത് അനധികൃതമായി പിൻവലിച്ച തുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും മുൻസിപ്പാലിറ്റി ആയതിനുശേഷം പിഴപലിശ ഉൾപ്പെടെ ടിയാനിൽ നിന്ന് ഈടാക്കുന്നതിന് ആർ.ആർ. ഉത്തരവ് നടപ്പിലാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ കൊടുങ്ങല്ലൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയുണ്ടായെന്നും പക്ഷേ ശ്രീ. വി. വി. ഉണ്ണികൃഷ്ണന് ജംഗമ വസ്തുക്കൾ ഒന്നും ഇല്ലാത്തതിനാൽ ടിയാനെതിരെ ആർ.ആർ. നടപടി അപ്രായോഗികമാണെന്ന് റിപ്പോർട്ട് നൽകുകയും തുടർന്ന് ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കണമെന്ന് കാണിച്ചുകൊണ്ട് ഡി.ഡി.പി.

മുൻസിപ്പാലിറ്റിക്ക് കത്ത് നൽകുകയും അദ്ദേഹം 2006-ൽ റിട്ടയർ ചെയ്തെങ്കിലും നാളിതുവരെ ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്ന് അദ്ദേഹത്തിന് ഡി.സി.ആർ.ജി. അനുവദിച്ചിട്ടുണ്ടെങ്കിലും അംഗീകാരത്തിനുവേണ്ടി നിലവിൽ എ.ജി.യുടെ ഓഫീസിലാണുള്ളതെന്നും കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു

108. ഇതു സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**109. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്**

**മരാമത്ത് വേലകൾ പൂർത്തിയായില്ല**

2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-14

ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മൂന്ന് റോഡ് പണികൾ പൂർത്തിയായില്ല. സമാഹരണമുൻകൂർ ഭാഗികബില്ലുകളായി ഈ വേലകൾക്ക് നൽകിയ പദ്ധതിവിഹിതം 94600 രൂപ ഇതിനാൽ പാഴായി.

മുളംകുന്നത്ത്കാവ്-കല്ലേപ്പടി റോഡ്, തളയൻ-കരുവാരക്കുണ്ട് റോഡ്, പുളായ്ക്കൽ ഹരിജൻ കോളനി റോഡ് എന്നിവയാണ് പൂർത്തിയാക്കാതെ ഉപേക്ഷിച്ചത്. ഇതിൽ രണ്ടും മൂന്നും വേലകൾക്ക് ഭാഗിക ബില്ലുകൾ തീർപ്പാക്കിയതാണ്.

പണികൾ ഇനി പൂർത്തിയാക്കാൻ സാധ്യതയില്ലാത്തതിനാൽ ചെലവഴിച്ച പദ്ധതിവിഹിതം പിഴപലിശ ചുമത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കണം

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.49.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

110. മുൻകൂറായി കൊടുത്ത തുക തിരിച്ചുപിടിച്ചിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും തുകയും പലിശയും ഉൾപ്പെടെ ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

111. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**112. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വയനാട് ജില്ല**

**വയനാട് ജില്ലാ പഞ്ചായത്ത്**

**ജലവിതരണ പദ്ധതി മാർക്കറ്റ് നിരക്കിൽ വാങ്ങിയ സാധനങ്ങൾക്ക് അധിക നിരക്ക് നൽകി**

1999-2000-പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 11, 2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 16

ജലവിതരണ പദ്ധതിക്ക് പൈപ്പും അനുബന്ധ സാധനങ്ങളും വിപണി നിരക്കിൽ വാങ്ങുകയും പിന്നീട് 30% വർദ്ധിച്ച നിരക്കിൽ തുക അനുവദിച്ചു നൽകുകയും ചെയ്യുതു മൂലം 52,802/- രൂപ ജില്ലാ പഞ്ചായത്തിനു നഷ്ടം.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന ജലവിതരണ പദ്ധതികൾക്ക് 96 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള എസ്റ്റിമേറ്റിന്മേൽ 30% വർധനവ് അനുവദിച്ച നൽകിയിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ പൈപ്പുകളും അനുബന്ധ സാധനങ്ങളും അന്നത്തെ വിപണി നിരക്കിൽ വാങ്ങിയിട്ടുള്ളതാണ്. ആയതിനാൽ സാധനങ്ങളുടെ വിലയിന്മേൽ 30% അധികമായി നൽകുവാൻ പാടില്ല. എന്നാൽ പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റിലെ വിവിധ ഇനം പ്രവൃത്തികളുടെ നിരക്കിൽ അനുവദിച്ചതുപോലെ പൈപ്പുകളുടേയും അനുബന്ധസാധനങ്ങളുടേയും വിലയിലും 30% അധികമായി അനുവദിച്ച് മൂല്യനിർണ്ണയം നടത്തിയതുവഴി 52,802/- രൂപ അധികമായി കൺവീനർമാർക്ക്

നൽകി. അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്ന തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത് | അധികം നൽകിയ തുക |
|---|---|---|---|
| 1 | അടിക്കൊല്ലി ജലവിതരണ പദ്ധതി | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | 37100 |
| 2 | കുറ്റിമൂല കുടിവെള്ള പദ്ധതി | മാനന്തവാടി | 15702 |
| | ആകെ | | 52802 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.78.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

113. മാർക്കറ്റ് വിലയേക്കാൾ മുപ്പത് ശതമാനം അധികം നൽകി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള എസ്റ്റിമേറ്റിൽ മുപ്പത് ശതമാനം വർദ്ധനവ് മാത്രമേ അനുവദിച്ചിട്ടുള്ളുവെന്നും മാർക്കറ്റിൽ നിന്നും വാങ്ങിയ സാധനങ്ങൾക്ക് അധിക തുക നൽകിയിട്ടില്ലെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

114. പ്രസ്തുത മറുപടി അംഗീകരിച്ച് സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**115. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1.5 ലക്ഷം മുൻകൂർ നൽകിയ മരാമത്ത് പണികൾ തുടങ്ങിയില്ല**

2000-01 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 10

ജില്ലാ പഞ്ചായത്ത് 2000-2001 ൽ 105000/-രൂപ മുൻകൂർ നൽകിയ മരാമത്ത്

പ്രവൃത്തികൾ നാളിതുവരെ നിർവ്വഹണം തുടങ്ങിയില്ല. മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പണി നടത്താതിരുന്ന കരാറുകാരന്റെ പേരിൽ നിയമ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| | പ്രവൃത്തിയുടെ പേര് | മുൻകൂർ തുക |
|---|---|---|
| 1 | അവയൽ കോളനി കുടിവെള്ള പദ്ധതി | 60,000 |
| 2 | അറുലക്കുണ്ടി പണിയ കോളനി കുടിവെള്ള പദ്ധതി | 45000 |
| | ആകെ | 105000 |

1.05 ലക്ഷം രൂപ പലിശസഹിതം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.78.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

116. എസ്.ടി.കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ടായിരുന്നു അതെന്നും അഡ്വാൻസ് തുകയായി രണ്ട് പദ്ധതികൾക്കുമായി യഥാക്രമം 60,000/-, 45,000/- രൂപയാണ് നൽകിയതെന്നും തുക തിരിച്ച് പിടിക്കുന്നതിനായി റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ഉത്തരവാദികളായവരുടെ പേരിൽ സ്വത്തുക്കൾ ഒന്നും ഇല്ലാത്തതിനാൽ അവരിൽ നിന്നും തിരിച്ചുപിടിക്കാൻ മാർഗ്ഗമൊന്നുമില്ലായെന്ന് കാണിച്ച് കളക്ടറിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും അതുകൊണ്ട് ആർ.ആർ. നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

117. റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കണമോ എന്ന കാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**118. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നീറാമ്പുഴ കടിവെള്ള പദ്ധതി - പണി പൂർത്തിയാക്കാതെ മോട്ടോർ വാങ്ങി 2.6 ലക്ഷം പാഴ്ചെലവ്**

2000-01 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 13

പ്രാരംഭപണികൾ പോലും പൂർത്തീകരിക്കാത്ത നീറാമ്പുഴ കുടിവെള്ള പദ്ധതിക്ക് മോട്ടോറും അനുബന്ധഉപകരണങ്ങളും വാങ്ങിയതു മൂലം 2.6 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന് പാഴ്ചെലവായി.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ നീറാമ്പുഴ കുടിവെള്ള പദ്ധതിയ്ക്ക് 28.2.2001 ൽ 88000 രൂപ മുൻകൂറായി കൺവീനർക്ക് നൽകിയിരുന്നു. പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്തതിനാൽ 30.7.2002 ൽ കൺവീനർക്ക് നോട്ടീസ് അയയ്ക്കുകയും തുടർന്ന് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.6.2003 ലെ കത്തിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 38,985/- രൂപ എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയതിനാൽ 49015 രൂപ കൺവീനർക്ക് അധികം നൽകി.

പദ്ധതിയ്ക്കായി മോട്ടോർ, പൈപ്പ്, പാനൽ ബോർഡ് എന്നിവ വാങ്ങിയതിന് കൽപ്പറ്റയിലെ റെയ്ഡ്കോയ്ക്ക് 172071/- രൂപ 30.3.2004 ൽ നൽകിയിട്ടുണ്ട്. പണികൾ പ്രാരംഭ ദശയിൽ തന്നെ നിലച്ചിട്ടും വർഷങ്ങൾക്ക ശേഷം പ്രവൃത്തിയ്ക്കായി ലക്ഷങ്ങൾ മുടക്കി മോട്ടോറും മറ്റും വാങ്ങിയതിലെ ഔചിത്യം വ്യക്തമല്ല. പണി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ സാധന സാമഗ്രികൾ ഉപയോഗശൂന്യമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ചെലവ് ചെയ്ത 260071 രൂപ പാഴ്ചെലവായി. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണത്തിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.78.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

119. തുക തിരികെ ഈടാക്കിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**120. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികവർഗ്ഗ കുടുംബ സർവ്വേ - ലക്ഷ്യം പൂർത്തീകരിച്ചില്ല**

2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8

പട്ടികവർഗ്ഗ കുടുംബസമഗ്ര സർവ്വേ ലക്ഷ്യം പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതിനാൽ 120900 രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടം.

ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും, ക്ഷേമ പ്രവൃത്തികൾക്ക് വിശദാംശങ്ങൾ ശേഖരിക്കുവാനും തയ്യാറാക്കിയ പദ്ധതിയാണിത്. എന്നാൽ വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമാണ് സർവ്വേയിൽ സഹകരിച്ചത്. ബാക്കി പഞ്ചായത്തുകൾ സർവ്വേയിൽ സഹകരിച്ചില്ല എന്ന ഒറ്റകാരണത്താൽ ജില്ലാ പഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. പദ്ധതിവിഹിതത്തിൽ നിന്നും 120900 രൂപയും ഉദ്യോഗസ്ഥരുടെ സമയവും ചെലവഴിച്ചിട്ടും ഉദ്ദേശിച്ച ഫലം കാണാതെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച നടപടി ആശാവഹമല്ലാത്തതും പദ്ധതി പണത്തിന്റെ ദുരുപയോഗവുമാണ്. പദ്ധതി ഉപേക്ഷിച്ചതു വഴി ജനകീയാസൂത്രണ പദ്ധതി മുഖേന പാവപ്പെട്ട ആദിവാസി ഗുണഭോക്താക്കൾക്ക് കിട്ടാവുന്ന പ്രയോജനം നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.78.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

121. സമഗ്രമായൊരു സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനാണ് പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്യുതെന്നും അതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ഒരു സർവ്വേ നടത്തി വിവരം ശേഖരിക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും അഞ്ച് പഞ്ചായത്തുകൾ മാത്രമാണ് ഇതുമായി സഹകരിച്ച് സർവ്വേ നടത്തി വിവരങ്ങൾ നല്കിയതെന്നും മറ്റ് പഞ്ചായത്തുകളുടെ സഹായം ലഭിക്കാത്തതിനാലാണ് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നതെന്നും പദ്ധതിയുടെ ഭാഗമായുള്ള ഫോം അച്ചടിക്കുന്നതിനുവേണ്ടി 89,000/- രൂപയും സർവ്വേ നടത്തുന്നതിനുള്ള ട്രെയിനിംഗിന്റെ ഭാഗമായി 1,70,900/- രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

122. ഇക്കാര്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലുള്ളതാണോയെന്നും വകുപ്പിൽ നിന്ന് ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് വാങ്ങിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് വകുപ്പിൽ നിന്നും റിപ്പോർട്ട് വാങ്ങിയിട്ടുണ്ടെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

123. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**124. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നരിപ്പാറ കോളനി കുടിവെള്ള വിതരണ പദ്ധതിക്ക് അധികനിരക്ക്**

2001-02 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 9

നരിപ്പാറ പണിയ കോളനി കുടിവെള്ളവിതരണ പദ്ധതിയ്ക്ക് അധിക നിരക്ക് അനുവദിച്ച് നൽകിയതിനാൽ ജില്ലാ പഞ്ചായത്തിന് നഷ്ടം 71,889 /-രൂപ.

എസ്റ്റിമേറ്റിലെ അനുബന്ധം 2-ാം ഇനം പ്രവൃത്തി 40 എം.എം. പി.വി.സി.

പൈപ്പ് സോൾവന്റ് സിമന്റ് കൊണ്ട് ഒട്ടിച്ച് കുഴിയിൽ സ്ഥാപിക്കുന്നതിന് മീറ്ററിന് 140/-രൂപ പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ ചെയ്ത അളവ് 773 മീറ്ററാണ്. നൽകിയ തുക 108220 രൂപ. പ്രവൃത്തിക്ക് പൊതുമരാമത്ത് ഷെഡ്യൂൾ ഓഫ് റേറ്റ് അനുവദനീയമായ നിരക്ക് മീറ്ററിന് 47 രൂപ മാത്രമാണ്. ആയതിനാൽ അനുവദനീയമായത് 36,331 രൂപയാണ്. അധികം നൽകിയ 71889 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.78.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

125. പദ്ധതിയുടെ ഭാഗമായി പൈപ്പിന് അധിക നിരക്ക് നൽകേണ്ടി വന്നിട്ടുണ്ടെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

126. ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 47 രൂപയുടെ പൈപ്പിന് 140 രൂപ കൊടുത്തുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ പൈപ്പിന്റെ വിലയും അത് സ്ഥാപിക്കുന്നത് വരെയുള്ള മുഴുവൻ പ്രവൃത്തികൾക്കുമാണ് 140 രൂപ നിരക്കിൽ തുക അനുവദിച്ചതെന്നും ബ്ലോക്ക് അടിസ്ഥാനത്തിൽ സാങ്കേതിക അനുമതി നേടിയാണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതെന്നും വയനാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

127. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**128. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**മഹാത്മാഗാന്ധി സർവ്വകലാശാല**

**ആനുകൂല്യങ്ങൾ നിയമങ്ങൾ പാലിക്കാതെ; ലക്ഷങ്ങൾ ചോരുന്നു**

ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14, 22, 24, 26, 7, 19, 28.06.2006 എൽ.എഫ്.എം.ജി.യു. ഓഡിറ്റ് 75/05 നമ്പർ കത്ത്

**മറ്റ് അപാകതകൾ**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ഉയർന്ന നിരക്കിൽ വീട്ട് വാടകയ്ക്ക് അർഹതയില്ലാത്ത ഫിനാൻസ് ഓഫീസർ തസ്തികക്ക് 4/87 മുതൽ 1/99 വരെ ഉയർന്ന നിരക്ക് നൽകി 99660 രൂപ അധികചെലവ് വരുത്തി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.2.1(iv)(i)).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

129. മഹാത്മാഗാന്ധി സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെല്ലാം 29.09.2021-ൽ കൂടിയ യോഗത്തിൽ സമിതി പരിഗണിക്കുകയും ഒഴിവാക്കാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നുവെന്ന മഹാത്മാഗാന്ധി സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

130. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ (ദേവസ്വം) വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**ഹിന്ദുമത ധർമ്മസ്ഥാപനങ്ങൾ**

**പൊതുപരാമർശം**

**ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമല്ലാത്തതിനാൽ ക്ഷേത്രങ്ങളുടെ വരവുകൾ അപ്രത്യക്ഷമാവുന്നു**

1951 ലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) നിയമം മൂലം ഭരണ നിയന്ത്രണമുള്ള ക്ഷേത്രങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ വരവു തുകകൾ ക്യാഷ് ബുക്കിൽ വരവായി എടുക്കാതിരിക്കൽ, വരവു കുറച്ചു മാത്രം രേഖപ്പെടുത്തൽ, കുത്തക തുക വസൂലാക്കാതിരിക്കൽ, നീക്കിയിരിപ്പു തുക കൈമാറാതിരിക്കൽ, ബാങ്കിൽ നിന്നും പിൻവലിച്ച് തുക വരവു വയ്ക്കാതിരിക്കൽ, അർഹതയില്ലാത്തവർക്ക് ശമ്പളവും അലവൻസുകളും നൽകൽ എന്നിങ്ങനെ നിരവധി തകരാറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണ വകുപ്പിന്റെ നിലവിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ക്ഷേത്രങ്ങളുടെ സമ്പത്ത് സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമായതിനാൽ നിലവിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തി വരുമാന ചോർച്ച തടയുന്നതിന് അടിയന്തിര നടപടികളുണ്ടാവേണ്ടതാണ്. ക്ഷേത്ര ഫണ്ടിനുണ്ടായ 3,87,590.59 രൂപയുടെ നഷ്ടത്തിന്റെ വിശദാംശം ഇവിടെ ചേർക്കുന്നു.

| | ക്ഷേത്രത്തിന്റെ പേര് | വർഷം | ഖണ്ഡിക | നഷ്ടം (രൂപ) |
|---|---|---|---|---|
| 1 | ശ്രീപന്തലായിനി കാളിയമ്പത്ത് ശിവക്ഷേത്രം | 00-04 | 14 | 5034.70 |
| 2 | ശ്രീ പുറക്കാടി ദേവസ്വം, വയനാട് | 97-04 | 12(5), 16, 17, 20(a) (b) (c) (d) (e) (f) | 109573.00 |
| 3 | ശ്രീ മാനിക്കാവ് ക്ഷേത്രം | 97-04 | 16 | 6414.00 |
| 4 | ശ്രീ ചാല ഭഗവതി ക്ഷേത്രം, കണ്ണൂർ | 96-05 | 14 & 15 | 11691.00 |

| | | | | |
|---|---|---|---|---|
| 5 | ശ്രീ തൃശ്ശിലേരി ക്ഷേത്രം, വയനാട് | 03-05 | 18 | 18662.00 |
| 6 | ശ്രീ കൊട്ടിയൂർ ക്ഷേത്രം, കണ്ണൂർ | 2003 | 15 | 31800.00 |
| 7 | ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം | 02-05 | 13, 16, 20, 24, 27 | 33910.70 |
| 8 | ശ്രീ അണ്ടല്ലൂർ കാവ് ക്ഷേത്രം | 03-05 | 10(2),11, 18 | 84729.94 |
| 9 | കടമേരി ശ്രീ പരദേവതാക്ഷേത്രം, കോഴിക്കോട് | 96-05 | 16, 17, (ബി) 25, 26 | 58373.25 |
| 10 | ശ്രീ വള്ളിയൂർകാവ് ക്ഷേത്രം, വയനാട് | 00-04 | 12, 19, 20, 21, 57 | 27402.00 |
| | | | | 3,87,590.59 |

നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

131. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന് കീഴിലായിരുന്ന മുമ്പ് മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളുടെ ഭരണം നിയന്ത്രിച്ചിരുന്നതെന്നും മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിനുശേഷം ബോർഡിന് പുതിയതായി തസ്തികകളൊന്നും അനുവദിക്കപ്പെട്ടിട്ടില്ലെന്നും ആറ്റിയിരുപതെണ്ണട്ടോളം തസ്തികകൾ ഉള്ളതിൽ അറുപതോളം ജീവനക്കാർ മാത്രമാണ് നിലവിലുള്ളതെന്നും ഇതൊരു വാനിഷിംഗ് കാറ്റഗറിയായി മാറിയെന്നും മറ്റ് ദേവസ്വം ബോർഡുകളിലെ പോലെ മലബാർ ദേവസ്വത്തിൽ ഫണ്ട് പൂൾ ചെയ്യാത്തതുകൊണ്ട് അവിടുത്തെ നിത്യനിദാന ചെലവുകൾക്ക് ഫണ്ട് തികയാത്തതിനാൽ സ്റ്റാഫിനെ വിന്യസിക്കുവാൻ സാധിക്കുന്നില്ലെന്നും വാനിഷിംഗ് കാറ്റഗറിയായതുകൊണ്ട് ഒരാൾ റിട്ടയർ ചെയ്തുകഴിഞ്ഞാൽ പ്രസ്തുത തസ്തിക നികത്തുന്നില്ലെന്നും ഇതിനായി പുതിയ നിയമം പാസ്സാക്കുക എന്നുള്ളതാണ് ശാശ്വതപരിഹാരമെന്നും ദേവസ്വം ബോർഡ് വന്നതിനുശേഷം പതിനഞ്ചോളം ജീവനക്കാരെ റിക്രൂട്ട് ചെയ്തിട്ടുണ്ടെന്നും ബാക്കി

ഒൻപത് പേരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും ആറ് എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതുവഴി ദേവസ്വം ബോർഡിനെ ശക്തിപ്പെടുത്താൻ സാധിക്കുമെന്നും ക്ഷേത്ര ഫണ്ടിൽ നിന്നും തുക നഷ്ടപ്പെട്ട വിഷയത്തിൽ ഒരിടത്തു മാത്രമാണ് തുക തിരിച്ചടച്ചിട്ടുള്ളതെന്നും എന്നാൽ, തുക തിരിച്ചടച്ചതുകൊണ്ട് കുറ്റമില്ലാതാകുന്നില്ലെന്നും ക്ഷേത്രങ്ങളുടെ എണ്ണം കൂടുതലായതുകൊണ്ട് ഒരാൾക്ക് എല്ലാ ക്ഷേത്രങ്ങളിലും പോയി എഫക്ടീവായി ചെക്ക് ചെയ്യാൻ സാധിക്കുന്നില്ലെന്നും വയനാട് ശ്രീ പുറക്കാട് ദേവസ്വത്തിലെ ശ്രീ. ദിനേഷ് കുമാർ മാത്രമാണ് തുക തിരിച്ചടച്ചിട്ടുള്ളതെന്നും ബാക്കിയുള്ളവരിൽ നിന്നും സർചാർജ് ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് സർചാർജ് നടപടി സ്വീകരിക്കാൻ പറയുന്ന മുറയ്ക്ക് അവരിൽ നിന്നും തുക റിക്കവർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പൊതുഭരണം & റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

132. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാണോ എല്ലാ ക്ഷേത്രങ്ങളുടെയും പ്രവർത്തനം നടക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, ട്രസ്റ്റുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ എന്നിങ്ങനെ രണ്ട് വിധത്തിലുള്ള ക്ഷേത്രങ്ങളാണ് ഉള്ളതെന്നും പലയിടത്തും ട്രസ്റ്റിമാരുടെ നിയന്ത്രണത്തിൽ ക്ഷേത്രങ്ങളുടെ പ്രവർത്തനം നടക്കുന്നതിനാലാണ് പല ക്ഷേത്രങ്ങളുടെയും ഭൂമി അന്യാധീനപ്പെട്ടുപോകുന്നതെന്നും ദേവസ്വം ബോർഡിന് ട്രൈബ്യൂണൽ കൊണ്ടുവരാനുള്ള നിയമം തയ്യാറാക്കിയിട്ടുണ്ടെന്നും കോവിഡ് സാഹചര്യത്തിൽ എല്ലാ ദേവസ്വം ബോർഡുകളിലും വരുമാന നഷ്ടം വന്നിട്ടുണ്ടെന്നും ക്ഷേത്രങ്ങൾക്ക് ഗവൺമെന്റ് ഫണ്ട് കൊടുക്കുന്നതല്ലാതെ ക്ഷേത്രങ്ങളിൽ നിന്നും തുകയൊന്നും ഈടാക്കുന്നില്ലെന്നും കഴിഞ്ഞ തവണ ശമ്പളം നൽകുന്നതിനായി 120 കോടി രൂപയോളമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും ക്ഷേത്രങ്ങളുടെ ഭൂമി ഐ.ഒ.സി.ക്ക് ലീസിന് കൊടുക്കാൻ തീരുമാനിച്ചപ്പോൾ ദേവസ്വം ബോർഡ് കോടതിയിൽ പോകുകയും ക്ഷേത്രത്തിന്റെ വസ്തുക്കൾ ഗവൺമെന്റ് അപഹരിക്കാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞ് എല്ലാ നടപടിക്രമങ്ങളും നിർത്താൻ കോടതി ആവശ്യപ്പെടുകയും ചെയ്തുവെന്നും വരുമാനം ലഭിക്കുന്ന നല്ലൊരു പദ്ധതിയായിരുന്നു

അതെന്നും എന്നാൽ, നിലവിൽ ഇത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നുവെന്നും മലബാർ ദേവസ്വം ബോർഡ് ഉൾപ്പെടെ എല്ലാ ദേവസ്വങ്ങളും ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ തയ്യാറാണെങ്കിൽ അതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും. പൊതുഭരണം & റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

133. ഓഡിറ്റ് പരാമർശം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ക്ഷേത്രങ്ങളിൽ നടന്ന ക്രമക്കേടിൽ ഒരാളൊഴികെ എല്ലാവരും തുക തിരിച്ചടച്ചിട്ടുണ്ടെന്നും സമഗ്രമായ ഒരു ബിൽ വന്നാൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരമാകുകയുള്ളുവെന്നും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി ഒഴിവുള്ള തസ്തികകൾ എത്രയും പെട്ടെന്ന് നികത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും പൊതുഭരണം & റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

134. ശ്രീ. പുറക്കാടി ദേവസ്വത്തെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിലെ പരാമർശങ്ങൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ സ്ഥാപനം ലഭ്യമാക്കാത്തതിനാൽ സർചാർജ് നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പുറക്കാടി ദേവസ്വത്തിലെ ശ്രീ. ദിനേഷ് കുമാർ മാത്രമാണ് മുഴുവൻ തുകയും തിരിച്ചടച്ചിട്ടുള്ളതെന്നും ശ്രീ. പ്രവീൺകുമാർ 831 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും സർവ്വശ്രീ കൃഷ്ണദാസ്, പ്രവീൺകുമാർ, നാരായണൻ, ശ്രീനിവാസൻ എന്നിവരാണ് തുക തിരിച്ചടയ്ക്കാനുള്ളതെന്നും അവർക്കെതിരെ സർചാർജ് നടപടികൾ ആരംഭിക്കാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇവരിൽ പലരും റിട്ടയർ ചെയ്തതിനാൽ ശമ്പളത്തിൽ നിന്നും തുക ഈടാക്കാൻ കഴിയില്ലെന്നും സിവിൽ കേസ് ഫയൽ ചെയ്യുക എന്നത് മാത്രമാണ് തുക ഈടാക്കാനുള്ള മറ്റൊരു മാർഗ്ഗമെന്നും ഇക്കാര്യത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടതുണ്ടെന്നും ഇതിൽ ശ്രീനിവാസൻ എന്നയാളിനുമാത്രമാണ് പെൻഷൻ ലഭിക്കുന്നതെന്നും ബാക്കിയുള്ളവർക്ക് പെൻഷനില്ലായെന്നും പൊതുഭരണം & റവന്യൂ (ദേവസ്വം) പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ശ്രീ. കെ.വി. നാരായണൻ എന്നയാൾ നിലവിൽ സർവ്വീസിൽ തുടരുന്നുവെന്നും അയാൾക്ക് നോട്ടീസ് കൊടുത്തിട്ടും തുക

അടയ്ക്കാൻ തയ്യാറാകുന്നില്ലെന്നും സർവീസിൽ തുടരുന്നയാളിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കാവുന്നതേയുള്ളുവെന്നും ദേവസ്വം ബോർഡും ഇക്കാര്യത്തിൽ അനാസ്ഥ കാണിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

135. തുക അടയ്ക്കാത്തതിനുള്ള കാരണം അറിയിക്കുകയെങ്കിലും വേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അറിയിക്കേണ്ടതായിരുന്നുവെങ്കിലും ഓഡിറ്റ് നടത്തുന്ന സമയത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇത്തരത്തിലുള്ള കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാത്തതുമൂലം ഓഡിറ്റ് കഴിഞ്ഞ് സമിതി മുമ്പാകെ പ്രസ്തുത വിഷയം വന്ന് അറിയിപ്പ് ലഭിക്കുമ്പോൾ മാത്രമായിരിക്കും ഇവർക്ക് നോട്ടീസ് കൊടുക്കുന്നതെന്നും അതുകൊണ്ട് യഥാസമയം മറുപടി നല്കാൻ കഴിയാത്ത സാഹചര്യം വരുന്നുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

136. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന സമിതിയുടെ ചോദ്യത്തിന് ഉത്തരവാദിത്തം നിലവിലുള്ള എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ക്ഷേത്ര ട്രസ്റ്റിമാർക്കുമാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഉത്തരവാദികളായവർ നടപടിക്രമങ്ങളെ എതിർക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നത് തടയുന്നതിന് നിയമം നിലവിൽ വരണമെന്നും മലബാർ ദേവസ്വത്തിൽ പൊതുവേ ഇങ്ങനെയുള്ള അരക്ഷിതാവസ്ഥയുള്ളതിനാൽ എത്രയും വേഗം നിയമം പാസാക്കി ഇത്തരം വിഷയങ്ങൾ പരിഹരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

137. തുക തിരിച്ചടയ്ക്കാത്ത ഒറ്റ കേസ് മാത്രമേയുള്ളുവെന്ന് പൊതുഭരണം & റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ മറുപടിയിൽ തുക തിരിച്ചടച്ച കേസുകൾ ഒഴിവാക്കാനും തുക തിരിച്ചടയ്ക്കാത്ത ശ്രീ പുറക്കാടി ദേവസ്വത്തിലെ സർവ്വീസിൽ തുടരുന്നയാളുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കണമെന്നും അല്ലാത്തപക്ഷം നിയമനടപടികളുമായി മുന്നോട്ട് പോകണമെന്നും സമിതി നിർദ്ദേശിച്ചു.

138. ശ്രീ പന്തലായിനി കാളിയമ്പത്ത് ശിവക്ഷേത്രം, ശ്രീ മാനിക്കാവ് ക്ഷേത്രം, ശ്രീ ചാല ഭഗവതി ക്ഷേത്രം, കണ്ണൂർ, ശ്രീ കൊട്ടിയൂർ ക്ഷേത്രം, കണ്ണൂർ എന്നീ ക്ഷേത്രങ്ങളിലെ നഷ്ടത്തുക തിരിച്ചടച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

139. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ പുറക്കാടി ദേവസ്വത്തിൽ നിലവിൽ സർവ്വീസിൽ തുടരുന്ന ഓഡിറ്റ് പരാമർശവിധേയനായ വ്യക്തിയുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കാനും ഉത്തരവാദികളായ മറ്റുള്ളവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

140. ശ്രീ വള്ളിയൂർക്കാവ് ക്ഷേത്രം, വയനാടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നഷ്ടോത്തരവാദിയിൽ നിന്നും പ്രതിമാസം 2000/- രൂപ വീതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ തുക പൂർണ്ണമായും തിരികെ ഈടാക്കി ഓഡിറ്റിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

141. ശ്രീ പന്തലായിനി കാളിയമ്പത്ത് ശിവക്ഷേത്രം, ശ്രീ മാനിക്കാവ് ക്ഷേത്രം, ശ്രീ ചാലഭഗവതി ക്ഷേത്രം, കണ്ണൂർ, ശ്രീ കൊട്ടിയൂർ ക്ഷേത്രം, കണ്ണൂർ എന്നീ ക്ഷേത്രങ്ങളിലെ നഷ്ടതുക തിരിച്ചടച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. ഉള്ളിലേരി ക്ഷേത്രം, മാനന്തവാടി, ശ്രീ. അന്നപൂർണ്ണേശ്വരി ക്ഷേത്രം, ശ്രീ. അണ്ടല്ലൂർകാവ് ക്ഷേത്രം, ശ്രീ കടമേരി പരദേവത ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വള്ളിയൂർകാവ് ക്ഷേത്രം, വയനാട്

ദേവസ്വം ഭൂമി പാട്ടത്തിന് നൽകിയത് - തിരിച്ചുപിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് 2000-04; ഖണ്ഡിക 64

ശ്രീ. വള്ളിയൂർകാവ് ദേവസ്വത്തിന്റെ 104 ഏക്കർ 89 സെന്റ് ഭൂമി 7.2.1922 മുതൽ 72 വർഷത്തേക്ക് പ്രതിവർഷം 106/- രൂപ പ്രതിഫലത്തിന് രണ്ട് വിദേശ കമ്പനികൾക്ക് അന്നത്തെ ദേവസ്വം മാനേജർ പാട്ടത്തിന് നൽകിയിരുന്നു. വാർഷിക കരം 1984 ഫെബ്രുവരി വരെ ദേവസ്വത്തിന് ലഭിച്ചിട്ടുണ്ട്. 72 വർഷം പൂർത്തിയായ മുറയ്ക്ക് വസ്തു തിരിച്ചുകിട്ടുന്നതിനായി ദേവസ്വം അധികൃതർ നടപടി ആരംഭിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായിട്ടില്ല. മേൽ സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ദേവസ്വം അധികൃതരുടെ ഭാഗത്ത് നിന്നും ആത്മാർത്ഥമായ ശ്രമങ്ങൾ അത്യാവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

142. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മാനന്തവാടി മുൻസിഫ് കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണെന്നും ഇതിനുവേണ്ടി എത്രയും വേഗം നിയമം പാസാക്കി ട്രൈബ്യൂണൽ കൊണ്ട് വന്ന് ഡിസ്പോസ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഭൂമി സംരക്ഷിക്കേണ്ട ട്രസ്റ്റിമാർ തന്നെ സ്ഥലം കയ്യേറാൻ അനുവദിക്കുന്ന അവസ്ഥയാണുള്ളതെന്നും പൊതുഭരണം & റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

143. നിലവിൽ എത്ര സെന്റ് സ്ഥലമാണുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ഏകദേശം മുപ്പതിനായിരം ഏക്കറോളം ഭൂമി അന്യാധീനപ്പെട്ട് പോയിട്ടുണ്ടെന്നും അതുകൊണ്ടാണ് കോടതി നിർദ്ദേശപ്രകാരം എത്രയും വേഗം ബിൽ പാസാക്കി ദേവസ്വം ട്രൈബ്യൂണൽ ആക്ട് കൊണ്ടുവരാൻ ശ്രമിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് നിലവിലുള്ള ഭൂമിയെ സംരക്ഷിക്കാൻ മാത്രമേ സാധിക്കുകയുള്ളൂവെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു

144. ദേവസ്വത്തിന്റെ ഭൂമി പാട്ടത്തിന് കൊടുത്തതാണോയെന്ന സമിതി ചോദ്യത്തിന് പാട്ടത്തിന് കൊടുത്തിട്ടില്ലെന്നും ദേവസ്വത്തിന്റെ ഭൂമി ട്രസ്റ്റിമാർ തന്നെ

കയ്യേറുകയോ അല്ലെങ്കിൽ കയ്യേറിയവരെക്കൊണ്ട് സിവിൽ കോടതിയിൽ കേസ് കൊടുപ്പിക്കുകയോ ചെയ്യുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. മലബാർ ദേവസ്വം ബോർഡിന്റെ സ്വത്തെല്ലാം ട്രസ്റ്റിമാരുടെ കയ്യിലായതിനാൽ, ട്രസ്റ്റിമാർ ഒപ്പിടാതെ മലബാർ ദേവസ്വം ബോർഡിന്റെ വസ്തുവിൽ ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും ഭൂമി കയ്യേറുന്നതിൽ ട്രസ്റ്റിമാർ അനാസ്ഥ കാണിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ മലബാർ ദേവസ്വം ബോർഡിന് യാതൊരു അധികാരവുമില്ലെന്നും പ്രസ്തുത രീതി മാറ്റുന്നതിനുവേണ്ടിയാണ് നിയമനിർമ്മാണവും ട്രൈബ്യൂണലും കൊണ്ടു വരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

145. ദേവസ്വം രേഖയിൽ പ്രസ്തുത ഭൂമി ഉണ്ടാകുമോ എന്ന് സമിതി ആരാഞ്ഞതിന് വില്ലേജ് റെക്കോർഡ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടാകുമെങ്കിലും ഭൂമി കൈവശം കാണില്ലെന്നും റീ-സർവ്വേ വരുമ്പോൾ ഇതെല്ലാം മാറുമെന്നും ഓരോ ക്ഷേത്രത്തിന്റെയും വസ്തു അതാത് ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശത്തിലാണെന്നും അത് സംരക്ഷിക്കേണ്ടത് ട്രസ്റ്റിമാരാണെന്നും ക്ഷേത്രത്തിന് പാരമ്പര്യ ട്രസ്റ്റിയും പാരമ്പര്യേതര ട്രസ്റ്റിമാരുമുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

146. നിലവിലുള്ള ഭൂമിയെങ്കിലും അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**147. ശ്രീ. വള്ളിയൂർക്കാവ് ക്ഷേത്രം ദേവസ്വത്തിന് കീഴിൽ നിലവിലുള്ള ഭൂമി അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## സാംസ്കാരികകാര്യ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**കേരള ചലച്ചിത്ര അക്കാദമി**

**ഒമ്പതാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ കേരള-സംഗീത പരിപാടിയുടെ ഓഡിയോ സി.ഡി. നിർമ്മാണത്തിൽ അപാകതകൾ**

ഓഡിറ്റ് റിപ്പോർട്ട് 2005-06, ഖണ്ഡിക 23

2004-ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം, കേരള നിശാഗന്ധി

ഓഡിറ്റോറിയത്തിലെ സമാപന സമ്മേളനത്തോടനുബന്ധിച്ച് 17.12.04-ൽ നടന്ന സംഗീത പരിപാടി ശ്രീ.മോഹൻ സിത്താരയുടെ നേതൃത്വത്തിൽ നടന്നു. 18.12.04 ൽ ഇതിന്റെ ഓഡിയോ സി.ഡി. നിർമാണത്തിനു തീരുമാനിക്കുകയും, ചടങ്ങിന്റെ കോ-ഓർഡിനേറ്ററായ ശ്രീ.ലെനിൻ രാജേന്ദ്രനെ ഏൽപ്പിക്കുകയും ചെയ്തു. ശ്രീ.മോഹൻ സിത്താരയുടെ നേതൃത്വത്തിൽ എല്ലാ സംഗീതജ്ഞരേയും ഉൾപ്പെടുത്തി പരിപാടി പുനരാവിഷ്കരിക്കുന്നതിനും, സ്റ്റുഡിയോ, വാടക, പങ്കെടുക്കുന്നവർക്കുള്ള പ്രതിഫലം, താമസ സൗകര്യങ്ങൾ തുടങ്ങി എല്ലാ ചെലവുകൾക്കുമായി 1.07 ലക്ഷം രൂപ ആകുമെന്ന് കണക്കാക്കി സി.ഡി. നിർമ്മിക്കുന്നതിന് പോളിക്രോം എന്ന കമ്പനിയെ ഏൽപ്പിച്ചു. ശ്രീ.ലെനിൽ രാജേന്ദ്രന് 1,07,000/- രൂപ നൽകി.

18.12.04 നു കാസറ്റ് തയ്യാറാക്കണമെന്ന ആശയം ഉടലെടുത്തതു മുതൽ 21.12.05 ന് അവസാന തുക നൽകുന്നതുവരെയുള്ള നടപടിക്രമങ്ങൾ അക്കാദമിയുടെ താൽപര്യം സംരക്ഷിച്ചു കൊണ്ടുള്ളതായി കരുതാനാവില്ല. റോയൽറ്റിയായി പോളിക്രോം എന്ന സ്ഥാപനം, അക്കാദമിക്ക് നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. 1,07,000/- രൂപയുടെ ചെലവ് ദുർവ്യയമായി കാണുന്നതിനാൽ ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

148. 2004-ൽ നടന്ന അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ സമാപനച്ചടങ്ങിൽ സംഘടിപ്പിച്ച സംഗീത പരിപാടി വലിയ വിജയമായതുകൊണ്ട് ജനറൽ കൗൺസിൽ നിർദ്ദേശപ്രകാരം പുനരാവിഷ്കരിച്ചുകൊണ്ട് അതിന്റെ ഓഡിയോ സി.ഡി. പുറത്തിറക്കണമെന്ന് തീരുമാനിക്കുകയും ചടങ്ങിന്റെ കോ-ഓർഡിനേറ്ററായ ലെനിൻ രാജേന്ദ്രനെ അത് ഏൽപ്പിക്കുകയും ചെയ്തുവെന്നും പരിപാടി പുനരാവിഷ്കരണം നടന്ന മൂന്ന് ഘട്ടങ്ങളിലായാണ് 1,07 ലക്ഷം രൂപ കൈമാറിയതെന്നും മാസ്റ്റർ സി.ഡി. പോളിക്രോം എന്ന കമ്പനിയെ ഏൽപ്പിച്ച സമയത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്നും ആ ഘട്ടത്തിൽ ചലച്ചിത്ര അക്കാദമി നേരിട്ട് ലെനിൻ രാജേന്ദ്രന് രണ്ട് തവണ

ഓർമ്മക്കുറിപ്പ് നൽകിയെന്നും വളരെ സദുദ്ദേശപരമായിട്ട് സി.ഡി. നിർമ്മിച്ച് അധിക വരുമാനം കണ്ടെത്താനുള്ള ഒരു പരിശ്രമമാണ് ചലച്ചിത്ര അക്കാദമി നടത്തിയതെന്നും പരിപാടികൾ ജനങ്ങളുടെ മുമ്പിലെത്തിക്കാൻ വേണ്ടിയാണ് ശ്രമിച്ചതെന്നും നിർഭാഗ്യവശാൽ ലെനിൻ രാജേന്ദ്രൻ ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്നും സദുദ്ദേശപരമായി ചെയ്ത ഒരു കാര്യം സർക്കാർ ഗ്രാന്റ് ദുർവിനിയോഗം ചെയ്തു എന്ന രീതിയിലാണ് ഓഡിറ്റ് പരാമർശം വന്നിരിക്കുന്നതെന്നും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. വേറെ ആർക്കെങ്കിലും ഇതിൽ ഉത്തരവാദിത്തമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഇല്ലെന്നും ജനറൽ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ലെനിൻ രാജേന്ദ്രന് നടത്തിപ്പ് ചുമതല നൽകിയതെന്നും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി മറുപടി നൽകി.

149. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**150. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അന്താരാഷ്ട്ര ചലച്ചിത്രോത്സവം-2005 സർക്കാർ ഗ്രാന്റിന്റെ ദുർവിനിയോഗം**

ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 36

അന്താരാഷ്ട്ര ചലച്ചിത്രോത്സവം - 2005 ന്റെ നടത്തിപ്പ് ചുമതല 02.12.06 ലെ കരാർ പ്രകാരം കെ.റ്റി.ഐ. എന്ന സ്ഥാപനത്തിനു നൽകി. ആകെ 11,29,905/- രൂപ ചെലവായതിൽ 25,309/-രൂപ നികുതിയിനത്തിൽ പിടിച്ചശേഷം 11,04,596/-രൂപ കെ.റ്റി.ഐ.ക്ക് നൽകി. എന്നാൽ അനന്തര പരിശോധനയിൽ 1,82,134/-രൂപ ഇതേ ആവശ്യത്തിന് വീണ്ടും ചെലവാക്കിയതായി കാണുന്നു. ഇതിന്റെ യാതൊരു വിശദീകരണവും ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ 1,82,134/-രൂപ നിരാകരിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

151. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**152. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

**ബഡ്ജറ്റ് അംഗീകാരം നേടാതെ ചെലവ് ചെയ്യൽ ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട് 2002-2003; ഖണ്ഡിക 6

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓരോ വർഷവും ജനുവരി 1-നു മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഡയറക്ടർ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഭരണസമിതി അത് മാർച്ച് 31-നു മുമ്പ് അംഗീകരിക്കണമെന്നും 1976 ലെ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾ 6 അനുശാസിക്കുന്നു. ഇപ്രകാരം ഭരണസമിതി അംഗീകരിക്കുന്ന ബഡ്ജറ്റ് സർക്കാരിന്റെ അംഗീകാരത്തിനായി 15 ദിവസത്തിനകം അയച്ചുകൊടുക്കേണ്ടതുമുണ്ട്. എന്നാൽ 2002-03 ലെ ബഡ്ജറ്റ് പാസ്സാക്കാതെ ധനവിനിയോഗം നടത്തുകയും 08.10.2003-ൽ പുതുക്കിയ ബഡ്ജറ്റിന് അംഗീകാരം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ബഡ്ജറ്റിന് അംഗീകാരമില്ലാതെ ധനവിനിയോഗം നടത്തുന്നത് ക്രമവിരുദ്ധമായ നടപടിയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

153. ബഡ്ജറ്റ് അംഗീകാരം ഇല്ലാതെ ചെലവഴിച്ചു എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ ബഡ്ജറ്റിൽ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും നിലവിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം മാത്രമേ ഓരോന്നും അംഗീകരിക്കുകയുള്ളൂവെന്നും പ്രസ്തുത പരാമർശം 2006-07 ലെ ബഡ്ജറ്റ് സംബന്ധിച്ച കാര്യമാണെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു

154. നിലവിൽ ബഡ്ജറ്റ്, ഭരണസമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷമാണ് ധനവിനിയോഗം നടത്തുന്നതെന്നും മൂന്ന് തവണകളായിട്ടാണ് ഫണ്ട് നൽകുന്നതെന്നും ആദ്യത്തെ ഇൻസ്റ്റാൾമെന്റ് കഴിഞ്ഞ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വന്നുകഴിഞ്ഞാൽ മാത്രമേ അടുത്ത ഇൻസ്റ്റാൾമെന്റ് നൽകുകയുള്ളൂവെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ ബോധ്യപ്പെടുത്തി.

155. ഭാഷാഇൻസ്റ്റിറ്റ്യൂട്ട് ബഡ്ജറ്റ് അംഗീകരിക്കുന്ന നടപടികൾ കൈക്കൊള്ളുന്നില്ലെന്നതാണ് വിഷയമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇപ്പോൾ ബഡ്ജറ്റ് ഭരണസമിതിയിൽ കൃത്യമായി സമർപ്പിക്കുന്നുണ്ടെന്നും അന്നത്തെ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു

156. 1976-ലെ കേരള സംസ്ഥാന ഭാഷാഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾ 6 അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ നിലവിലും പാലിക്കുന്നില്ലെന്നും 2017-18 വർഷത്തെ ബഡ്ജറ്റിന് 20.04.2017 നാണ് ഭരണസമിതി അംഗീകാരം നൽകിയിരുന്നതെന്നും 2018-19 ലെ ബഡ്ജറ്റ് 12.06.2018-ൽ കൂടിയ ഭരണസമിതിയാണ് അംഗീകരിച്ചതെന്നും ഈ വീഴ്ച തുടരുന്നുവെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഭരണ സമിതിയുടെ യോഗം കൂടാൻ സമയം ലഭിക്കാത്തതുകാരണം രണ്ട് വർഷം വൈകിയെന്നും ബഹു. മുഖ്യമന്ത്രിയാണ് ഭരണസമിതി അദ്ധ്യക്ഷനെന്നും അദ്ദേഹത്തിന്റെ സമയം

നോക്കി യോഗം തീരുമാനിക്കുന്നതിനാലാണ് വൈകിപ്പോകുന്നതെന്നും അതിന് മുമ്പുള്ള വർഷങ്ങളിൽ കൃത്യമായി ചെയ്തു കൊണ്ടിരുന്നതാണെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

157. ബഡ്ജറ്റ് ഭരണസമിതിയിൽ കൃത്യസമയത്ത് സമർപ്പിച്ചാൽ മാത്രമേ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് വഴി ഫണ്ട് റിലീസ് ചെയ്തു നൽകുകയുള്ളൂവെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

158. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**159. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വർഷങ്ങളായി മുൻകൂർ തിരിച്ചു പിടിച്ചില്ല / ക്രമീകരിച്ചില്ല - രൂപ 4,39,984/-**

ഓഡിറ്റ് റിപ്പോർട്ട് 2002 -2003; ഖണ്ഡിക 16(1), (2), (3), 32

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി മുൻകൂറിനത്തിൽ നൽകിയ 4,39,984/- രൂപ വർഷങ്ങളായിട്ടും തിരിച്ചടച്ചതായോ ക്രമീകരിച്ചതായോ കാണുന്നില്ല. മുൻകൂർ തുക മുഴുവനും ക്രമീകരിക്കാൻ വേണ്ട അടിയന്തര നടപടി കൈക്കൊള്ളേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

160. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി മുൻകൂറിനത്തിൽ നൽകിയ 4,39,984 രൂപ വർഷങ്ങളായി തിരിച്ചടച്ചില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്ന് നിയമസഭാ സെക്രട്ടേറിയേറ്റ് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇതുസംബന്ധിച്ച വിശദമായ മറുപടി നൽകിയിട്ടുണ്ടെന്നും ഒരാളൊഴികെ മറ്റെല്ലാ

ജീവനക്കാരും റിട്ടയർമെന്റ് ആനുകൂല്യം ലഭിച്ചവരാണെന്നും അതിൽ ചിലർ മരണപ്പെട്ടുവെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

161. റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കുന്ന സമയത്ത് എന്തെങ്കിലും ബാധ്യതയുണ്ടോയെന്ന് പരിശോധിക്കേണ്ടതായിരുന്നില്ലേ എന്ന് സമിതി ആരാഞ്ഞതിന് പരിശോധിച്ചതിനുശേഷമേ റിട്ടയർമെന്റ് ആനുകൂല്യം നൽകാവൂവെന്നതാണ് ചട്ടമെന്നും എന്നാൽ ഈ വിഷയത്തിൽ എന്താണ് സംഭവിച്ചതെന്ന് വ്യക്തമല്ലെന്നും 2018-ൽ റിട്ടയർ ചെയ്ത ശ്രീ. വിജയകുമാർ എന്ന ഉദ്യോഗസ്ഥന്റെ ആനുകൂല്യങ്ങൾ നൽകാതെ തടഞ്ഞു വച്ചിരിക്കുകയാണെന്നും പ്രസ്തുത വ്യക്തിയിൽ നിന്നുമാത്രമേ തുക തിരിച്ചുപിടിക്കാൻ സാധിക്കുകയുള്ളൂവെന്നും റിട്ടയർ ചെയ്ത് നിശ്ചിത കാലയളവ് കഴിഞ്ഞാൽ തുക തിരിച്ച് ഈടാക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലുണ്ടെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

162. അടുത്ത ഭരണസമിതിയിൽ തീരുമാനമെടുത്ത് ഓഡിറ്റ് വകുപ്പിനെ അറിയിക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകിയ സമിതി പ്രസ്തുത വിഷയം ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കണമോ എന്ന് തീരുമാനിക്കാമെന്ന് അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**163. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ഒരാളൊഴികെ ബാക്കിയെല്ലാവരും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളവരാണെന്നും ഒരാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിരിക്കുകയാണെന്നും മേൽവിഷയം സംബന്ധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടുത്ത ഭരണ സമിതിയിൽ തീരുമാനം കൈക്കൊള്ളുന്നതാണ് എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഭരണസമിതി കൈക്കൊണ്ട തീരുമാനം ഓഡിറ്റ് വകുപ്പിനെ അറിയിക്കുവാനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനകൈരളി മാസിക - പോസ്റ്റേജ് - സൗജന്യ നിരക്ക് പുതുക്കാത്തതുമൂലം നഷ്ടം 90,622/- രൂപ**

ഓഡിറ്റ് റിപ്പോർട്ട് 2002 -03; ഖണ്ഡിക. 22

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന കൈരളി മാസിക വരിക്കാർക്ക് അയച്ചുകൊടുക്കുന്നതിന് സൗജന്യനിരക്ക് ലഭ്യമാണ്. എന്നാൽ ഈ ആനുകൂല്യം തുടർന്ന് ലഭിക്കുന്നതിന് നടപടി യഥാസമയം എടുക്കാതിരുന്നതുമൂലം സൗജന്യ നിരക്കായ 70 പൈസയ്ക്കുപകരം 5 രൂപ വീതം ചെലവിടേണ്ടിവന്നു. 04.03.2003-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഭരണസമിതി യോഗം സൗജന്യ നിരക്ക് പുനഃസ്ഥാപിച്ചുകിട്ടാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും തീരുമാനം പ്രാവർത്തികമാക്കാൻ കാലതാമസം വരുത്തിയതുമൂലം 01.04.02 മുതൽ 2004 ആഗസ്റ്റുമാസം വരെയുള്ള കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന് പോസ്റ്റേജിനത്തിൽ 90622/- രൂപ അധികമായി ചെലവിടേണ്ടിവന്നു. ഒഴിവാക്കാമായിരുന്ന ഈ നഷ്ടം ഉദ്യോഗസ്ഥതലത്തിലെ വീഴ്ച മൂലം ഉണ്ടായതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

164. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അതാത് കാലത്തെ എഡിറ്റർമാരാണ് തപാലിന്റെ ഉത്തരവാദിത്തം വഹിക്കുന്നതെന്നും 2001 മുതലുള്ള കാലയളവിലെ എഡിറ്റർമാരെല്ലാം വിരമിച്ചുവെന്നും നാല് പേരുടെ സ്ഥാനത്ത് നിലവിൽ രണ്ട് പേർ മാത്രമാണ് സർവ്വീസിലുള്ളതെന്നും നാലുപേരിൽ നിന്നുമാണ് നഷ്ടപരിഹാരത്തുക ഈടാക്കേണ്ടതെന്നും അവർക്ക് ബാധ്യതാരഹിത സാക്ഷ്യപത്രം കൊടുക്കുന്നതിനുമുമ്പായി ഇത്തരം കാര്യങ്ങൾ പരിശോധിച്ചിട്ടില്ലെന്നാണ് മനസിലാക്കുന്നതെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

165. ഓഡിറ്റ് പരാമർശം വന്നാലും സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തുപോയാൽ യാതൊരു പ്രശ്നവുമില്ലെന്ന പൊതുസന്ദേശമാണ് ഇത്തരം വിഷയങ്ങളിൽ നിന്നും

ജനങ്ങൾ മനസിലാക്കുന്നതെന്നും ഒരു ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുമ്പോൾ ഓഡിറ്റിന്റെ പരാമർശത്തിൽ/പരാമർശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയാണെങ്കിൽ റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കാൻ പാടില്ലാത്തതാണെന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു

166. വിരമിച്ചുകഴിഞ്ഞാലും നഷ്ടപരിഹാര തുക പിടിക്കണമെന്ന് നിലവിൽ ഉത്തരവുണ്ടെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ എൻ.എൽ.സി. കൊടുക്കുന്നതിനുമുമ്പ് ഇത് കണ്ടെത്തേണ്ടതായിരുന്നുവെന്നും എന്നാൽ, വിരമിച്ച ശേഷം അവർക്ക് എൻ.എൽ.സി. ലഭിച്ചുവെന്നും 2011-ൽ വിരമിച്ച വ്യക്തിയെ മാത്രം കണ്ടെത്തി തുക തിരിച്ചു പിടിക്കാനേ കഴിഞ്ഞുള്ളൂവെന്നും കുറച്ചു പേർ മരണപ്പെട്ടുവെന്നും അതതു കാലത്തുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വ്യക്തമാക്കി

167. ഇത്തരം വീഴ്ചകൾ തുടർന്നുണ്ടാകാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**168. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകാൻ പാടില്ലാത്തതാണെന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങളുടെ പുസ്തകങ്ങൾ അപ്രത്യക്ഷമാവുന്നു- നഷ്ടം 2,64,867 രൂപ**

ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക-25,26

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനമുദ്രണം പ്രസ്സിൽ അച്ചടി പൂർത്തിയാകുന്ന പുസ്തകങ്ങൾ അതേ വളപ്പിൽ തന്നെയുള്ള പ്രധാന ഗോഡൗണിലേയ്ക്ക് മാറ്റുന്നതിനിടയിൽ അനേകം പുസ്തകങ്ങൾ അപ്രത്യക്ഷമാകുന്നതായി കാണുന്നു

ഇപ്രകാരം 2,24,117/- രൂപയുടെ മുഖവിലയുള്ള പുസ്തകങ്ങൾ 2002-03ൽ മാത്രം നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ ആസ്ഥാന ഗോഡൗണിൽ നിന്നും കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലേയ്ക്ക് നൽകിയ പുസ്തകങ്ങളിൽ 40750/- രൂപ മുഖവിലയുള്ള പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്തതായും കാണുന്നില്ല. തന്മൂലം ഈയിനത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2,64,867/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വ്യക്തമായ രേഖകൾ പ്രകാരം കൈമാറുന്ന പുസ്തകങ്ങൾ നഷ്ടമാകാൻ യാതൊരു സാദ്ധ്യതയുമില്ല. വിശദമായ അന്വേഷണത്തിനവിധേയമാക്കി നഷ്ടത്തിനുത്തരവാദികളിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

169. പുസ്തകങ്ങൾ എങ്ങനെയാണ് നഷ്ടപ്പെടുന്നതെന്ന് സമിതി ആരാഞ്ഞതിന് പുസ്തകങ്ങൾ പ്രസ്സിൽ നിന്നും ഗോഡൗണിലേക്ക് കൊണ്ടുവരുന്നതിനിടയിൽ ചോർച്ച സംഭവിച്ചു എന്നാണ് പറയപ്പെടുന്നതെന്നും വിജിലൻസ് അന്വേഷണത്തിനിടെ നഷ്ടോത്തരവാദി മരണപ്പെട്ടുവെന്നും മരണപ്പെട്ട വ്യക്തിയുടെ ആശ്രിതർ മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ പരാതി കൊടുക്കുകയും പെൻഷൻ ആനുകൂല്യം നൽകാനുള്ള വിധിയുണ്ടാവുകയും ചെയ്തെന്നും അങ്ങനെ ആനുകൂല്യം ലഭിച്ച പ്രസ്തുത വ്യക്തിയിൽ നിന്നുമാണ് തുക ഈടാക്കിയിട്ടുള്ളതെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

170. പ്രസ്തുത വ്യക്തി ഏത് ഗ്രേഡിലുള്ള ജീവനക്കാരനാണെന്നും ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ എന്താണ് ചെയ്യേണ്ടതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അദ്ദേഹം മാനേജരാണെന്നും പ്രസ്സ് മാനേജർ എന്നാൽ ഗസറ്റഡ് റാങ്കിൽ ഉൾപ്പെടുന്ന ഫോർമാൻ തസ്തികയാണെന്നും നിലവിൽ എല്ലാ കാര്യങ്ങളും കൃത്യമായിട്ടാണ് നടക്കുന്നതെന്നും 500, 1000 പുസ്തകങ്ങൾ പ്രിന്റ് ചെയ്താലും കറക്ടായി ഗോഡൗണിലെത്തുന്നുണ്ടെന്നും മൊത്തത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടെന്നും ഏതെങ്കിലും ഒരു പുസ്തകത്തിന്റെ പേര് നൽകി നമ്പർ

കൊടുക്കുമ്പോൾ തന്നെ പ്രസ്തുത പുസ്തകത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഓൺലൈൻ വഴി അറിയാൻ കഴിയുമെന്നും ഒരു പുസ്തകം നഷ്ടപ്പെട്ടാലും അറിയാൻ കഴിയുമെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

171. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**172. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്രെഡിറ്റ് വില്പന-ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ വരവു വെയ്ക്കുന്നതിൽ കാലതാമസം - പലിശ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക 28

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്രെഡിറ്റ് വില്പന പദ്ധതി അനുസരിച്ച്, പുസ്തകത്തിന്റെ വിലയായി വിവിധ സ്ഥാപനങ്ങൾ നൽകുന്ന ചെക്കുകൾ സ്റ്റേറ്റ് ബാങ്കിലെ സി. ആന്റ് ഐ 24-ാം നമ്പർ അക്കൗണ്ടിൽ വരവുവെയ്ക്കുന്നതിൽ രണ്ടുമാസം മുതൽ ഒന്നരവർഷം വരെ കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. പലിശ ലഭ്യമാകുന്ന ബാങ്ക് അക്കൗണ്ടിൽ തുക യഥാസമയം ക്രെഡിറ്റ് വരാത്തതുമൂലം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പലിശയിനത്തിൽ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ഈയിനത്തിൽ 2002-03 ൽ 4316/- രൂപയുടെ പലിശ നഷ്ടം സംഭവിച്ചു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. വകുപ്പ് ലഭ്യമാക്കിയ മറുപടി ഓഡിറ്റ് വകുപ്പ് അംഗീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**174. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് പ്രാദേശിക കേന്ദ്രം-പുസ്തക വില്പന പിരിഞ്ഞുകിട്ടാത്ത തുക 1,49,049/- രൂപ**

ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക 35

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ പുസ്തകശാലകൾക്ക്/ ഏജൻസികൾക്ക് കടമായി പുസ്തകങ്ങൾ നൽകിയ വകയിൽ 1,49,049/-രൂപ വർഷങ്ങളായി കുടിശ്ശികയാണ്. 2002-03ൽ ഈയിനത്തിൽ തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.6.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

175. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പതിനൊന്ന് പുസ്തകശാലകൾക്ക് ക്രെഡിറ്റ് വ്യവസ്ഥയിലാണ് പുസ്തകങ്ങൾ നൽകിയിരുന്നതെന്നും പുസ്തകങ്ങളുടെ വില്പന നടത്തിയശേഷം തുക ഒടുക്കുകയാണ് ചെയ്തുവന്നിരുന്നതെന്നും പുസ്തകശാലകൾ നൽകിയ ഡെപ്പോസിറ്റ് തുകയിൽ നിന്ന് തിരികെ ലഭിക്കേണ്ട തുക ഈടാക്കിയിട്ടുണ്ടെന്നും പതിനൊന്ന് സ്ഥാപനങ്ങളിലായി 80,186.87/-രൂപ കുടിശ്ശികയുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ശേഷിക്കുന്ന ഇരുപത്തിയൊന്ന് സ്ഥാപനങ്ങളുടെ കുടിശ്ശികയുൾപ്പെടെ 98,446 രൂപ കിട്ടാനുണ്ടെന്നും ഇത് 20 വർഷം മുൻപുള്ള ബാധ്യതയാണെന്നും നിലവിൽ പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലെന്നും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പല പുസ്തകശാലകളും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നും കുടിശ്ശിക ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും മറുപടി ലഭിക്കുന്നില്ലെന്നും ഇക്കാര്യം ഭരണസമിതിയിൽ വച്ച് അംഗീകരിച്ച് ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുള്ളതിനാൽ നിലവിൽ

കണക്കുകളെല്ലാം കൃത്യമാണെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

176. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**177. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**തിരുവനന്തപുരം,**
**.......................**

**ശ്രീ. ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | കായികയുവജനക്ഷേമ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 4 | " | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 7 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 9 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 18 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശിച്ച വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 26 | " | ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള ആകെ നഷ്ടമായ 112023/- രൂപയിൽ |

| | | | |
|---|---|---|---|
| | | | കരാറുകാരന് അധികം നൽകിയ 19731/- രൂപ തിരികെ ഈടാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 92292/- രൂപയുടെ ചെലവ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം നേടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7 | 29 | " | ട്രഷറിയിൽ ശരിയായ ശീർഷകത്തിൽ ഒടുക്കിയതിന്റെ ചെലാൻ കോപ്പി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 35 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു. |
| 9 | 40 | " | ഓഡിറ്റ് പരാമർശിച്ച വിഷയം സംബന്ധിച്ച് എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 52 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 55 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 58 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 62 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 65 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 67 | ” | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 70 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 17 | 74 | ” | പ്രസ്തുത പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 18 | 77 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 19 | 80 | ” | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 20 | 82 | ” | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 85 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 90 | ” | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 95, 96 | ” | ചേനപ്പാടി, കോരുത്തോട് ഡിവിഷനുകളിലെ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>ഉയർന്ന സബ്സിഡിയോടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരി ദുർവിനിയോഗം ചെയ്യുതിനാൽ നഷ്ടം ഉണ്ടാക്കിയെന്ന പരാമർശം സംബന്ധിച്ച് കൺവീനറുടെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറിയുടെ തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 24 | 98 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച വിജിലൻസ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 101 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | 103, 106 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 109 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 28 | 112, 115 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 118 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 30 | 120 | " | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 124, 128 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 130 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 139, 140, 141 | റവന്യൂ (ദേവസ്വം) വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ പുറക്കാടി ദേവസ്വത്തിൽ നിലവിൽ സർവ്വീസിൽ ഉടനെ ഓഡിറ്റ് പരാമർശവിധേയരായ വ്യക്തിയുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കാനും ഉത്തരവാദികളായ മറ്റുള്ളവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ശ്രീ വള്ളിയൂർക്കാവ് ക്ഷേത്രം, വയനാടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നഷ്ടോത്തരവാദിയിൽ നിന്നും പ്രതിമാസം 2000/- രൂപ വീതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ തുക പൂർണ്ണമായും തിരികെ ഈടാക്കി ഓഡിറ്റിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.<br><br>ശ്രീ പന്തലായിനി കാളിയമ്പത്ത് ശിവക്ഷേത്രം; ശ്രീ മാനിക്കാവ് ക്ഷേത്രം, ശ്രീ ചാലഭഗവതി ക്ഷേത്രം, കണ്ണൂർ, ശ്രീ കൊട്ടിയൂർ ക്ഷേത്രം, കണ്ണൂർ എന്നീ ക്ഷേത്രങ്ങളിലെ നഷ്ടത്തുക തിരിച്ചടച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. തൃശ്ശിലേരി ക്ഷേത്രം, മാനന്തവാടി, ശ്രീ. അന്നപൂർണ്ണേശ്വരി ക്ഷേത്രം, ശ്രീ. അണ്ടല്ലൂർകാവ് ക്ഷേത്രം, ശ്രീ കടമേരി പരദേവത ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 147 | | ശ്രീ. വള്ളിയൂർകാവ് ക്ഷേത്രം ദേവസ്വത്തിന് കീഴിൽ നിലവിലുള്ള ഭൂമി അന്യാധീനപ്പെട്ട |

| | | | |
|---|---|---|---|
| | | | പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 150 | സാംസ്കാരികകാര്യ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 152 | " | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 159 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ , പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 163 | " | ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ഒരാളൊഴികെ ബാക്കിയെല്ലാവരും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളവരാണെന്നും ഒരാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിരിക്കുകയാണെന്നും മേൽവിഷയം സംബന്ധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടുത്ത ഭരണ സമിതിയിൽ തീരുമാനം കൈക്കൊള്ളുന്നതാണ് എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഭരണസമിതി കൈക്കൊണ്ട തീരുമാനം |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് വകുപ്പിനെ അറിയിക്കുവാനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 39 | 168 | " | ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകാൻ പാടില്ലാത്തതാണെന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 172 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | 174 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 177 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) – സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക**

| ഖണ്ഡിക നം. | ആഡിറ്റ് നിരീക്ഷണങ്ങൾ | നടപടി പത്രിക |
|---|---|---|
| 7 | 2000 – ലെ സ്പോർട്സ് ആക്ട് വകുപ്പ് 6 പ്രകാരം രൂപീകരിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി അതിന് ഡെലിഗേറ്റ് ചെയ്യാത്ത അധികാരങ്ങൾ ഉപയോഗിച്ച് എല്ലാ ചെലവിനങ്ങൾക്കും അധികാര പത്രം നൽകിയിരിക്കുന്നത് നിയമവിരുദ്ധ നടപടി യാണ്. വകുപ്പ് 5(3), 6(2) എന്നിവ പ്രകാരമുള്ള അധികാരങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ഡെലിഗേറ്റ് ചെയ്തതായ രേഖകൾ ഹാജരാക്കിയിട്ടില്ല. | 03.12.2003 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട 50 അംഗങ്ങൾ അടങ്ങിയ കൗൺസിലിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ട് പോകാനാണ് 11 അംഗങ്ങൾ അടങ്ങിയ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ചത്. ടി കമ്മിറ്റി ആക്ടിന്റെ വകുപ്പ് 6 ൽ നിഷ്കർഷിച്ചിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങളെയും കൂടി ഉൾപ്പെടുത്തി രൂപീകരിച്ചതായിരുന്നില്ല. ആയതിനാലാണ് വകുപ്പ് 5(3), 6(2) പ്രകാരമുള്ള ഡെലിഗേഷനുകൾ നടത്താതിരുന്നത്. ടി കമ്മിറ്റിയുടെ എല്ലാ തീരുമാനവും കൗൺസിലിന്റെ പരിശോധനയ്ക്ക് വിധേയമായിരുന്നു. നിലവിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഇല്ലാത്ത അധികാരം വിനിയോഗിച്ച് പ്രവർത്തിക്കുന്നില്ല എന്നതിനാൽ ഖണ്ഡിക 7 പ്രകാരമുള്ള ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. |
| 12 | സർക്കാരിന്റെ അംഗീകാരം ഇല്ലാതെ സ്പോർട്സ് കൗൺസിൽ അധിക തസ്തികകൾ സൃഷ്ടിച്ച് ദിവസ/കരാർ വേതനക്കാരെ നിയമിച്ച് ശമ്പളം ഇനത്തിൽ 2004-2005 ൽ 4,03,822/- രൂപ ചെലവാക്കി. | കൗൺസിൽ ആരംഭിച്ചിട്ടുള്ള 9 സ്പോർട്സ് ഹോസ്റ്റലുകൾക്ക് ആവശ്യമായ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഹോസ്റ്റലിലെ ജീവനക്കാർ എല്ലാം തന്നെ ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. നിലവിലുള്ള ഒഴിവുകൾ നികത്താനും ജീവനക്കാരുടെ അധ്വാനഭാരം ലഘൂകരിക്കുവാനും സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് കോച്ചിംഗ് ശക്തിപ്പെടുത്താനും ആവശ്യമായ മനുഷ്യശേഷി സമാഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 10.08.2007 ലെ 5456/എസ്.വൈ2/04/ പൊ.വി.വ നമ്പർ കത്തിൽ പരിശീലകരുടെ |

| | | |
|---|---|---|
| | | ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതു വരെ നേരിട്ടോ നിയമനം നടത്തി നികത്താൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കേണ്ടി വന്നിട്ടുള്ളത്. സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം നിലച്ചുപോകാതിരിക്കാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള ചെലവ് വഹിക്കേണ്ടി വന്നിട്ടുള്ളത്. ഇതിനുള്ള ചെലവ് ബഡ്ജറ്റിൽ വേതനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഭരണപരമായ ചെലവായി കണ്ട് ഇത് സംബന്ധിച്ച ആഡിറ്റിന്റെ തടസ്സം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു. |
| 13 | കായിക പരിശീലനത്തിനായി സ്കൂളുകളിൽ ആരംഭിച്ച ഓപ്പറേഷൻ ഗോൾഡ് പദ്ധതിയിൽ 1,43,631/- രൂപയുടെ അനധികൃത ചെലവ്. 2004-2005 ൽ 6,62,855/- രൂപ പദ്ധതിയിലേക്ക് എന്ന പേരിൽ ചെലവാക്കിയതിൽ 1,43,631/- രൂപയുടെ ചെലവ് ഓപ്പറേഷൻ ഗോൾഡ് പദ്ധതിയുമായി ബന്ധപ്പെട്ടതല്ല. എച്ച്.ആർ.ഡി പാർലമെന്ററി കമ്മിറ്റി മുരുക്കുംപുഴ വാട്ടർ സ്പോർട്സ് അക്കാഡമി സന്ദർശിച്ചതിന്റെ ചെലവും അവർക്ക് ഭക്ഷണം നൽകിയതിന്റെ ചെലവും ചേർന്നതാണ് 1,43,631/-രൂപയുടെ ചെലവ്. | സ്പോർട്സ് കൗൺസിൽ സന്ദർശിച്ച പാർലമെന്ററി കമ്മിറ്റി 17.02.2005 മുതൽ 22.02.2005 വരെയുള്ള ദിവസങ്ങളിൽ ഓപ്പറേഷൻ ഗോൾഡ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി പദ്ധതി നടത്തിപ്പിൽ കമ്മിറ്റി തൃപ്തി രേഖപ്പെടുത്തുകയും, ഭാരതത്തിലെ എല്ലാ സ്കൂളുകളിലും ഇത് നടപ്പിലാക്കണമെന്ന് പാർലമെന്റിൽ ശുപാർശ നൽകുകയും, ആ ശുപാർശ പാർലമെന്റ് അംഗീകരിക്കുകയും ഉണ്ടായി. സ്പോർട്സ് കൗൺസിൽ സന്ദർശിച്ച പാർലമെന്ററി കമ്മിറ്റി അംഗങ്ങളുടെ ഈ ദിവസങ്ങളിലെ താമസം, ഭക്ഷണം, യാത്ര തുടങ്ങിയ ഇനങ്ങളിൽ കൗൺസിൽ ചെലവഴിച്ച 1,43,631/- രൂപ ഓപ്പറേഷൻ ഗോൾഡ് പദ്ധതി വിലയിരുത്തുന്നതിന് അനിവാര്യമായ ചെലവായതിനാൽ ആയിനത്തിൽ അല്ലാതെ വേറെ ഇനത്തിൽ ടി ചെലവ് ഉൾപ്പെടുത്താൻ കഴിയുമായിരുന്നില്ല. ആയതിനാൽ ഈ ചെലവിന്മേലുള്ള ആഡിറ്റ് തടസ്സം നീക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | |
|---|---|---|
| 14 | കൗൺസിൽ ജീവനക്കാർ പെൻഷൻ ആകുമ്പോഴും സ്ഥലം മാറുമ്പോഴും യാത്രയയപ്പ് പരിപാടികൾക്ക് കൗൺസിലിന്റെ ഫണ്ടിൽ നിന്നും മുൻകൂർ നൽകി ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു, സർക്കാർ ആർട്ടിക്കിളിന് വിരുദ്ധമായി യാത്രയയപ്പ് പരിപാടികൾക്ക് ചെലവാക്കിയ 25,500/- രൂപ അനധികൃത ചെലവായി കണക്കാക്കുന്നു. | കൗൺസിലിൽ സ്തുത്യർഹമായ സേവനം പൂർത്തീകരിച്ച് പിരിഞ്ഞുപോയ ജീവനക്കാർക്ക് ആശംസകൾ നേരുന്നതിന് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗങ്ങൾക്കുവേണ്ടി ഫണ്ട് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആഡിറ്റ് തടസ്സങ്ങളെ തുടർന്ന് ഈ വക ചെലവുകൾ വരുത്തുന്നത് അവസാനിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം നീക്കണമെന്ന് അപേക്ഷിക്കുന്നു. |

[illegible]

[illegible] 7337

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ഫണ്ട് ഇനത്തിൽ ചിലവഴിച്ച തുക പ്രസ്തുത വർഷത്തെ പദ്ധതി ചിലവായി സാധൂകരിച്ച് മേൽ ഓഡിറ്റ് പരാമർശത്തിൽനിന്നും ഒഴിവാക്കി നൽകണമെന്ന് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു. സാധൂകരണത്തിന് ഓഡിറ്റ് വകുപ്പിന് കത്ത് നല്കിയിട്ടുണ്ട്. |
| | | 3.8.2 | 2. പദ്ധതി തുക കൈപ്പറ്റിയിട്ടും കയർ പിരിയന്ത്രം സ്ഥാപിച്ചിട്ടില്ല. | 1999-2000 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് പുതിയ കയർ പിരി യന്ത്രം സ്ഥാപിച്ചിട്ടുള്ളതാണ് എന്ന് കയർ വ്യവസായ സഹകരണസംഘം സെക്രട്ടറി അറിയിച്ചിട്ടുള്ളതും ആയത് വ്യവസായ വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതുമാണ്. |
| 5. | തിരുവല്ല നഗരസഭ 3.9 | 3.9.1 | 1.വൈദ്യുതി ശ്മശാനം 35 ലക്ഷം പാഴായി. | സർവ്വേ നമ്പർ 416/04-05-ൽ പ്പെട്ട 51 സെന്റ് സ്ഥലം നഗരസഭ പൊതുശ്മശാനമായി ഉപയോഗിച്ചു വരവേ പരിസരവാസികളുടെ എതിർപ്പ് മൂലം മുൻസിഫ് കോടതിയിൽ സ്റ്റേ വന്നതിനാൽ [illegible] കറവുള്ളവരുടെ മൃതദേഹം അടക്കം ചെയ്യുന്നതിന് ബുദ്ധിമുട്ട് വരുകയും 01.11.2000 ലെ കൗൺസിൽ യോഗം വൈദ്യുത ശ്മശാനത്തിന് 35 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| / | | | | ഓഫറുകൾ ക്ഷണിച്ചതിൽ 3 ഓഫറുകൾ മാത്രമാണ് ലഭ്യമായത് എന്നും ആയതിൽ C.R. Microtouch എന്ന കമ്പനി കോട്ടയം നഗരസഭയിൽ സ്ഥാപിച്ച ഇലക്ട്രിക് ക്രിമിറ്റോറിയം നഗരസഭ ചെയർമാൻ, സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ നേരിൽ കണ്ട് ബോധ്യപ്പെട്ടു. എം എൽ എ, ആർ. ഡി.ഒ ഇടങ്ങിയവരുൾപ്പെട്ട ശ്മശാനം നിർമ്മാണ കമ്മിറ്റി C.R. Microtouch എന്ന കമ്പനി മുന്നോട്ടു വച്ച ഗ്യാരണ്ടി വ്യവസ്ഥകൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ച് 01-12-2000 ൽ കരാർ ഒപ്പ വച്ചു. 5 മാസക്കാലയളവിൽ പണി പൂർത്തിയാക്കണമെന്നായിരുന്നു കരാറെങ്കിലും സമീപവാസികളിൽ നിന്നുള്ള എതിർപ്പുകളും ബഹുമാനപ്പെട്ട കോടതിക്കേസുകളും നിരവധി ഉണ്ടായിട്ടുണ്ടെന്നും സ്ഥാപനത്തിന്റെ മേധാവി അപകടത്തിൽ മരണപ്പെട്ടതിനാൽ പണി സ്തംഭനാവസ്ഥയിലെത്തിയെന്നും ഇടർന്ന് പാർട്ണറെ കണ്ടെത്തി 08.11.2002 ൽ പണി പൂർത്തിയായെന്നും സെക്രട്ടറി അറിയിച്ചു. 27.03.2004 വരെ മൃതദേഹം ക്രിമേറ്റ് ചെയ്തു. 28,600/- രൂപ നഗരസഭയ്ക്ക് ലഭിച്ചു. പരിസരവാസികളിൽ നിന്നും പരാതിയുണ്ടായി ഹെൽത്ത് ഇൻസ്പെക്ടർ നേരിട്ട് പരിശോധിച്ചതിൽ |

| | | | | |
|---|---|---|---|---|
| | | | | മൃതദേഹം പൂർണ്ണമായും കത്തി മാറുന്നില്ല എന്നും exhaust fan പ്രവർത്തിക്കുന്നില്ലായെന്നും പരാതി ലഭിച്ചതിനെതുടർന്ന് 25.05.2004 ൽ അറ്റകുറ്റ പണികൾക്കായി കമ്പനിക്കയച്ച രജിസ്റ്റേർഡ് കത്ത് മടങ്ങി വരുകയും അറ്റകുറ്റ പണികൾക്കായി മറ്റൊരു ഏജൻസിയെ അന്വേഷിച്ചിട്ട് ലഭ്യാകാത്തതുമാണ്. ഭീമമായ ഇലക്ട്രിസിറ്റി ബിൽ വരുന്നതിനാൽ ടി ക്രിമിറ്റോറിയം പിന്നീട് പ്രവർത്തിപ്പിച്ചിട്ടില്ല. നിലവിൽ പുതിയ വൈദ്യുതി ശ്മശാനം ഉപയോഗിച്ചുവരുന്നു. |
| | | 3.9.2 | 2. കളിക്കടവും അപ്രോച്ച് റോഡും നിർമ്മാണത്തിൽ നഷ്ടം | SJSRY & PWEP സ്കീമിലുള്ള ടി പദ്ധതി CDS/ADS വഴിയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ടി വേല സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളതിനാൽ തൊഴിൽദാന പദ്ധതി പ്രകാരം 60:40 (മെറ്റീരിയൽ:ലേബർ) അനുപാതം നിലനിർത്തി എഞ്ചിനീയറിംഗ് വിഭാഗം വഴി നിർവ്വഹിക്കുന്നതിനായി CDS പ്രോജക്ട് ഓഫീസർ ഫയൽ കൈമാറ്റം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട ഓവർസീയർ ശ്രീമതി.മോളിക്കുട്ടി മുഖേന ഡിപ്പാർട്ട്മെന്റലായി ടി പദ്ധതി നിർവ്വഹിക്കാൻ ഇടയായത്. മറിച്ച് ഓവർസീയറുടെ ശുപാർശ പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ ചുമതല ഏറ്റെടുത്തതല്ല.<br><br>വേജ് എംപ്ലോയ്മെന്റ് സ്കീം അനുസരിച്ചുള്ള പണികൾ |

| | | | | |
|---|---|---|---|---|
| | | | | 60:40 അനുപാതം നിലനിർത്തി ചെയ്യേണ്ടതാണെന്ന വ്യവസ്ഥ പാലിക്കേണ്ടി വന്നതിനാലാണ് ടി വേല നിർമ്മിതി യെയോ കോസ്റ്റ്ഗാർഡിനെയോ ഏൽപ്പിക്കാതെ ബന്ധപ്പെട്ട ഓവർസിയർ വഴി ഡിപ്പാർട്ട്മെന്റലായി ചെയ്യേണ്ടിവന്നത്.<br><br>ഡിപ്പാർട്ട്മെന്റലായും വേജ് എംപ്ലോയ്മെന്റ് സ്കീം അനുസരിച്ചും നടത്തേണ്ട വേലകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ വിളിച്ച് കൗൺസിൽ അംഗീകാരം വാങ്ങി കരാർ വെച്ച ഒരു ഉടമ്പടി പ്രാബല്യത്തിൽ ഇരുന്നതിനാലാണ് ടി നിരക്ക് പ്രകാരം ഈ വേലയ്ക്കും അതേ നിരക്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടി കരാറുകാരനു തന്നെ വിതരണാവകാശം നൽകിയത്.<br><br>സാധന സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനവ് മൂലം 55,384/- രൂപ വർദ്ധനവ് വന്നിട്ടുള്ളതാണ്. ടി വർദ്ധനവ് കൗൺസിൽ അംഗീകരിക്കുകയും തനത് ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുള്ളതുമാണ്. ഓഡിറ്റ് തടസ്സത്തിൽ, അധികമായി കരാറുകാരന് തുക നൽകിയെന്ന് പരാമർശം വന്നതിന്റെ അടിസ്ഥാനത്തിൽ 19,731/- രൂപ ടിയാനെ കൊണ്ട് നഗരസഭാ ട്രഷറിയിൽ അടപ്പിച്ചിട്ടുണ്ട്. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | |
| 6. | അടൂർ നഗരസഭ<br>3.10 | 3.10.1 | 1.ശീർഷകം തെറ്റി, പദ്ധതി വിഹിതം 24.6 ലക്ഷം നിയമ വിരുദ്ധമായി ക്രമപ്പെടുത്തി. | 1) ടി പരാമർശത്തിൽ 24,61,250/-രൂപയ്ക്കു വേണ്ടി തയ്യാറാക്കിയ ചെക്ക് നമ്പർ 539468 പ്രകാരം 16/08/2002 ൽ ട്രഷറിയിൽ പേയ്മെന്റ് നടത്തിയിട്ടുള്ളതാണ്. ആയതിന്റെ പേയ്മെൻറ് സംബന്ധിച്ച് അടൂർ സബ് ട്രഷറി ഓഫീസർ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൽ 24,61,250/-രൂപ 379/31/08/2002 എന്ന ക്രമനമ്പരിൽ 2217-80-191-45-04-P-V എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ആക്കിയിട്ടുള്ള വിവരം അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ സർട്ടിഫിക്കറ്റ് പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.<br>(2) ടി തുക 539468-ാം നമ്പർ ചെക്ക് പ്രകാരം 16/08/2002 ൽ ട്രഷറിയിൽ ക്രമപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ സർട്ടിഫിക്കറ്റ് അടൂർ സബ് ട്രഷറി ഓഫീസർ നല്കിയിട്ടുള്ളതാണ്. ടി ക്രമപ്പെടുത്തലിന് കാലതാമസം ഉണ്ടാക്കിയത് മാപ്പാക്കികൊണ്ട് ടി പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | 3.10.2 | 2. മാർക്കറ്റ് സ്റ്റാൾ യാർഡ് നിർമ്മാണത്തിൽ അപാകതകൾ | നിലവിൽ പഴയ ഫയലുകൾ നഗരസഭയിലെ സ്ഥലപരിമിതി മൂലം നഗരസഭാ സാംസ്കാരിക നിലയത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതും, പ്രസ്തുത ഫയൽ പ്രാഥമിക പരിശോധനയിൽ നഗരസഭയിൽ കണ്ടെത്തുവാൻ സാധിക്കാത്തതുമാണ്. |
| | | 3.10.3 | 3. റോഡിന്റെ ഉദ്ധാരണം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ നഷ്ടം. | ടി പരാമർശത്തിലെ കരാറുകാരനായ ശ്രീ.എം.ജോർജ്ജ്, വലിയവിള, സന്തോഷ് ഭവനം എന്നയാൾ അധികമായി കൈപ്പറ്റിയ 27,122/-രൂപ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 03/11/2009 ൽ നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതാണ്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടി കരാറുകാരൻ 04/07/2019-ാം തീയതി മരണപ്പെട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞു എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| | | 3.10.4 | 4. റോഡ് പുനരുദ്ധാരണം. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തി നടത്തി. | പ്രസ്തുത ഫയലിൽ കരാറുകാരനായ ശ്രീ.എം.ഗോപാലകൃഷ്ണൻനായർ, മുരുപ്പേൽ എന്നയാൾ അധികമായി കൈപ്പറ്റിയ തുകയായ 34,148/-രൂപ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 03/11/2009 ൽ നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി തുക തിരിച്ചടച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 13/09/2021 ൽ ടി തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ടിയാന് വീണ്ടും കത്ത് നൽകിയിട്ടുള്ളതാണ് എന്നുള്ള വിവരം റിപ്പോർട്ട് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005–2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ചെയ്തുകൊള്ളുന്നു. |
| 7. | **ആലപ്പുഴ നഗരസഭ 3.11** | 3.11.1 | 1.വഴിവിളക്ക് വൈദ്യുതോപകരണം വാങ്ങിയതിൽ ധന വിനിയോഗം | സർക്കാർ ഉത്തരവിന്റെയും കൗൺസി ൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തി ൽ നഗരസഭാ പരിധിയി ൽ ഉണ്ടായിരുന്ന വൈദ്യുത ലൈറ്റുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനാവശ്യമായ സാധനങ്ങളാണ് ടി കാലയളവി ൽ വാങ്ങിയിട്ടുള്ളത്. ട്യൂബിന്റെ ഏറ്റവും കുറഞ്ഞ കത്തുന്ന സമയം 3000 മണിക്കൂറാണെന്ന് കണക്കാക്കിയാണ് അധികമായി വൈദ്യുതോപകരണങ്ങൾ വാങ്ങിയെന്ന് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളത്. എന്നാ ൽ കാലാവസ്ഥാ വ്യതിയാനം മൂലവും വോൾട്ടേജ് fluctuation മൂലവും ടി ലൈറ്റുകളുടെ കാലാവധി കൃത്യമായി കണക്കാക്കാൻ കഴിയാത്തതാണ്. കൂടാതെ നഗരസഭ അധികമായി വാങ്ങിയ വൈദ്യുതോപകരണങ്ങൾ പിന്നീട് വന്ന സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നതുമാണ്. ടി കാലയളവി ൽ കൗൺസി ൽ തീരുമാനപ്രകാരം മെറ്റീരിയ ൽ വാർഡ് കൗൺസിലറുടെ സാന്നിദ്ധ്യത്തി ൽ കെ.എസ്.ഇ.ബിയി ൽ ഏ ൽപ്പിച്ചിരുന്ന മുറയ്ക്കാണ് ബന്ധപ്പെട്ട |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | അറ്റകുറ്റപണികൾ നടത്തിയിരുന്നത്. നിലവിൽ ഫയൽ നഗരസഭയിൽ ലഭ്യമല്ലാത്തതും ആയത് കണ്ടെത്തുന്നതിന് സെർച്ച്മെമ്മോ നൽകിയിട്ടുള്ളതുമാണ്. അധികമായി സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും അത് തുടർ വർഷങ്ങളിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചതു പോലെയുള്ള സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതാണ്. ആയത് പരിഗണിച്ച് ടി പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | 3.11.2 | 2 ഡസ്റ്റ്ബിൻ വാങ്ങൽ ഫയൽ അപൂർണ്ണം. | ഡസ്റ്റ്ബിൻ വാങ്ങൽ ഫയൽ അപൂർണ്ണം എന്നുള്ളതാണ് ഓഡിറ്റ് പരാമർശം. ആലപ്പുഴ നഗരസഭയുടെ വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുക എന്ന സദുദ്ദേശത്തോടെയാണ് ഡസ്റ്റ്ബിനുകൾ വാങ്ങിയത്. |
| | | 3.11.3 | 3. ഗുണഭോക്തൃ സമിതിയുടെ പേരിൽ രേഖകളുണ്ടാക്കി മരാമത്ത് വേല | ടി പ്രവൃത്തി 20 വർഷം മുൻപ് നടത്തിയിട്ടുള്ളതായും ഏകദേശം 250 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള ടി റോഡ് നല്ല രീതിയിൽ നിലവിലുള്ളതുമാണ്. ടി ഫയൽ രേഖകൾ ലഭ്യമല്ലാതത്തിനാലും 2002-2003 വർഷത്തിലെ പദ്ധതിയിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓഡിറ്റ് പരാമർശം |

| | | | | |
|---|---|---|---|---|
| | | | | ഒഴിവാക്കണമെന്ന് സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | | 3.11.4 | 4. കരാറുകാരൻ ഏറ്റെടുത്ത് നിർവ്വഹിച്ച വേല ഒന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യം നിശ്ചയിച്ചതും ഫയൽപ്രകാരം നിർവഹിച്ചതും മറ്റൊന്ന്. | ടി പരാമർശം പരിശോധിച്ചതിൽ 2002-2003 കാലയളവിലെ വാർഡ് കൗൺസിലറുടെ 2/2/2003-ലെ കത്തിന്റെ അടിസ്ഥാനത്തിൽ തത്തംപള്ളി വാർഡിൽ കണ്ണാട്ട് പ്രിന്റേഴ്സ് മുതൽ കിഴക്കോട്ട് എൽ.പി.എസ് വരെ റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തി മാംപറമ്പ്- അമ്പാടിയുടെ വീടിന് മുൻവശം മുതൽ കിഴക്കോട്ട് കോൺക്രീറ്റ് എന്ന വേല നിർവ്വഹിക്കുന്നതിന് വേണ്ട അനുമതി 06/03/2003-ൽ ബഹു.നഗരസഭ കൗൺസിൽ നൽകിയിരുന്നു. എന്നാൽ ഡി.പി.സി അംഗീകരിച്ച ടി പദ്ധതിയുടെ പേര് മാറ്റം വരുത്താത്തതിനാലാണ് മെഷർമെന്റ് ബുക്കിൽ പഴയ വർക്കിന്റെ പേര് നിലനിർത്തേണ്ടി വന്നത്. നിലവിൽ ടി പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും സാമ്പത്തികനഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ടി പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005–2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | 3.11.5 | 5. ഗുണഭോക്തൃസമിതി കൺവീനർക്ക് നല്കേണ്ട ചെക്ക് മറ്റൊരാൾ കൈപ്പറ്റി | പണം കൈപ്പറ്റിയിട്ടുള്ളത് വാർഡ് കൗൺസിലറുടെ അറിവോടെയാണെന്നത് പരിഗണിച്ചും ഗുണഭോക്തൃ കൺവീനർ പണം ലഭ്യമായിട്ടില്ലാ എന്ന് കാണിച്ച് പരാതികൾ ഒന്നും തന്നെ നൽകിയിട്ടില്ലാ എന്നുള്ളതും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാ എന്നതും പരിഗണിച്ച് ടി പരാമർശത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| | | 3.11.6 | 6. വ്യാജരേഖ ചമയ്ച്ച് പദ്ധതി പണം അപഹരിച്ചു. | കാലപ്പഴക്കം മൂലവും തുടർച്ചയായി രണ്ടു മൂന്നു പ്രാവശ്യം ഓഫീസ് ഷിഫ്റ്റ് ചെയ്തത് മൂലവും ബന്ധപ്പെട്ട ഫയൽ നഷ്ടമായതിനാൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| | | 3.11.7 | 7. ഒരേ റോഡിൽ 2 നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി വിഹിതം ദുർവിനിയോഗം ചെയ്തു. | കാലപ്പഴക്കം മൂലവും തുടർച്ചയായി രണ്ടു മൂന്നു പ്രാവശ്യം ഓഫീസ് ഷിഫ്റ്റ് ചെയ്തത് മൂലവും ബന്ധപ്പെട്ട ഫയൽ നഷ്ടമായതിനാൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | 3.11.8 | 8. മുൻഇർ കൈപ്പറ്റി പണി തുടങ്ങാത്ത കൺവീനർമാർക്കെതിരെ നടപടി സ്വീകരിച്ചില്ല. | കാലപ്പഴക്കം മൂലവും തുടർച്ചയായി രണ്ടു മൂന്നു പ്രാവശ്യം ഓഫീസ് ഷിഫ്റ്റ് ചെയ്തത് മൂലവും ബന്ധപ്പെട്ട ഫയൽ നഷ്ടമായതിനാൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 8. | കോട്ടയം നഗരസഭ 3.13 | 3.13.1 | 1. ക്വട്ടേഷനില്ല. അധിക വിലയ്ക്ക് സാധനങ്ങൾ വാങ്ങി. | 2005-06 സമാഹൃത ഓഡിറ്റ് പരാമർശ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് 2001-2002 ഖണ്ഡിക 29 പ്രകാരവും പുനരഭിപ്രായം പ്രകാരവും നഗരസഭയ്ക്കുണ്ടായ 88,000/- രൂപ നഷ്ടത്തിനുത്തരവാദികളായ മുൻ ചെയർമാൻ ശ്രീ. കെ.എ. അയ്യപ്പൻപിള്ള, സെക്രട്ടറി എസ്. സുദർശൻ എന്നിവരാണ്. സെക്രട്ടറി എസ്. സുദർശനന്റെ പേരിൽ ലഭ്യമായ സർചാർജ്ജ് സർട്ടിഫിക്കറ്റ് പകർപ്പ് ടിയാന് അയച്ചു നൽകിയിട്ടുള്ളതാണ്. തുക ഒടുക്കുന്നത് സംബന്ധിച്ചുള്ള തുടർ നടപടികളുടെ ഭാഗമായുള്ള അന്വേഷണത്തിൽ ടിയാൻ മരണപ്പെട്ടു പോയിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. കൂടാതെ അന്നത്തെ മുനിസിപ്പൽ ചെയർമാനായ ശ്രീ. കെ.എ. അയ്യപ്പൻപിള്ളയും ഇപ്പോൾ ജീവിച്ചിരിപ്പില്ല എന്ന വിവരവും ബോധിപ്പിക്കുന്നു. |
| | | | 2. സ്ഥലം മണ്ണിട്ടുയർത്തുന്നതിന് അധിക നിരക്ക്. | ഡി.പി.സി. യുടെ 06.02.2004 ൽ ചേർന്ന യോഗത്തിൽ എസ്.ഒ 85/2004 നമ്പർ പ്രോജക്ടിൽ നിന്ന് എസ്.ഒ. 02/2004 നമ്പറായ കോടിമതയിൽ വനിതാ വ്യവസായ സ്ഥലമെടുപ്പ് എന്ന പ്രോജക്ടിൽ നിന്നും 10,00,000/- രൂപ അനുവദിച്ച് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. പ്രോജക്ട് കാലയളവിൽ നഗരസഭാ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | പരിധിയിൽ ലഭ്യമായിരുന്ന റെഡ് എർത്ത് ഉപയോഗിച്ചുള്ള ഫില്ലിംഗ് റേറ്റ് ആയിരുന്നു നൽകിയിരുന്നത്. നഗരസഭാ പരിധിയിലുള്ള കോമൺ ഡേറ്റാ പ്രകാരം 1 ച.മീ. മണ്ണ് സ്പ്ലൈ ചെയ്യുന്നതിന് 111/- രൂപയാണ് നിരക്ക് നൽകിയിരുന്നത്. ഇത് അനുവദനീയമല്ല എന്ന് ഓഡിറ്റ് വകുപ്പിൽ നിന്നും അറിയിച്ചതിൻ പ്രകാരം പിന്നീട് കുറഞ്ഞ നിരക്കിലുള്ള ഓർഡിനറി എർത്താണ് ഉപയോഗിച്ചിരുന്നത്. പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാരൻ സ്വന്തം മണ്ണ് ഉപയോഗിച്ച് എർത്ത് ഫില്ലിംഗ് നടത്തുമ്പോൾ ഒരു ലീഡും ലിഫ്റ്റും കുറവു ചെയ്യേണ്ടതില്ല എന്ന 22.07.2013 ലെ 18931/എച്ച്3/2013 പൊ.മ.വ. കത്ത് പ്രകാരം ഓഡിറ്റ് തടസ്സത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 9. | ചങ്ങനാശ്ശേരി നഗരസഭ<br>3.14 | 3.14.1 | 1. കാര്യക്ഷമതയില്ല. തനത് വരുമാനം ലക്ഷ്യങ്ങൾ ചോരുന്നു. | ടി ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള ക്രമ നം (3) അഡ്മിനിസ്ട്രേറ്റർ പാലാക്കുന്നേൽ നേഴ്സിംഗ് ഹോം വാർഡ് - 8, ക്രമ നം (6) അൽഫോൻസാ ഹോസ്പിറ്റൽ ചങ്ങനാശ്ശേരി വാർഡ് - 8, ക്രമ നം. (10) അസി.എഞ്ചിനീയർ, ആർ.ഡി.ബി പെരുന്ന വാർഡ് - 9, ക്രമ നം (14) ഫുഡ് ഇൻസ്പെക്ടർ കാഞ്ഞിരപ്പള്ളി സർക്കിൾ ഓഫീസ്, പെരുന്ന വാർഡ് - 19, ക്രമ നം. (16) സുദർശൻ ചിട്ടി ഫണ്ട്സ് പെരുന്ന വാർഡ് - 19, എന്നീ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തനം ഇല്ലാത്തതും ബാക്കിയുള്ള സ്ഥാപനങ്ങൾ നിലവിൽ ഓരോ അർദ്ധ വർഷത്തിലും തൊഴിൽ നികുതി ഒടുക്ക് വരുത്തുന്നുണ്ട്. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ടി കാലയളവിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പഴകി ദ്രവിച്ച് പോയതിനാൽ ആ കാലയളവുകളിൽ നികുതി അടച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തനം ഇല്ലാത്തതിനാലും ബാക്കിയുള്ള സ്ഥാപനങ്ങൾ തനത് വർഷം വരെ തൊഴിൽ നികുതി ഒടുക്ക് വരുത്തിയതിനാലും ടി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 1,61,846/- രൂപയുടെ നഷ്ടം സംഭവിച്ചു എന്ന പരാമർശം ഒഴിവാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു. |
| 10. | തൊടുപുഴ നഗരസഭ<br>3.15 | 3.15.1 | 1. കുടിവെള്ള വിതരണം സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് 12.3 ലക്ഷം അധികം ഈടാക്കി. | തൊടുപുഴ നഗരസഭയിൽ നിന്നും വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അധികമായി ഒടുക്കിയ 12,30,434/ രൂപയുടെ ഓഡിറ്റ് പരാമർത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് തുകയിൽ നിന്നും അധികമായി വാട്ടർ അതോറിറ്റി പിടിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 19/05/2004 തീയതിയിലും 16/08/2004 തീയതിയിലും നഗരസഭയിൽ നിന്ന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ടി കത്തിന് മറുപടിയായി AB(R) 9GL/2004 നം കത്ത് പ്രകാരം 5.98 ലക്ഷം രൂപ 12/04 ലെ കണക്ക് അനുസരിച്ച് വാട്ടർ അതോറിറ്റിയിൽ അധികം ഉണ്ടെന്ന് അറിയിച്ചിട്ടുള്ളതാണ്. നഗരസഭ കൗൺസിലിന്റെ 18/12/2004 തീയതിയിലെ 12 -ാം നം തീരുമാന പ്രകാരം നഗരസഭയിലെ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ

## നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ 12/04 വരെ അടയ്ക്കാനുള്ള തുക ടി യിനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് വഴി ഇതിനകം ലഭിച്ചിട്ടുള്ള 5.98 ലക്ഷം രൂപയിൽ വരവ് വയ്ക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ട താണെന്ന് അറിയിച്ച് 29/12/2004 ൽ നഗരസഭയിൽ നിന്നും എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തൊടുപുഴക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ആയിട്ടും മറുപടി ഒന്നും ലഭിച്ചിട്ടില്ലാത്തതാണ്.<br>04/1999 മുതൽ 03/2007 വരെ ഈ നഗരസഭയിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുള്ള തുകയുടേയും നഗരസഭ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ട തുകയുടേയും വിവരങ്ങൾ നഗരസഭക്ക് റവന്യൂ മോണിറ്ററിംഗ് കമ്മറ്റി, കേരള വാട്ടർ അതോറിറ്റി തിരുവന ന്തപുരത്തു നിന്ന് ലഭിച്ചിട്ടുള്ളതാ ണ് . ആയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നഗരസഭ കൂടുതലായി ഒടുക്കിയിട്ടുള്ള തുക, നഗരസഭ കാലാ കാലങ്ങളിൽ അടയ്ക്കേണ്ട തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ടി സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തി ലഭിച്ചിട്ടില്ലാത്തതാണ്. ആയതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽ കുന്നതിന്, കേരള വാട്ടർ അതോറിറ്റി തൊടുപുഴയ്ക്ക് 22/4/2019, 29/11/2019, 2313/9/2021 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതും കേരള |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ**

**നഗരസഭകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | വാട്ടർ അതോറിറ്റിയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്തതുമാണ്. നഗരസഭ വാട്ടർ ചാർജ്ജ് ഇനത്തിൽ കുടിശ്ശിക തുക അടയ്ക്കുന്നത് സെറ്റിൽ ചെയ്തിട്ടുള്ളതായും 2008 വരെ കുടിശ്ശികയില്ലെന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുള്ളതുമാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പിന് അപേക്ഷ നല്കിയിട്ടുണ്ടെന്ന് നഗരകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

**M.S. BIJUKUTTAN**
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2005-06) സമാഹൃത റിപ്പോർട്ടിൻമേൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ & ബന്ധപ്പെട്ട സ്ഥാപനം | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 25.1<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1.അംഗീകാരമില്ലാത്ത എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് വകമാറ്റി അരി മുൻകൂർ നൽകി<br><br>(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.2)<br><br>അംഗീകാരം ലഭിക്കാത്ത എസ്.ജി. ആർ.വൈ. (എസ്.സി.പി) പദ്ധതികൾക്ക് അരിവിഹിതം വകമാറ്റി മുൻകൂറായി നൽകിയതിനാൽ 21700/- രൂപയുടെ നഷ്ടം. അരിയുടെ കേന്ദ്ര സബ്സിഡി കണക്കിലെടുത്താൽ നഷ്ടം ഇരട്ടിയ്ക്കും.<br><br>2002-2003-ലെ എസ്.ജി.ആർ.വൈ (എസ്.സി.പി.) പദ്ധതിയിൽ ചേനപ്പാടി, കോരുത്തോട് ഡിവിഷനുകളിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതികളാണ് നീർക്കുഴി - ഇടവര കയ്യാല നിർമ്മാണം. എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും അംഗീകാരം ലഭിക്കുകയോ ഭക്ഷ്യധാന്യം അനുവദിക്കുകയോ ചെയ്തിട്ടില്ല. എസ്.സി.പി. | 1. ചേനപ്പാടി (കോണ്ടൂർ കയ്യാല നിർമ്മാണം)<br><br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2002-2003 എസ്.ജി.ആർ.വൈ (എസ്.സി.പി.) പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ചേനപ്പാടി ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ നീർക്കുഴി, കോണ്ടൂർ കയ്യാല നിർമ്മാണം എന്ന പദ്ധതിയ്ക്ക് 07.01.2003-ൽ 75/OS ഇ/2 നമ്പരായി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പദ്ധതി അടങ്കൽ 3,10,328/- (മൂന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയെട്ട്) രൂപയാണ്. ഗുണഭോക്താക്കളുടെ യോഗം ചേർന്ന് രൂപീകരിച്ച ഗുണഭോക്തൃ കമ്മിറ്റിയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി കൺവീനറെന്ന നിലയിൽ ആൻറണി ജോസഫ് ഇടത്തിനാട് 31.03.2003-ൽ 89/02-03/എസ്.ജി.ആർ.വൈ (എസ്.സി.പി.) നമ്പരായി കരാർ ഒപ്പ വച്ചിട്ടുള്ളതാണ്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുകയും, കരാർ ഒപ്പ വയ്ക്കുകയും ചെയ്തതിന് ശേഷം മാത്രമാണ് കൺവീനർക്ക് 15 ടൺ അരി മുൻകൂറായി അനുവദിച്ച് നൽകിയിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | പദ്ധതികൾക്ക് അരി അനുവദിച്ചിട്ടില്ലെങ്കിലും എസ്.ജി.ആർ.വൈ പദ്ധതി പ്രകാരമുള്ള അരി വിഹിതം എസ്.സി.പി. പദ്ധതിയിലേയ്ക്ക് വകമാറ്റി ചേനപ്പാടി ഡിവിഷന് 15 ടൺ 08.04.2003-ലും കോരുത്തോട് ഡിവിഷന് 20 ടൺ അരി 09.05.2003-ലും കൺവീനർക്ക് നൽകി. എസ്.സി.പി. പദ്ധതി അരി ലഭ്യമാകുമ്പോൾ സ്കീം 1-ൽ നിന്ന് നൽകിയിട്ടുള്ള അരിവിഹിതം ക്രമീകരിക്കാമെന്ന് വകുപ്പുതല അന്വേഷണത്തിന് മറുപടി നൽകിയതായി കാണുന്നു. പദ്ധതികൾക്ക് അരി മുൻകൂറായി നൽകിയത് ഒഴിച്ചാൽ മറ്റ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അളവ് പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br><br>2003-2004-ൽ വീണ്ടും ഈ പദ്ധതികൾ പദ്ധതിവിഹിതം ഉപയോഗിച്ച് നടത്തിയതായി കാണുന്നു. കോരുത്തോട് ഡിവിഷനിലെ ഇടവര കയ്യാല നിർമ്മാണത്തിന് 3,10,427/- രൂപയും ചേനപ്പാടി ഡിവിഷനിലെ ഇടവര കയ്യാല നിർമ്മാണത്തിന് 1,95,372/- രൂപയും കരാറുകാരന് 2003-2004-ൽ നൽകിയിട്ടുണ്ട്. 2002-2003-ലെ പദ്ധതികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് 2003-2004-ലെ പദ്ധതി പ്രകാരം കയ്യാല നിർമ്മാണത്തിനായി തുക നൽകിയിരിക്കുന്നത്. | എസ്.ജി.ആർ.വൈ (എസ്.സി.പി.) പദ്ധതിക്കുള്ള അരിവിഹിതം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ എസ്.ജി.ആർ.വൈ (ജനറൽ) പദ്ധതിയ്ക്കായി അനുവദിച്ചിരുന്ന അരി സമയബന്ധിതമായി എടുക്കേണ്ടി വന്നതുകൊണ്ടും എടുക്കുന്ന അരി സൂക്ഷിക്കുന്നതിന് സുരക്ഷിതമായ ഗോഡൗൺ ഇല്ലാതിരുന്നതിനാലും ആണ് കരാറുവച്ച പ്രവൃത്തിയെന്ന നിലയിൽ എസ്.ജി.ആർ.വൈ (എസ്.സി.പി.) പദ്ധതിക്ക് അരി നൽകിയിട്ടുള്ളത്. എസ്.ജി.ആർ.വൈ(എസ്.സി.പി.) പദ്ധതിയ്ക്കായി അരി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് മേൽപ്പടി അരി എസ്.ജി.ആർ.വൈ (ജനറൽ) പദ്ധതിയിൽ ക്രമപ്പെടുത്താമെന്നാണ് കരുതിയിരുന്നത്.<br><br>പദ്ധതി പ്രവർത്തനം പൂർത്തിയായെങ്കിലും നാട്ടുകാരിൽ നിന്നും വ്യാപകമായ പരാതി ഉയർന്നതിനെ തുടർന്ന് കൺവീനർക്ക് അളവുകൾ രേഖപ്പെടുത്തുകയോ ഫൈനൽ ബിൽ നൽകുകയോ ചെയ്തിരുന്നില്ല. ഇതേത്തുടർന്ന് കൺവീനർ ബഹു.കേരള ഹൈക്കോടതിയിൽ OP No.10536 നമ്പരായി കേസ് ഫയൽ ചെയ്യുകയും 23.03.2007-ൽ കൺവീനർ ചെയ്ത പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തി തുക നൽകുന്നതിന് ബഹു:കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും തുക അനുവദിച്ച് നൽകാൻ തീരുമാനിച്ച് അളവ് രേഖപ്പെടുത്തിയെങ്കിലും നാട്ടുകാരിൽ നിന്ന് വീണ്ടും പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ തുക നൽകാതിരിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും 05.05.2009-ൽ ബഹു.കേരള ഹൈക്കോടതി ടി പെറ്റീഷൻ തള്ളിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | പദ്ധതിയ്ക്ക് അനുമതിയും ധാന്യവും ലഭിക്കുന്നതിന് മുൻപ് ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂറായി അരി അനുവദിച്ച സെക്രട്ടറിയുടെ നടപടിയും നടപ്പാകാതെ പോയ പദ്ധതി തുടർ വർഷങ്ങളിൽ പുതിയ പദ്ധതികളായി രൂപപ്പെടുത്തി അവതരിപ്പിക്കുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നടപടിയും പരിശോധന വിധേയമാക്കേണ്ടതാണ്. പദ്ധതി പ്രകാരമുള്ള വേലകൾ കരാറുകാരൻ മുഖേന നടപ്പാക്കി അളവുകൾക്കനുസരിച്ചുള്ള മുഴുവൻ തുകയും നൽകിയിട്ടും മുൻകൂറായി നൽകിയ അരിയുടെ മൂല്യത്തിന് തുല്യമായ തുക നാളിതു വരെ തിരികെ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ അനധികൃതമായി മുൻകൂർ നൽകിയ 35 ടൺ അരിയുടെ വില കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 21,700/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉയർന്ന സബ്സിഡിയോടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരിയാണ് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ നഷ്ടത്തിന്റെ വ്യാപ്തി ഇതിലും ഇരട്ടിയാണ്. | തുടർന്ന് കൺവീനർ 23.03.2007-ലെ വിധി നടപ്പാക്കി കിട്ടുന്നതിന് ബഹു.കേരള ഹൈക്കോടതിയെ സമീപിക്കുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ കോർട്ട് അലക്ഷ്യ നടപടികൾക്ക് ബഹു.കേരള ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. അതേ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോർട്ട് അലക്ഷ്യ നടപടി ഒഴിവായെങ്കിലും കൺവീനർക്ക് രേഖപ്പെടുത്തിയ അളവു പ്രകാരം 94,915/- രൂപ ഉത്തരവ് കൈപ്പറ്റി മൂന്ന് ആഴ്ചക്കുള്ളിൽ നൽകാൻ ബഹു:കേരള ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. തുടർന്ന് 26.04.2013-ൽ ബഹു:കേരള ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള 94,915/- രൂപ കൺവീനർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്.<br><br>3,10,328/- രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിക്ക് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ പ്രകാരം അംഗീകരിച്ച് നൽകാമായിരുന്ന 1,87,915/- (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി തൊള്ളായിരത്തി പതിനഞ്ച്)) രൂപയിൽ നിന്നും മുൻകൂറായി നൽകിയ 15 ടൺ അരിയുടെ വിലയായ 93,000/- (തൊണ്ണൂറ്റി മൂവായിരം) രൂപ കിഴിവ് ചെയ്ത് ബാക്കി 94,915/- (തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി പതിനഞ്ച്) രൂപ മാത്രമാണ് കൺവീനർക്ക് നൽകിയിട്ടുള്ളത്. മുൻകൂറായി കൺവീനർക്ക് നൽകിയിരുന്ന അരിയുടെ വിലയായി 93,000/- രൂപ ഫൈനൽ ബിൽ നൽകിയപ്പോൾ മേൽ വിവരിച്ച പ്രകാരം ഈടാക്കിയതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | 2. 5,32,160/-രൂപയുടെ സാങ്കേതികാനുമതി ലഭിച്ച വിവിധ പ്രദേശങ്ങളിൽ പോളിത്തീൻ ജല സംഭരണികളുടെ നിർമ്മാണം എന്ന എസ്.സി.പി. പദ്ധതി ഗുണഭോക്തൃ സമിതിയാണ് നടപ്പാക്കിയത്. 21.03.2003-ൽ സമാഹരണ മുൻകൂർ 20 ടൺ അരി ഗുണഭോക്തൃ സമിതിയ്ക്ക് നൽകിയ പദ്ധതിയുടെ വേലമൂല്യം എം.ബുക്ക് പ്രകാരം കണക്കാക്കി 3,10,491/- രൂപ 30.03.2004-ൽ കൺവീനർക്ക് പദ്ധതി വിഹിതത്തിൽ നിന്ന് നൽകി. സമാഹരണ മുൻകൂർ നൽകിയ 20 ടൺ അരിയുടെ മൂല്യം 1,24,000/- അവസാന ബില്ലിൽ നിന്നും ക്രമീകരിച്ചതായി കാണുന്നില്ല. ഉയർന്ന സബ്സിഡിയോടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള അരിയാണ് ദുർവിനിയോഗം ചെയ്യതെന്നതിനാൽ നഷ്ടം ഇരട്ടിയ്ക്കും. | അരിവില ഫൈനൽ ബില്ലിൽ നിന്നും തിരികെ ഈടാക്കിയ സാഹചര്യത്തിൽ ബഹു:കേരള സർക്കാരിനോ കേന്ദ്ര സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഇതുമൂലം സംഭവിച്ചിട്ടില്ലായെന്ന് അറിയിച്ചുകൊള്ളുന്നു.<br><br>2003-04-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഇതേ മേഖലയിൽ നടപ്പിലാക്കിയ 'ചേനപ്പാടി ഡിവിഷനിലെ ഇടവരകയ്യാലപദ്ധതി' മറ്റൊരു പദ്ധതിയാണെന്ന് മനസ്സിലാക്കുന്നു.<br><br>'Sampoorna Gramin Rozgar Yojana<br>2. എസ്.ജി.ആർ.വൈ.(എസ്.സി.പി.) സ്കീം 2002-03 പദ്ധതി മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോളിത്തീൻ വാട്ടർടാങ്കുകൾ നിർമ്മിക്കുന്ന പദ്ധതി-ധാന്യവിഹിതം നൽകിയത് അവസാന ബിൽ തുകയിൽ കുറവ് ചെയ്തിട്ടില്ല.<br><br>2002-03 സാമ്പത്തിക വർഷം എസ്.ജി.ആർ.വൈ. (എസ്.സി.പി.) പദ്ധതിയിൽ ഉൾപ്പെടുത്തി 5,32,160/-രൂപ അടങ്കൽ വകയിരുത്തി ആരംഭിച്ച പദ്ധതിക്ക് 07.01.2003-ൽ 78/TSC/II നമ്പരായി സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിനായി 31.01.2003-ൽ യോഗം ചേർന്ന് രൂപീകരിച്ച ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനറായി തെരഞ്ഞെടുത്ത ജോസഫ് ചാക്കോ, ചേറ്റുകുഴിയിൽ, കോരുത്തോട്-ന് 28.02.2003-ൽ 41/02-03/എസ്.ജി. ആർ.വൈ(എസ്.സി.പി.) നമ്പരായി കരാർ ഒപ്പുവച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതാണ്. പദ്ധതിക്ക് മൊബലൈസേഷൻ | provide gainful employ for the rural poor |

4 5 23

| | | | | |
|---|---|---|---|---|
| | | | | അഡ്വാൻസായി 20 ടൺ അരി 21.03.2003-ൽ നൽകിയിരുന്നെങ്കിലും പ്രവൃത്തി പൂർത്തിയാക്കി എം.ബുക്ക് പ്രകാരം അളവ് രേഖപ്പെടുത്തി ഫൈനൽ ബില്ലായ 3,10,491/- രൂപ 30.03.2004-ൽ കൺവീനർക്ക് നൽകിയിട്ടുണ്ട്.<br><br>30.03.2004-ലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ B/S 019/02-03-നടപടി ഉത്തരവ് പ്രകാരം ഫൈനൽ ബിൽ തുകയായ 3,10,491/- രൂപ അനുവദിച്ച സമയത്ത് സമാഹരണ മുൻകൂറായി നൽകിയിരുന്ന 20 ടൺ അരിയുടെ വിലയായ 1,24,000/- രൂപ കുറവ് ചെയ്തതായി കാണുന്നില്ല.<br><br>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ 1,24,000/- രൂപയും പലിശയും തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 13.11.2009-ലും തുടർന്നും ഒന്നിലേറെ പ്രാവശ്യം കൺവീനർക്ക് നോട്ടീസ് അയച്ചെങ്കിലും മേൽപ്പടിയാൻ നാളിതുവരെ യാതൊരുവിധ മറുപടിയും ലഭ്യമാക്കിയതായി കാണുന്നില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു മുന്നോടിയായി 28.04.2014 തീയതിയിൽ മേൽപ്പടി കൺവീനർക്ക് രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. നിശ്ചിത തീയതിയ്ക്കകം തുക തിരിച്ചടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണെന്ന് അറിയിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | <u>2. കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ</u><br><br>(2003-2004; ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2)<br><br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2002-2003, 2003-2004 പൊതു, എസ്.സി.പി. വിഭാഗത്തിൽ ഉൾപ്പെടുത്തി മുൻവർഷങ്ങളിൽ ആരംഭിച്ച് തുടർന്ന് പോരുന്നതുമായ കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടി നടപ്പിലാക്കിയതിൽ നഷ്ടസാധ്യത വരുന്ന നിരവധി ക്രമക്കേടുകളും ധനദുർവിനിയോഗവും:<br>1.പഠിതാക്കളെ തെരഞ്ഞെടുത്തതിൽ ഗുരുതരമായ ക്രമക്കേടുകൾ<br>2.പരിശീലനസ്ഥാപനങ്ങൾ തെരഞ്ഞെടുത്തതിൽ ക്രമക്കേടുകൾ.<br>3.വിജയകരമായി പരിശീലനം പൂർത്തിയായതായി രേഖ ലഭിക്കും മുൻപേ സ്ഥാപനത്തിന് തുക നൽകി.<br>31.03.2004 വരെ ആകെ 27,71,400/- രൂപ നൽകിയ ഇടപാടിൽ താഴെ പറയുന്ന ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ഉണ്ടായിട്ടുണ്ട്. | <u>കമ്പ്യൂട്ടർതൊഴിൽ സാധ്യതപരിശീലന പരിപാടി</u><br><br>2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ജനറൽ, എസ്.സി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'കമ്പ്യൂട്ടർ പരിശീലന പരിപാടി' യുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് കോട്ടയം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് VACB കോട്ടയം യൂണിറ്റിൽ നിന്നും ലഭിച്ച വിവരപ്രകാരം VC 04/09/KTM നമ്പരായി വിജിലൻസ് രജിസ്റ്റർ ചെയ്ത കേസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ ഫയലുകളും വിജിലൻസിന് നൽകിയിട്ടുള്ളതും കേസ് സംബന്ധിച്ച തെളിവെടുപ്പ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് 25.01.2013-ൽ വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | 1.ഭരണാനുമതി ഇല്ലാതെ പദ്ധതിക്ക് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു. 25,76,000/-രൂപ മാത്രം വകയിരുത്തിയ പദ്ധതിയ്ക്ക് 27,71,400/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2. 2002-2003-ൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ള, 133 വിദ്യാർത്ഥികൾക്ക് 4000/- രൂപ നിരക്കിൽ 5,32,000/-രൂപ നൽകേണ്ട സ്ഥാനത്ത് 11,69,500/- രൂപ കോഴ്സ് ഫീസ് നൽകിയതിനാൽ 6,37,500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.<br><br>3. 2003-2004-ൽ ഡി.പി.സി. അംഗീകരിച്ച ലിസ്റ്റിലുള്ള 131 പേരിൽ നിന്നും 81 പേർക്കും ലിസ്റ്റിലില്ലാത്ത 50 പേർക്കും കൂടി 10,48,000/- രൂപ നൽകിയിരിക്കുകയാണ്. അധികം നൽകിയ 108900 രൂപ നിരാകരിക്കുന്നു. ഈ വകയിൽ ആകെയുണ്ടായ നഷ്ടം 746400 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ഡി.പി.സി. ലിസ്റ്റിലില്ലാത്ത കമ്പ്യൂട്ടർ പരിശീലനത്തിനയച്ച 50 പേർക്കു ചെലവാക്കിയ 40000 രൂപയുടെ വിനിയോഗത്തിന് സാധൂകരണം വാങ്ങേണ്ടതാണ്. | |

**Seen By Audit**

Director
Local Fund Audit Department

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

25(a)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ എറണാകുളം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട 34-ാം അദ്ധ്യായം ഖണ്ഡിക .1 പ്രകാരമുള്ള പരാമർശം സംബന്ധിച്ച വിശദീകരണ പത്രിക.

| ക്രമ നമ്പർ | ആഡിറ്റ് ഖണ്ഡിക നമ്പർ | പരാമർശം. | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1 | റോഡ് പുനരുദ്ധാരണം : ടാർവില ഈടാക്കിയില്ല. (2001-02 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക : 28)<br><br>കമ്പളം പഞ്ചായത്തിലെ ചേപ്പനം-ചാത്തമ്മ ഹരിജൻ കോളനി റോഡ് പുനരുദ്ധാരണത്തിന് പദ്ധതി വിഹിതത്തിൽ നിന്നും 2,20,746/-രൂപ മുടക്കി 144 ബാരൽ ടാർ വാങ്ങി കൺവീനർക്ക് നൽകി. 139 ബാരൽ ടാർ മാത്രമാണ് ഉപയോഗിച്ചത്. ഒരു മെട്രിക് ടൺ ടാറിന് 6750/-രൂപ നിരക്കിൽ 139 ബാരൽ ടാറിന്റെ വില 1,46,367/- രൂപയും, 139 കാലിവീപ്പകളുടെ വില 13,900/-രൂപയും വിൽപ്പന നികുതി 1390/-രൂപയും കിഴിച്ച് 9,27,354/- രൂപ കൺവീനർക്ക് നൽകുന്നതിനു പകരം 10,73,723/- രൂപ നൽകുകയുണ്ടായി. കൂടുതലായി നൽകിയ 1,46,369/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഉപയോഗിക്കാത്ത 5 ബാരൽ ടാറിന്റെ വിപണി വില ഈടാക്കുകയോ ജില്ലാ പഞ്ചായത്ത് ടാർ മറ്റ് വേലകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളോ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. | 2001-02 വർഷത്തെ 15.10.05-ലെ എൽ.എഫ്.ഇ. (സി.1) 1282/04 നമ്പർ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. 28 പ്രകാരമുള്ള മേൽ ഓഡിറ്റ് പരാമർശപ്രകാരം ജില്ലാ പഞ്ചായത്തിനു സംഭവിച്ച നഷ്ടത്തിന് അക്കാലയളവിലെ സെക്രട്ടറി ശ്രീമതി.വൽസമ്മ ജോണിനെ ഉത്തരവാദിയായിക്കണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ്ജ് നോട്ടീസ് (നം.എൽ.എഫ്.10050/സ്പെ.സെൽ/എസ്.സി3/08, തീയതി 20.11.08) പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി സർചാർജ്ജ് നോട്ടീസിന് ശ്രീമതി.വൽസമ്മ ജോൺ നൽകിയ 18.12.08-ലെ മറുപടി പരിഗണിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അദ്ദേഹത്തിന്റെ കത്തു നം.എൽ.എഫ്.10050/സ്പെ.സെൽ/എസ്.സി 3/08, തീയതി 23.07.10 പ്രകാരം (മുൻ) സെക്രട്ടറി ശ്രീമതി.വൽസമ്മ ജോണിനെ സർചാർജ്ജ് നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. |

C. VATSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

## തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പരാമർശ ഖണ്ഡികനമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1. | മേലൂർ | 2.46.1 | മണൽ പെർമിറ്റ് വിതരണത്തിൽ ധനാപഹരണം. | മണൽപെർമിറ്റ് വിതരണത്തിലെ ധനാപഹരണത്തിൽ വിജിലൻസ് നേരിട്ട് അന്വേഷണം നടത്തിയതിൽ, ബാക്കി അടവാക്കേണ്ട 56,365/- രൂപ, റോയൽറ്റി മുതലായ ചെലവുകൾക്ക് നേരിട്ട് വിനിയോഗിച്ച എന്ന് പ്രസിഡണ്ടിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് വകുപ്പിന്റെ 07/12/14 ലെ 1160/ഡി3/04/വി.ജി നമ്പർ കത്ത് പ്രകാരം വിജിലൻസ് വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന് റിപ്പോർട്ട് നൽകി. ബഹു. ഓംബുഡ്സ്മാന്റെ 14/07/2008 ലെ ഒ.പി നമ്പർ 182/2005 അന്തിമവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (ഇ.എം) 13/11/2008 ലെ സ.ഉ (സാധാ) 3993/08/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടാക്സി വാടകയായി ഡ്രൈവർമാർക്ക് നൽകിയിട്ടുള്ള 2,475/- രൂപ തിരികെ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം പ്രസിഡണ്ട് ശ്രീമതി. ഹേമാവതി ശിവൻ ടി തുക 4/12/2008 ലെ 31/2254 രസീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. |
| 2. | കോലഴി | 2.47.1 | കുഴൽ കിണർ പൂർത്തീകരിച്ചില്ല. | കോലഴി ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ലും, വാർഡ് 2 എൽ.ബി.എസ് കോളനിയിലും കുഴൽ കിണർ നിർമ്മിച്ച് പമ്പ് ഫിറ്റ് ചെയ്ത് രണ്ടു |

| | | | | |
|---|---|---|---|---|
| | | | | ബോർവെല്ലുകളും പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഏകദേശം 50 കുടുംബങ്ങൾക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പ്രവൃത്തി മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | മേത്തല | 2.48.1 | ഉപാധി രഹിത ധനം പിൻവലിച്ചത്. | ( 2010 ൽ കൊടുങ്ങല്ലൂർ നഗരസഭയിൽ ലയിപ്പിച്ചു)<br>ഉപാധിരഹിത ഫണ്ടിൽ നിന്നും **45,000** /- രൂപ അനധികൃതമായി പിൻവലിച്ചതായി സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മേത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. വി.വി ഉണ്ണികൃഷ്ണൻ 30.11.2006 ൽ തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ചു. മേത്തല ഗ്രാമപഞ്ചായത്ത് നിലവിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ ഭാഗമാണ്.<br>അനധികൃതമായി പിൻവലിച്ച **45,000/-** രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന് കൊടുങ്ങല്ലൂർ നഗരസഭ ആർ ആർ നടപടി സ്വീകരിച്ചെങ്കിലും കൊടുങ്ങല്ലൂർ താലൂക്കിൽ ടിയാന് സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നുമില്ലാത്തതിനാൽ ടിയാന്റെ സർവീസ് ആനുകൂല്യങ്ങളിൽ നിന്നും പിടിച്ചെടുക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ടി തുക ഈടാക്കി നഗരസഭയ്ക്ക് അനുവദിക്കുന്നതിലേയ്ക്കായി 13.06.2019 ൽ കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി കത്ത് നല്കിയിരുന്നു. ടി കാലയളവിൽ ടിയാനെതിരെ വി.സി 14/06/എം.പി.എം നമ്പരായി വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതിനാൽ പ്രൊവിഷണൽ പെൻഷനാണ് ടിയാന് അനുവദിച്ചിരുന്നത്. ടിയാനെതിരെ ഫയൽ ചെയ്തിരുന്ന കേസ് തീർപ്പായതിനെ തുടർന്ന് ഓഡിറ്റ് ബാധ്യത ഈടാക്കി നല്കുന്നതിന് തൃശ്ശൂർ ഡി ഡി പിയെ ചുമതലപ്പെടുത്തിയിരുന്നു. തൃശ്ശൂർ ഡി ഡി പിയുടെ 28.01.2021 ലെ DDP-TSR/1780/2020 ഉത്തരവ് പ്രകാരം ടിയാന് **1,81,272/-** രൂപ ഡി സി ആർ ജി അനുവദിച്ച് 28/01/2021 ലെ DDP-TSR/1785/2020 നമ്പർ കത്ത് പ്രകാരം AG |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പട്ടിക**

| | | | | |
|---|---|---|---|---|
| | | | | യുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. നിലവിൽ AG യുടെ അംഗീകാരം ലഭ്യമായിട്ടില്ല. ടിയാൻ ജോലിചെയ്തിരുന്ന മേത്തല ( നിലവിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ), വെട്ടം, മംഗലം, വഴിക്കടവ്(മലപ്പുറം ജില്ല), പുളിങ്കുന്ന്(ആലപ്പുഴ ജില്ല) എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നു മാത്രമായിത്തന്നെ 6 ലക്ഷത്തോളം രൂപ ബാധ്യതയുള്ളതായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | മുളങ്കുന്നത്തുകാവ് | 2.49.1 | മരാമത്ത് വേലകൾ പൂർത്തിയാക്കിയിട്ടില്ല. മുളങ്കുന്നത്തുകാവ് - കല്ലേപ്പടി റോഡ് മുൻകൂർ തുക 23,000/- കൈപ്പറ്റി കൺവീനർ പണി പൂർത്തികരിച്ചിട്ടില്ല. | മുൻകൂർ തുക 23,000/- രൂപ, പലിശ ഉൾപ്പെടെ 38,410/- രൂപ 13.02.2006 ലെ 35/13027 നമ്പർ രശീത് പ്രകാരം ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കിയിട്ടുള്ളതായും ആയത് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |
| | | | മരാമത്ത് വേലകൾ പൂർത്തിയായില്ല. തളയൻ പാറ-കരുവാരക്കുണ്ട് റോഡ് മുൻകൂർ തുക 45,300/- കൈപ്പറ്റി കൺവീനർ പണി പൂർത്തികരിച്ചിട്ടില്ല. | 92,347/- രൂപയുടെ ഈ പ്രവൃത്തിയിൽ പാർട് ബിൽ പ്രകാരം 39,199/- രൂപയുടെ പ്രവൃത്തി നടത്തിയതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയ 45,300 ൽ ബാക്കി തുകയായ 6,101/- രൂപ, പലിശ സഹിതം ആകെ 20,928/-രൂപ 06.02.2015 ലെ 1402105393 രശീതി പ്രകാരം റവന്യൂ റിക്കവറി മുഖേന ഈടാക്കിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

(7) 29

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005 -06 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ വയനാട് ജില്ലാപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നം. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.78(1) | **ജലവിതരണ പദ്ധതി മാർക്കറ്റ് നിരക്കിൽ വാങ്ങിയ സാധനങ്ങൾക്ക് അധിക നിരക്ക് നൽകി**<br>(1999-2000 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക11,16)<br>ജല വിതരണ പദ്ധതിക്ക് പൈപ്പും അനുബന്ധ സാധനങ്ങളും വിപണി നിരക്കിൽ വാങ്ങുകയും പിന്നീട് 30% വർദ്ധിച്ച നിരക്കിൽ തുക അനുവദിച്ചുനൽകുകയും ചെയ്തതുമൂലം 52,802/-രൂപ ജില്ലാ പഞ്ചായത്തിനു നഷ്ടം.<br>ജില്ലാ പഞ്ചായത്തു നടപ്പാക്കിയ താഴെപറയുന്ന ജല വിതരണ പദ്ധതികൾക്ക് 96 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള എസ്റ്റിമേറ്റിൻമേൽ 30% അധികം അനുവദിച്ച് നൽകിയിട്ടുണ്ട് . പ്രവൃത്തികൾക്കാവശ്യമായ പൈപ്പുകളും അനുബന്ധ സാധനങ്ങളും അന്നത്തെ വിപണി നിരക്കിൽ വാങ്ങിയിട്ടുള്ളതാണ്. ആയതിനാൽ സാധനങ്ങളുടെ വിലയിൻമേൽ 30% അധികമായി നൽകുവാൻ പാടില്ല. എന്നാൽ പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റിലെ വിവിധ ഇനം പ്രവൃത്തികളുടെ നിരക്കിൽ അനുവദിച്ചതുപോലെ പൈപ്പുകളുടെയും അനുബന്ധ സാധനങ്ങളുടേയും വിലയിലും 30% അധികമായി അനുവദിച്ച് മൂല്യ നിർണ്ണയം നടത്തിയതു വഴി 52,802/-രൂപ അധികമായി കൺവീനർമാർക്ക് നൽകി. അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>**പദ്ധതിയുടെ പേര് — ഗ്രാമപഞ്ചായത്ത് — അധികമായി നൽകിയതുക**<br>1. അടിക്കൊല്ലി ജലവിതരണ പദ്ധതി — പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് — 37100/- രൂപ<br>2. കുറ്റിമൂല കുടിവെള്ള പദ്ധതി — മാനന്തവാടി — 15702/-രൂപ<br>ആകെ — 52802/- രൂപ | പ്രസ്തുതപ്രവൃത്തിക്ക്സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിലെ നിരക്കു പ്രകാരമാണ് പൈപ്പിനും അനുബന്ധ സാധനങ്ങൾക്കും ബിൽ തയ്യാറാക്കിയിരിക്കുന്നതെന്നും മാർക്കറ്റ് നിരക്കിൽ വാങ്ങിയ പമ്പ് സെറ്റിന്റെ വില കുറച്ചതിനുശേഷമുള്ള തുകക്കു മാത്രമാണ് 30% അധികം നൽകിയിരിക്കുന്നതെന്നും അതിനാൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% അധികം നൽകി ബിൽ തയ്യാറാക്കിയത് അപാകതയായി കാണരുതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൽപ്പറ്റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| 2 | 2.78<br>(2) | **1.5 ലക്ഷം രൂപ മുൻകൂർ നൽകിയ മരാമത്ത് പണികൾ തുടങ്ങിയില്ല.**<br>(2000-01 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 10 )<br>ജില്ലാ പഞ്ചായത്ത് 2000-01 ൽ 1,05,000/- **രൂപ മു**ൻകൂർ നൽകിയ മരാമത്ത് പ്രവൃത്തികൾ നാളിതുവരെ നിർവ്വഹണം തുടങ്ങിയിട്ടില്ല മുൻകൂർ കൈപ്പറ്റി വർഷങ്ങൾ **കഴി**ഞ്ഞിട്ടും പണി നടത്താതിരുന്ന കരാറുകാരന്റെ പേരിൽ നിയമനടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ വീഴ്ച **ഭരണ** വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.<br>പ്രവൃത്തിയുടെ പേര് — മുൻകൂർ തുക<br>1. അവയൽ കോളനികുടിവെള്ള പദ്ധതി — 60,000/-രൂപ<br>2. അറുപകണ്ടി കുടിവെള്ള പദ്ധതി — 45,000/-<br>**ആകെ** — 1,05,000/-<br>1.05 ലക്ഷം രൂപ പലിശ സഹിതം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. | 1 അറുപകണ്ടി കുടിവെള്ള പദ്ധതി - അഡ്വാൻസ്<br>തുക തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകി. തീയതി 28.11.08 നം.D2.115/08-09/OM. പ്രസ്തുതവ്യക്തിയുടെ പേരിൽ സ്വത്തുക്കൾ ഒന്നുംഇല്ലാ എന്ന് കാണിച്ച് ആർ.ആർ. നോട്ടീസ് തിരികെ വന്നു. (തഹസിൽദാരുടെ കത്ത് ഉള്ളടക്കം ചെയ്യുന്നു.)<br><br>2 ആവയൽ കോളനി കുടിവെള്ളപദ്ധതി മുൻകൂർ തുക കൈപ്പറ്റിയത് തിരിച്ചു പിടിക്കുന്നതിനായി 03.09.08 ന് നോട്ടീസ് നൽകി C3./23931/08-(1) പ്രസ്തുത വ്യക്തിയുടെ പേരിൽ സ്വത്തുക്കൾ ഒന്നുംഇല്ലാ എന്ന് കാണിച്ച് ആർ.ആർ. നോട്ടീസ് തിരികെ വന്നു. (കളക്ടറുടെ കത്ത് ഉള്ളടക്കം ചെയ്യുന്നു.) |
| 3 | 2.78<br>(3) | **നീറാമ്പുഴ കുടിവെള്ള പദ്ധതി - പണി പൂർത്തിയാക്കാതെ മോട്ടോർ വാങ്ങി**<br>2.6 ലക്ഷം രൂപ പാഴ്ചെലവ് (2000-01 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 13)<br>പ്രാരംഭപണികൾ പോലും പൂർത്തീകരിക്കാത്ത നീറാമ്പുഴ കുടിവെള്ളപദ്ധതിക്ക് മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് മൂലം 2.6 **ലക്ഷം** രൂപ **ജില്ലാ** പഞ്ചായത്തിന് പാഴ് ചെലവായി. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ നീറാമ്പുഴ കുടിവെള്ള പദ്ധതിയ്ക്ക് 28.02.01 ൽ 88000/- രൂപ മുൻകൂറായികൺവീനർക്ക് നൽകിയിരുന്നു. പണി നാളിതുവരെ പൂർത്തീകരിച്ചില്ല. പണി പൂർത്തീകരിക്കാത്തതിനാൽ 30.07.02 ന് കൺവീനർക്ക് നോട്ടീസ് അയയ്ക്കുകയും തുടർന്ന് പൊതുമരാമത്ത് അസി. എഞ്ചിനീയറുടെ 20.06.03 ലെ കത്തിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 38985/-രൂപ എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയതിനാൽ 49015/രൂപ കൺവീനർക്ക് അധികം നൽകി. പദ്ധതിയ്ക്കായി മോട്ടോർ പൈപ്പ് പാനൽ ബോർഡ് എന്നിവ വാങ്ങിയതിന് കൽപ്പറ്റയിലെ റെയിഡ്കോയ്ക്ക് 172071/-രൂപ 30.03.04 ൽ നൽകിയിട്ടുണ്ട്. പണികൾ പ്രാരംഭ ദശയിൽ തന്നെ നിലച്ചിട്ടും വർഷങ്ങൾക്ക് ശേഷംപ്രവൃത്തിക്കായി ലക്ഷങ്ങൾ മുടക്കിമോട്ടോറും മറ്റും വാങ്ങിയതിലെ ഔചിത്യം വ്യക്തമല്ല. പണി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ സാധന സാമഗ്രികൾ ഉപയോഗ ശൂന്യമായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ചെലവ് ചെയ്ത 2,60,071/-രൂപ പാഴ്ചെലവായി. ഈ വിഷയത്തിൽ സമഗ്രമായ ഒരു അന്വേഷണത്തിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു. | നീറാമ്പുഴ കുടിവെള്ള പദ്ധതി വിഭാവനം ചെയ്തപ്രകാരം പണിപൂർത്തീകരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ.13/07 നമ്പർകത്ത്പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 87392/-രൂപയുടെ ഫൈനൽ ബില്ല് വരികയും ചെയ്തിട്ടുണ്ട് .കൺവീനർക്ക് നൽകിയ 88000/-രൂപയിൽ 87392/-രൂപ കുറവ് ചെയ്താൽ 608/-രൂപയാണ് ഇപ്പോൾകൺ വീനറുടെ പക്കൽ കൂടുതലുള്ളത് കൂടുതൽ കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ കൺവീനർ ശ്രീ.അനീഷ് തയ്യിൽ എന്നയാൾക്ക് 29.09.08ന് കത്തെഴുതി. പല തവണ കത്തെഴുതിയിട്ടും രജി.കത്ത് ഉൾപ്പെടെയുള്ളവ ആൾ കൈപ്പറ്റാത്തതിനാൽ തിരികെ വന്നു. |

| | | | | |
|---|---|---|---|---|
| | | 2.78(4) | **പട്ടികവർഗ്ഗ കുടുംബ സർവ്വേ - ലക്ഷ്യം പൂർത്തീകരിച്ചില്ല.**<br>(2001-02 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 8)<br>പട്ടികവർഗ്ഗ കുടുംബ സമഗ്ര സർവ്വേ ലക്ഷ്യം പൂർത്തീകരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ചതിനാൽ 120900/-രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടം.<br>ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും ക്ഷേമ പ്രവൃത്തികൾക്ക് വിശദാംശങ്ങൾ ശേഖരിക്കുവാനും തയ്യാറാക്കിയ പദ്ധതിയാണ് ഇത്. എന്നാൽ വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമാണ് സർവ്വേയിൽ സഹകരിച്ചത്. ബാക്കി പഞ്ചായത്തുകൾ സർവ്വേയിൽ സഹകരിച്ചില്ല എന്ന ഒറ്റക്കാരണത്താൽ ജില്ലാ പഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. പദ്ധതി വിഹിതത്തിൽ നിന്നും 1,20,900/-രൂപയും ഉദ്യോഗസ്ഥരുടെ സമയവും ചെലവഴിച്ചിട്ടും ഉദ്ദേശിച്ച ഫലം കാണാതെ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ച നടപടി ആശാവഹമല്ലാത്തതും പദ്ധതി പണത്തിന്റെ ദുരുപയോഗവുമാണ്. പദ്ധതി ഉപേക്ഷിച്ചത് വഴി ജനകീയാസൂത്രണ പദ്ധതി മുഖേന പാവപ്പെട്ട ആദിവാസി ഗുണഭോക്താക്കൾക്ക് കിട്ടാവുന്ന പ്രയോജനം നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. | 1999-2000 വർഷത്തെ പ്രൊജക്ടിൽ 2002 ആഗസ്ത് മാസം വരെ 5 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് സർവ്വേ റിപ്പോർട്ടുകൾ നൽകിയത്. എല്ലാ ഗ്രാമപഞ്ചായത്തുകളും സമയബന്ധിതമായി സർവ്വേ നടത്തി തന്നാൽ മാത്രമേ ഒരു നിശ്ചിത വർഷത്തെ അവസ്ഥ സൂചിപ്പിക്കുന്ന റിപ്പോർട്ട് എന്ന പേരിൽ പ്രിന്റ് ചെയ്യുവാനും ആയതിന്റെ അടിസ്ഥാനത്തിൽ കോളനികളിൽ വികസനം നടപ്പാക്കുന്നതിലെ മുൻഗണന നൽകുവാനും കഴിയുമായിരുന്നുള്ളു ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും സർവ്വേ റിപ്പോർട്ട് ലഭിക്കുകയില്ല എന്ന് ബോധ്യപ്പെട്ടതിനാലാണ് ടി പ്രൊജക്ടിന് വീണ്ടും ഫണ്ട് ചെലവഴിക്കാതിരുന്നത്. ആയതിനാൽ 120900/-രൂപ ദുരുപയോഗം ചെയ്തതായി കാണരുതെന്നപേക്ഷിക്കുന്നു. |
| 5 | | 2.78(5) | **നരിപ്പാറ കോളനി ശുദ്ധജല വിതരണ പദ്ധതിയ്ക്ക് അധിക നിരക്ക്**<br>(2001-02 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 ) നരിപ്പാറ പണിയ കോളനി ശുദ്ധജല വിതരണ പദ്ധതിയ്ക്ക് അധിക നിരക്ക് അനുവദിച്ച് നൽകിയതിനാൽ ജില്ലാ പഞ്ചായത്തിന് നഷ്ടം 71,889/-രൂപ//എസ്റ്റിമേറ്റിലെ അനുബന്ധം രണ്ടാമിനം പ്രവൃത്തി 40 എം എം. പി.വി.സി. പൈപ്പ് സോൾവന്റ് സിമന്റ് കൊണ്ട് ഒട്ടിച്ച് കുഴിയിൽ സ്ഥാപിക്കുന്നതിന് മീറ്ററിന് 140/-രൂപ പ്രകാരം ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ ചെയ്ത അളവ് 773 മീറ്ററാണ്. നൽകിയ തുക 1,08,220/-രൂപ പ്രവൃത്തിക്ക് പൊതു മരാമത്ത് ഷെഡ്യൂൾ ഓഫ് റേറ്റ് അനുവദനീയമായ നിരക്ക് മീറ്ററിന് 47 രൂപ മാത്രമാണ് ആയതിനാൽ അനുവദനീയമായത് 36,331/-രൂപയാണ്. അധികംനൽകിയ 71,889/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് വാട്ടർ അതോറിറ്റി ഉൾപ്പെടുന്ന കമ്മിറ്റിയാണ് ആയതിനാൽ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് നിരക്കാണ് നൽകിയത് . ഈ പ്രദേശം പാറകളുള്ള പ്രദേശമായതിനാലും ആദിവാസി കോളനിയായതിനാലും · ഫെൻസിംഗ് ചിസിലിംഗ് എന്നീ പ്രവൃത്തികളുടെ നിരക്കുകളും കൂടി ഉൾപ്പെടുത്തിയായിരിക്കും ഈ റേറ്റ് നൽകിയത് . ഇങ്ങനെ കണക്കാക്കുമ്പോൾ ഒരു മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിന് 206 രൂപ വരും എന്നാൽ 140/-രൂപ മാത്രമാണ് അന്ന് നൽകിയത് എന്നും എക്സി.എഞ്ചിനീയർ (എൽഎസ്.ജി.ഡി.) കൽപ്പറ്റ മറുപടി നൽകിയിരിക്കുന്നു..(മറുപടി ഉള്ളടക്കം ചെയ്യുന്നു) |

P. SYAMALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

18 32

D2.115/08-09/OM

താലൂക്കാഫീസ്, വൈത്തിരി,
തീ. 28/11/08.

11 DEC 2008
ജില്ലാ കലക്ടർ
WAYANAD

33043

തഹസിൽദാർ,
വൈത്തിരി

| |
|---|
| Dist. Collector |
| Dy. Collector (G) |
| Dy. Collector (RR) |
| Dy. Collector (LR) |
| Dy. Collector (H) |
| Dy. Collector (LA) |
| Fin. Officer |
| Sheristadar |

സർ,

വിഷയം: ആർ.ആർ. പഞ്ചായത്ത് കുടിശ്ശിക ശ്രീ.കെ.കെ.നാരായണൻ S/o. കണ്ടൻ, [illegible] കോളനി, [illegible] തുക വസൂൽ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന: ജില്ലാ കലക്ടറുടെ 03/09/08ലെ ലെ സി4.23739/08 നം. RRC

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം ശ്രീ.കെ.കെ.നാരായണൻ S/o.കണ്ടൻ എന്നയാളിൽ നിന്നും 45,000/- രൂപ വസൂൽ ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടിയാൻ പട്ടികവർഗ്ഗത്തിൽപ്പെട്ട പണിയ സമുദായത്തിൽ പെട്ടയാളാണ്. ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നും തന്നെയില്ലാത്തതിനാൽ തുക വസൂൽ ചെയ്യാൻ നിർവ്വാഹമില്ല. ആയതിനാൽ സൂചന പ്രകാരം അയച്ചുതന്ന ആർ.ആർ.സി. ഇതോടൊപ്പം തിരികെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

തഹസിൽദാർ

ഉള്ളടക്കം

19 33

C3-23931/08-(1)

കളക്ടറേറ്റ്, വയനാട്,
കൽപ്പറ്റ, തീയതി, 10-6-09.

ജില്ലാ കളക്ടർ,
വയനാട്.

സെക്രട്ടറി,
ജില്ലാ പഞ്ചായത്ത്,
വയനാട്.

സർ,

വിഷയം: റവന്യു റിക്കവറി - പഞ്ചായത്ത് കുടിശ്ശിക -ശ്രീ.എ.എം.രാഘവൻ- നടപടി പുരോഗതി അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) താങ്കളുടെ 27-8-08 ലെ DP-10/16829/01 നമ്പർ റിക്വിസിഷൻ.
2) അമ്പലവയൽ RR തഹസീൽദാരുടെ 19-1-09 ലെ C2-14/OGD/08-09 നമ്പർ റിപ്പോർട്ട്.

-----------

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുടിശ്ശികക്കാരന് സുൽത്താൻ ബത്തേരി താലൂക്കിൽ കൃഷ്ണഗിരി വില്ലേജിൽ സ്ഥാവര ജംഗമവസ്തുക്കളൊന്നുമില്ലാത്തതിനാൽ കുടിശ്ശിക ഈടാക്കാൻ നിർവ്വാഹമില്ലെന്ന് തഹസീൽദാർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന് സുൽത്താൻ ബത്തേരി താലൂക്ക് പരിധിയിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഉണ്ടോ എന്ന കാര്യം അന്വേഷണത്തിലാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡെ.കളക്ടർ (ആർ.ആർ)
കളക്ടർക്ക് വേണ്ടി.

34

602/09
9/3/09

നം: ഡി2/ലോക്കൽ ഓഡിറ്റ്/09.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
എൽ. എസ്. ജി. ഡി. ഡിവിഷൻ, കൽപറ്റ നോർത്ത്,
വയനാട്. തീയതി, മാർച്ച് 07, 2009.

പ്രേഷിതൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ഗ്രാഹകൻ

സെക്രട്ടറി,
ജില്ലാ പഞ്ചായത്ത്,
വയനാട്.

സർ,

വിഷയം: ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നിയമസഭ സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ 4.3.2009ലെ ഡിപി10/411/09 നമ്പർ കത്ത്.

. . .

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ ആവശ്യപ്പെട്ട പ്രവൃത്തിയായ [illegible] കുടിവെള്ള പദ്ധതി പടിഞ്ഞാറത്തറ എന്ന പ്രവൃത്തിയുടെ ബന്ധപ്പെട്ട അസി. എഞ്ചിനീയറിൽ നിന്നും ലഭിച്ച റിപ്പോർട്ട് മേൽ നടപടികൾക്കായ് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ഉള്ളടക്കം: അസി. എഞ്ചിനീയറുടെ റിപ്പോർട്ടും അനുബന്ധ രേഖകളും.

| | |
|---|---|
| President | ........ |
| Secretary | ........ |
| Finance | ........ |
| JS - I | ........ എപിഡി. |
| JS - II | ........ 9/3/09 |
| BC | ........ |

No: RSGW/1/...

24/35

P.O. Fa...
Date....5/3/09...
L.S.G.D Section, Thariyode

അസി. എൻജിനീയർ
എൽ. എസ്. ജി.ഡി സെക്ഷൻ
തരിയോട്.

96
6/3/09

എക്സിക്യൂട്ടീവ് എൻജിനീയർ
എൽ. എസ്. ജി.ഡി. ഡിവിഷൻ
കൽപറ്റ.

R2
6/3

സർ,

വിഷയം:- ജില്ലാപഞ്ചായത്ത് വയനാട് - കേരള വികസന പദ്ധതി - പടിഞ്ഞാറത്തറ പഞ്ചായത്തിലെ തരിപ്പാറ കുടിവെള്ള പദ്ധതിയുടെ റേറ്റിന് പരാമർശം മുഖേന സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- (1) എക്സി. എഞ്ചിനീയർ ഇവരുടെ നമ്പർ ഡ-2 848/07 തീയതി 10-11-08 & 22.1.09.

തരിപ്പാറ പണിയ കോളനി കുടിവെള്ള വിതരണ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 40mm PVC പൈപ്പ് സ്ഥാപിക്കുന്നതിന് മീറ്ററിന് 140 രൂപ പ്രകാരമാണ് നിശ്ചയിച്ചത്. എന്നാൽ മീറ്ററിന് 47 രൂപ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തടസ്സവാദം ഉന്നയിച്ചിരിക്കുകയാണ്.

എന്നാൽ ജില്ലാ പഞ്ചായത്തിലെയും മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഈ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയത് കേരള വാട്ടർ അതോറിറ്റി ഉൾപ്പെടുന്ന കമ്മിറ്റിയാണ്. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് നിരക്കാണ് നൽകി കൂടാവുന്നത് എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ 1999 നിരക്ക് പ്രകാരം വാട്ടർ അതോറിറ്റി

(36)

[illegible] സൈറ്റ് പ്രകാരമാണ് [illegible]
[illegible] എന്ന് മനസ്സിലാക്കുന്നു.

ഈ പ്രദേശം പാറക്കെട്ടുകളുള്ള പ്രദേശമായതിനാൽ [illegible] കാര്യം, അടിവാരം [illegible] ആയതിനാൽ [illegible] സിംഗ്, ചിസലിംഗ് എന്നീ പ്രവൃത്തികളുടെ നിരക്കും കൂടി ഉൾപ്പെടുത്തിയതിനാലും ഈ റേറ്റ് നൽകിയത്. ഇതോടൊപ്പം താരതമ്യപഠനത്തിന് വേണ്ടി അന്നത്തെ നിരക്ക് പ്രകാരമുള്ള PHED ഡാറ്റ പ്രകാരവും തയ്യാറാക്കിയ ഡാറ്റ ഇതോടൊപ്പം സമർപ്പിക്കുന്നു. ഈ [illegible] ഒരു മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിന് 206 രൂപ വരും എന്നാൽ 140 രൂപ മാത്രമാണ് നൽകിയത്. കൂടാതെ PHED ഡാറ്റയുടെ ആവശ്യമായ [illegible] കോപ്പിയും സമർപ്പിക്കുന്നു.

ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഉന്നയിച്ച തടസ്സവാദം നീക്കുവാൻ ഈ സംഗതികൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

[signature]

Assistant Engineer
L.S.G.D. Section, Thariyode
P. O. Kavummannam
Pin 673121.

Encl: 1) Data
2) Copy of PHED Data
ol.

[illegible]

[illegible] 2001 - 2002

DATA ~~23~~ (37)

① Supplying ~~and~~ Conveying, laying 40mm pipe and Specials, Solvent Cement and lowering in to the trenches Placing in position along the pipe line to the lines and levels and jointing the pipe and specials with Solvent Cement and testing the pipe line with water to the required test pressure including hire charges for all tools, tackle equipments, Excavating trenches in all classes including chiselling in hard rock, lighting, watching and refilling the trenches etc.

a) Sub data for excavation & chiselling etc. where blasting is prohibited.
P 17 item no 1005 of KWA Data.
Rate - ~~2000 SOR~~ 1999 SOR

Labour. Details for 10 $m^3$

| | | | |
|---|---|---|---|
| 5.30 Quarryman | @ Rs 154.10/d | = | 816.73 |
| 12.30 hammerman | @ 154.10/d | = | 1895.43 |
| 2.00 Stone Cutter | @ Rs 154.10/d | = | 308.20 |
| 3.00 man | @ Rs. 104.65/d | = | 313.95 |
| 6.00 woman | @ Rs. 91.00/d | = | 546.00 |
| | | | 3880.31 / 10 $m^3$ |

b) Sub data for laying pipe.

| | | |
|---|---|---|
| PVC 40mm 27/m | = | 27.00 |
| 5% for Sols. | = | 1.35 |
| laying & Conveying Pipe @ Rs 510.05/100m (KWA Data) | = | 5.10 |
| Trench refilling 1.00 x 0.40 x 0.72 = 0.29 $m^3$ @ Rs 967/10 $m^3$ | = | 28.04 |
| | | 61.49/m. |

(c) Sub data for fencing.

Fencing 1.50 m. ht. with row of full length bamboo tied with Coir yarn on vertical bamboo. fixed at 1.50 m. horizontally around all labour charges hire for tools etc..

3.5 Nos. full bamboo @ 25% Value for Line. @Rs. 60/2 } . 52.50

200 gram Coir yarn @Rs. 27/kg = 5.40

0.75 Mol. man mazdoor @Rs. 116.45/5 = 87.11

LS for Conveyance bamboo = 5.00

450.01/10 m

(d) Testing laid main pipe. KWA Data. Item No 1012

Test length 150 m.

Cost of water required for filling the pipe line including conveyance. @R 100/1000 Ltr = 16.50

8 Nos hire charge for 65 mm long 16 mm bolt and nut: LS } = 10.00

0.30 fitter @ Rs 154.10/2 = 46.23

0.30 man for assisting @Rs. 104.65/2 = 31.39

0.05 m2 hire for rubber packing. LS = 10.00

2.00 man for hand pump. @R 154.10/2 = 308.20

3. Hrs. required for pumping water. LS = 25.00

LS hire charge for pressure gauge = 2.00

449.32/

Main Data for laying 8.40mm F C P.ho
Details for 30m

a) Sub data for Chisselly.

~~30.00x0.40x0.72 @ Rs. 61.49/.~~

30.00 x 0.40 x 0.72 = 8.64 m³ @ Rs 3880.31/100³ = 3352.58

b) ~~Lay~~ Supplying & laying Pipe.
30.00 @ Rs. 61.49/m } = 1844.70

c) Sub data for ferrying
2x30m @ Rs. 150.01/10m = 900.06

d) Testing 30m @ Rs. 449.32/150m = 89.86

6187.20/30m

∴ Rate for ~~1000~~ 1m = 6187.20 / 30 = 206.24/1m

Assistant Engineer
L.S.G.D. Section, Thariyode
P. O. Kavummannam,
Pin 673121

# നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 29.09.2021 ലെ യോഗത്തിൽ പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക

1. ആനുകൂല്യങ്ങൾ നിയമങ്ങൾ പാലിക്കാതെ : ലക്ഷങ്ങൾ ചോരുന്നു

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നിയമസഭ സമിതിയുടെ ശുപാർശയുടെ സംഗ്രഹം | തുടർ നടപടികളുടെ വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 4.2.1(i) | പെൻഷൻ ഓഡിറ്റ് പരിശോധന ഇല്ലാതെ | പെൻഷൻ ഫയലുകൾ/സേവന പുസ്തകങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ സേവന ഫയൽ സേവന പുസ്തകം ഇവ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ടി വകുപ്പിന്റെ ശിപാർശ കണക്കിലെടുത്ത മാത്രമേ നിലവിൽ വിരമിക്കുന്നവരുടെ ആനുകൂല്യങ്ങൾ നൽകുന്നുള്ളൂ. |
| 2 | 2005-06 | 4.2.1(ii) | ശമ്പള നിർണയത്തിനും അധിക വേതനം | | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2010-11 – 09.11.2010 ലെ തെളിവെടുപ്പ് യോഗത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചതാണ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | സമിതി 2011-2014 19th റിപ്പോർട്ട് പ്രകാരം ഈ ഓഡിറ്റ് തടസ്സം സമിതി ഒഴിവാക്കിയതാണ് |
| 3 | 2005-06 | 4.2.1 (iii) | റോണിയോ ഓപ്പറേറ്റർ മാർക്ക് പ്രത്യേക ബത്ത | | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2010-11 – 09.11.2010 ലെ തെളിവെടുപ്പ് യോഗത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചതാണ്<br>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2011-2014 19th റിപ്പോർട്ട് പ്രകാരം ഈ ഓഡിറ്റ് തടസ്സം സമിതി ഒഴിവാക്കിയതാണ് |
| 4 | 2005-06 | 4.2.1(iv) | മുൻ ഫിനാൻസ് ഓഫീസർ ശ്രീ. കെ. ജെ. ജോൺ | 04.1987 മുതൽ 01.1999 വരെ ഉയർന്ന നിരക്കിൽ എച്.ആർ.എ(750 രൂപാ P/M) നൽകി - 99660 രൂപാ തിരികെ ഈടാക്കുക | 31.01.1999 ൽ ശ്രീ. കെ.ജെ. ജോൺ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു എങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കണ്ടെത്താനായില്ല. 09.02.2019 ൽ ശ്രീ. കെ. ജെ. ജോൺ മരണമടഞ്ഞതാണ്. |
| 5 | 2005-06 | 4.2.1(iv) (2) | മുൻ പരീക്ഷാ കൺട്രോളർക്ക് (ഡോ. എൻ. രാമചന്ദ്രൻ) ഫീഡർ തസ്തികയിൽ അധിക ഇൻക്രിമെന്റുകൾ നൽകിയത് | ക്രമവിരുദ്ധമായി ഇൻക്രിമെന്റിനത്തിൽ നൽകിയ 175255/- രൂപ രണ്ടു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു (19.04.2013) | ഡോ. എൻ. രാമചന്ദ്രന് അധികം നൽകിയ തുകയായ 1,75,255/- രൂപ തിരികെ അടക്കുവാൻ മഹാത്മാ ഗാന്ധി സർവ്വകലാശാല 2010 ൽ ആവശ്യപ്പെട്ടിരുന്നു എന്നാൽ ഈ തുക തിരിച്ചടക്കുകയുണ്ടായില്ല. ടിയാൻ 29.11.2012 ൽ മരണമടഞ്ഞതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |

2. അമ്മഞ്ചേരി ഹൗസിങ് കോളനി വാങ്ങൽ : സർവ്വകലാശാലയുടെ താൽപ്പര്യം സംരക്ഷിച്ചില്ല

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നിയമസഭ സമിതിയുടെ ശുപാർശയുടെ സംഗ്രഹം | തുടർ നടപടികളുടെ വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 4.2.2 | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കരാർ വ്യവസ്ഥകൾ ബോർഡിന് അനുകൂലം | 1. നിയമോപദേശം തേടിയില്ല<br>2. 1.75 കോടി രൂപ കൈമാറിയ ശേഷം മാത്രം കരാർ ഒപ്പിട്ടു<br>3. ബോർഡ് എണ്ണം കുറച്ച് വില വർദ്ധിപ്പിച്ചു<br>4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല. 42 വീട് ന് പഞ്ചായത്ത് അംഗീകാരം നൽകിയില്ല<br>5. 2.25 കോടി നഷ്ടമായിട്ടും സർവ്വകലാശാല തുടർനടപടി സ്വീകരിച്ചില്ല | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും മഹാത്മാ ഗാന്ധി സർവ്വകലാശാലയും തമ്മിൽ 20.10.2008 ൽ പരസ്പരം സമ്മതിച്ചു ഒപ്പ് വച്ച എഗ്രിമെന്റ് പ്രകാരവും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2004-06) 115 -ാമത് റിപ്പോർട്ടിന്മേൽ ഉണ്ടായ ശിപാർശ അനുസരിച്ച് ചീഫ് സെക്രട്ടറിയുടെ 11.01.2007 ലെ നിർദ്ദേശ പ്രകാരവും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തു വകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ എടുത്തു കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ക്യാമ്പസ് ബ്രാഞ്ചിൽ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് 2,25,00,000/- രൂപ തിരികെ |

| | | | | | |
|---|---|---|---|---|---|
| | | | | | ഒടുക്കുകയും ചെയ്തു. ഇപ്രകാരം ഈ വിഷയം തീർപ്പ് കല്പിച്ചിട്ടുള്ളതാണ്. |

R.Vijh

വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് – മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 6.8.1 | ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമല്ലാത്തതിനാൽ ക്ഷേത്രങ്ങളുടെ വരവുകൾ അപ്രത്യക്ഷമാകുന്നു. | മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടതിന് ശേഷം ബോർഡിന് പുതുതായി തസ്തികകളൊന്നും അനുവദിക്കപ്പെട്ടിട്ടില്ലെന്നും നേരത്തെ ഉണ്ടായിരുന്ന ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ പരിമിതമായ ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ തന്നെ വലിയൊരു ശതമാനം ജീവനക്കാരും വിരമിച്ചു കഴിഞ്ഞു. മലബാറിലെ 7 ജില്ലകളിലായി 1400 ൽ അധികം ക്ഷേത്രങ്ങളുടെ ഭരണ മേൽനോട്ടം നിർവ്വഹിക്കുന്ന മലബാർ ദേവസ്വം ബോർഡിന് നിലവിൽ ജില്ലാതല ഓഫീസറുകൾ പോലുമില്ല എന്നും ഒരു അസിസ്റ്റന്റ് കമ്മീഷണർക്ക് ഒന്നിൽ കൂടുതൽ ജില്ലകളുടേയും, ഒരു ഇൻസ്പെക്ടർക്ക് രണ്ടും മൂന്നും താലൂക്കുകളിലെയും ക്ഷേത്രങ്ങളുടെ മേൽനോട്ടച്ചുമതലയാണുള്ളതെന്നും ഈ പരിമിതികൾ ലഘൂകരിച്ചാൽ മാത്രമേ ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. നിലവിൽ 1500 ഓളം ക്ഷേത്രങ്ങളിലെ ഭരണപരമായ മേൽനോട്ടം വഹിച്ചുവരുന്ന |

| | | |
|---|---|---|
| | | മലബാർ ദേവസ്വം ബോർഡിൽ 60ഓളം സ്ഥിരം ജീവനക്കാർ മാത്രമാണുള്ളതെന്നും ഇത്ര ചുരുങ്ങിയ ജീവനക്കാരേയും വെച്ച് കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ക്ഷേത്രങ്ങളുടെ ഭരണ മേൽനോട്ടം കാര്യക്ഷമമായി നടത്തുക ദുഷ്കരമാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിക്കുന്നു. |
| | 1) ശ്രീ പന്തലായിനി കാളിയമ്പത്ത് ശിവക്ഷേത്രം, ഓഡിറ്റ് റിപ്പോർട്ട്<br><br>2000-04<br>ഖണ്ഡിക (14)<br>നഷ്ടം - 5034.70 രൂപ. | ദേവസ്വത്തിന് നഷ്ടം വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ച് പിടിക്കുന്നതിന് ക്ഷേത്രം ചെയർമാന് നിർദ്ദേശം നൽകുകയും പ്രസ്തുത തുക 15.09.2010ലെ ദേവസ്വം രശീതി നമ്പർ.7127 പ്രകാരം ദേവസ്വത്തിലേക്ക് അടവാക്കിയിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 2) ശ്രീ. പുറക്കാടി ദേവസ്വം, വയനാട്.<br><br>ഓഡിറ്റ് റിപ്പോർട്ട്-<br>1997-2004,<br>ഖണ്ഡിക - 12 (5)<br>നഷ്ടം 1,09,573/- രൂപ<br><br>ഖണ്ഡിക -29 | ദേവസ്വത്തിൽ 23.09.1997 മുതൽ 18.11.1198 വരെ മാനേജരായിരുന്ന ശ്രീ. കൃഷ്ണദാസിനോട് വിശദീകരണം ആരാഞ്ഞിരുന്നുവെങ്കിലും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ടിയാൻ നിലവിൽ ഹെൽത്ത് ഡിപ്പാർട്ടമെന്റിൽ ക്ലാർക്കായി ജോലി ചെയ്യുകയാണെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിലവിലെ നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്മേൽ പുരനഭിപ്രായക്കുറിപ്പ് പുറപ്പെടുവിക്കേണ്ടതും സർചാർജ്ജ് നടപടികൾ സ്വീകരിക്കേണ്ടതും കേരള സംസ്ഥാന |

| | | |
|---|---|---|
| | | ഓഡിറ്റ് വകുപ്പാണെങ്കിലും യാതൊരു നടപടിയും സ്വീകരിക്കപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ നിലവിലെ സ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ചിട്ടുള്ളസ്പെഷ്യൽ ടീമിന്റെ റിപ്പോർട്ട് പരിശോധിച്ച് സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് വകുപ്പിന് ശുപാർശ സമർപ്പിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 3) ശ്രീ.മാനികാവ് ക്ഷേത്രം<br><br>ഓഡിറ്റ് റിപ്പോർട്ട്-<br>1997-2004,<br>ഖണ്ഡിക - 16<br>നഷ്ടം 6,414 /- രൂപ | 23.11.2006-ന് ദേവസ്വം പലവക രശീതി നമ്പർ 479 പ്രകാരം 2,000 /- രൂപയും, 04.11.2009-ന് ദേവസ്വം പല വക രശീതി നമ്പർ. 55 പ്രകാരം 1,586 /- രൂപയും 07.03.2018-ന് ദേവസ്വം പലവക രശീതി നമ്പർ. 381 പ്രകാരം 2,828 /- രൂപയുമടക്കം ആകെ 6,414 /- രൂപ ദേവസ്വത്തിൽ തിരിച്ചടച്ചിട്ടുണ്ട്. തുടർനടപടി ആവശ്യമില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 4) ശ്രീ ചാല ഭഗവതി ക്ഷേത്രം, കണ്ണൂർ<br>ഓഡിറ്റ് റിപ്പോർട്ട്-<br>1996-2005,<br>ഖണ്ഡിക - 14, 15<br>നഷ്ടം 11,691 /-/- രൂപ | 08.09.2010-ന് ദേവസ്വം പലവക രശീതി നം. 54 പ്രകാരം തുക ക്ഷേത്രം ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും തുടർ നടപടി ആവശ്യമില്ല എന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | 5) <u>ശ്രീ തൃശ്ശിലേരി ക്ഷേത്രം, മാനന്തവാടി.</u><br>ഓഡിറ്റ് റിപ്പോർട്ട്-<br>2003-2005,<br>ഖണ്ഡിക - 18<br>നഷ്ടം 18,662 /- രൂപ | പ്രസ്തുത ക്ഷേത്രത്തിന്റെ 2003-05 വർഷത്തെ ഓഡിറ്റന്മേലുള്ള പുനരഭിപ്രായക്കുറിപ്പിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്കുള്ള ചെലവ് അനുവദിച്ചുകൊണ്ടുള്ള ഭരണ വകുപ്പിന്റെ അനുമതി അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം തുക തിരിച്ചടച്ചാൽ മതിയെന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെന്നും തുടർന്ന് ശ്രീ.തൃശ്ശിലേരി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിക്കുന്ന എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രതിമാസം 540/- രൂപ ചാർജ്ജ് അലവൻസ് അനുവദിച്ചുകൊണ്ട് ഭരണ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ടെന്നും 2009 വർഷത്തെ ഓഡിറ്റ് വേളയിൽ പ്രസ്തുത ഉത്തരവ് ഹാജരാക്കിയതാണെന്നും ആയതിനാൽ തടസ്സം നില നിൽക്കുന്നില്ല എന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 6) <u>ശ്രീ കൊട്ടിയൂർ ദേവസ്വം, തലശ്ശേരി, കണ്ണൂർ.</u><br>ഓഡിറ്റ് റിപ്പോർട്ട്-<br>2003.<br>ഖണ്ഡിക - 15<br>നഷ്ടം 31,800 /- രൂപ | 2003 വൈശാഖ മഹോത്സവ കാലത്ത് താൽക്കാലിക സ്റ്റാൾ ലേലത്തിനെടുത്ത ശ്രീ. വിജയൻ വട്ടക്കുന്നേൽ, ദേവസ്വത്തിൽ അടക്കുവാൻ വീഴ്ചവരുത്തിയ 31,800/- രൂപ തിരിച്ചുപിടിക്കുന്നതിനായി കൊട്ടിയൂർ ദേവസ്വം കൂത്തുപറമ്പ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ST.3178/2004 നമ്പരായി |

| | | |
|---|---|---|
| | | കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അടക്കുവാൻ വീഴ്ചവരുത്തിയ 31,800/- രൂപയിൽ, ലേലസമയത്ത് താൽക്കാലിക ഡെപ്പോസിറ്റായി കെട്ടിവെച്ച 5,000/- രൂപ കിഴിച്ച് ബാക്കി 26,800/- രൂപയും അതിന്റെ പലിശയുമടക്കം 63,300/- രൂപ ദേവസ്വത്തിലേക്ക് അടക്കുകയും കേസ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തുടർ നടപടി ആവശ്യമില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 7) <u>ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം.</u><br>ഓഡിറ്റ് റിപ്പോർട്ട്-<br>2002-05<br>ഖണ്ഡിക - 13, 16, 20, 24, 27.<br>നഷ്ടം 33,800 /- രൂപ | **<u>ഖണ്ഡിക 13-</u>** വഴിപാട് വരവ് ക്യാഷ് ബുക്കിൽ ചേർത്തതിൽ കുറവ് വന്ന 2,464/-രൂപ 25.07.2007-ന് ക്ഷേത്രം അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.<br><br>**<u>ഖണ്ഡിക 16-</u>** വഴിപാട് സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ വന്ന കുറവ് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകളിൽ ആവശ്യമായ ചേർക്കലുകൾ വരുത്തി നടപടി അംഗീകരിക്കാവുന്നതാണ്.<br>**<u>ഖണ്ഡിക 20-</u>** ശമ്പള കുടിശ്ശിക- ക്ഷേത്രത്തിലെ മുൻ ജീവനക്കാരന് നൽകേണ്ട ശമ്പള കുടിശ്ശിക 60:40 എന്ന അനുപാതത്തിൽ മാടായിക്കാവ് ക്ഷേത്രത്തിൽ നിന്നും, ശ്രീ.ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിൽ നിന്നും നൽകേണ്ടതിന് പകരം മൊത്തം തുകയും അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിൽ നിന്നും |

| | | |
|---|---|---|
| | | നൽകിയത് കാരണം ഓഡിറ്റിൽ തടസ്സപ്പെടുത്തിയതാണെന്നും ഈ ക്ഷേത്രങ്ങളും ഒരേ ട്രസ്റ്റിഷിപ്പിന് കീഴിലുള്ളവയായതിനാൽ മാടായിക്കാവിലെ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ചെറുകുന്ന് ദേവസ്വം ഫണ്ടിൽ നിന്നും, വിരമിച്ച ക്ഷേത്രജീവനക്കാരന് ശമ്പള കുടിശ്ശിക നൽകുന്നതിന് വേണ്ടി നടപടി സ്വീകരിച്ചത് എന്ന നിലയിൽ മാനുഷിക പരിഗണന മുൻനിർത്തി എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടി അംഗീകരിക്കാവുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിക്കുന്നു.<br>**<u>ഖണ്ഡിക 24-</u>** അരി സ്റ്റോക്കിലെടുത്തതിൽ വന്ന കുറവ് 2007 വർഷത്തെ സ്റ്റോക്ക് ബുക്ക് പേജ് 50-ൽ 125.77 കി.ഗ്രാം രേഖപ്പെടുത്തിയിട്ടുണ്ട്. നടപടി അംഗീകരിക്കാവുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br>**<u>ഖണ്ഡിക 27-</u>** ട്ടുവെപ്പിന് സഹായിക്ക് വേതനം നൽകിയത്- ക്ഷേത്രത്തിലെ ഊട്ട് വെക്കേണ്ടതും (അന്നദാനം), വിളമ്പേണ്ടതും നമ്പൂതിരി സമുദായക്കാർ തന്നെ വേണമെന്ന് നിർബന്ധമുള്ളതിനാൽ ആളെ ലഭിക്കുന്നതിനുള്ള പ്രയാസം മൂലമാണ് അധിക വേതനമായി 3,750/- രൂപ നൽകേണ്ടതായി വന്നതെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിലെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടി ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര താൽപര്യം മുൻനിർത്തി നടത്തിയ നടപടി അംഗീകരിച്ചു നൽകുന്നതിന് നടപടി |

| | | |
|---|---|---|
| | | സ്വീകരിക്കുന്നതാണെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 8) <u>ശ്രീ അണ്ടല്ലൂർക്കാവ് ക്ഷേത്രം.</u><br>ഓഡിറ്റ് റിപ്പോർട്ട്-<br>2003-05<br>ഖണ്ഡിക - 10(2),11,18<br>നഷ്ടം 84,729.94 /- രൂപ | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/12/2017 ലെ കെ.എസ്.എ/14556/സ്പെ.സെൽ/സി.എസ്.സി/എ 3/2015 നമ്പർ പ്രകാരം ഓഡിറ്റ് ഖണ്ഡികകൾ പ്രകാമുള്ള നഷ്ടത്തിനുത്തരവാദിയായ അന്നത്തെ മാനേജിംഗ് ട്രസ്റ്റി ശ്രീ. തുണേരി രമേശനെ സർച്ചാർജ്ജ് നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| | 9) <u>ശ്രീ കടമേരി പരദേവതാ ക്ഷേത്രം, കോഴിക്കോട്.</u><br>ഓഡിറ്റ് റിപ്പോർട്ട്-<br>1996-05<br>ഖണ്ഡിക - 16, 17 (ബി), 25, 26<br>നഷ്ടം 58373.25 /- രൂപ | **<u>ഖണ്ഡിക 16, 17 (ബി):</u>** വഴിപാട് രജിസ്റ്റർ പ്രകാരമുള്ള വരവ് ക്യാഷ് ബുക്കിൽ ചേർത്തതിലുള്ള കുറവ് വന്ന തുകയായ 8,558.50/- രൂപ മുൻ ചെയർമാൻ ക്ഷേത്രത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.<br><br>**<u>ഖണ്ഡിക 25:</u>** ക്ഷേത്ര സംരക്ഷണ സമിതി, ക്ഷേത്ര ഫണ്ടിലേക്ക് നീക്കിയിരുപ്പ് കൈമാറിയതിൽ കുറവ് വന്ന തുക 4,263.75/- സംരക്ഷണ സമിതിയുടെ 22.04.1998 മുതൽക്കുള്ള ക്യാഷ് ബുക്കിൽ വരവായി ചേർക്കുകയും, ഈ തുകയും ഭക്തജനങ്ങളിൽ നിന്നുള്ള സംഭാവനയായി ലഭിച്ച തുകയും ചേർത്ത് ക്ഷേത്രത്തിലെ ചുറ്റമ്പല നവീകരണ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ, തടസ്സവാദം ഒഴിവാക്കുന്നതിന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് എഴുതിയിട്ടുണ്ട്. ക്ഷേത്രതാൽപര്യാർത്ഥം ടി തുക |

| | | |
|---|---|---|
| | | ഉപയോഗപ്പെടുത്തിയതിനാൽ തടസ്സവാദം ഒഴിവാക്കാവുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>**ഖണ്ഡിക 26:** ക്ഷേത്ര സമിതി മുൻ സെക്രട്ടറി ക്ഷേത്ര ഫണ്ടിലേക്ക് ഒടുക്കാൻ ബാക്കിയുണ്ടായിരുന്ന 7,191/- രൂപ 05.06.2006-ന് ക്ഷേത്ര സമിതിയ്ക്ക് കൈമാറുകയും, സമിതി ക്ഷേത്ര ചുറ്റമ്പല നവീകരണത്തിന് തുക ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്ര താൽപര്യാർത്ഥം തുക വിനിയോഗിച്ചിട്ടുണ്ട്. ടി തുക മുൻ സെക്രട്ടറി വശം ഉണ്ടായിരുന്ന കാലയളവിലെ പലിശ ടിയാനിൽ നിന്നും ഈടാക്കുന്നതിനുള്ള നപടി എക്സിക്യൂട്ടീവ് ഓഫീസർ മുഖേന സ്വീകരിച്ചിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിക്കുന്നു. |
| | 10) <u>ശ്രീ വള്ളിയൂർക്കാവ് ക്ഷേത്രം, വയനാട്.</u><br><br>ഓഡിറ്റ് റിപ്പോർട്ട്-<br>2000-04<br>ഖണ്ഡിക - 12, 19, 20, 21, 57<br>നഷ്ടം 27,402 /- രൂപ | ക്ഷേത്രത്തിലെ മുഖവില രശീതികൾ മോഷ്ടിക്കപ്പെട്ടത് 14,670/- രൂപ 27.07.2009 ന് ദേവസ്വം ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ഖണ്ഡിക 12 ,20 ,21, 57 പ്രകാരം ക്ഷേത്ര ഫണ്ടിനുണ്ടായ നഷ്ടം, ഇതിനുത്തരവാദിയായ ശ്രീ.പി.ടി.കുഞ്ഞിരാമൻ നായരിൽ നിന്നും പ്രതിമാസം 2,000/- രൂപ വീതം തിരിച്ച് പിടിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തിരിച്ചടവ് തുകയുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

38(a)

| | | |
|---|---|---|
| 6.4.2 | <u>വള്ളിയൂർക്കാവ് ക്ഷേത്രം, വയനാട്.</u><br><br>ദേവസ്വം ഭൂമി പാട്ടത്തിന് നൽകിയത് - തിരിച്ചു പിടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടില്ല. | മാനന്തവാടി മുൻസിഫ് കോടതിയിൽ O.S.119/97-ാം നമ്പർ പ്രകാരമുള്ള കേസിൽ ഭൂമി തിരിച്ചറിയുന്നതിനായി കോടതി, കമ്മീഷനെ നിയോഗിക്കുകയും ദേവസ്വം സ്വകാര്യ സർവ്വേയർമാരുടെ സഹായത്താൽ പ്രസ്തുത സ്ഥലം മുഴവനായും കണ്ടെത്തുകയും, കമ്മീഷൻ റിപ്പോർട്ട് ബഹു. കോടതിയൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.വള്ളിയൂർ ക്കാവ് ഭഗവതി ക്ഷേത്രം ശ്രീ.പി.ടി കുഞ്ഞിരാമൻ നായർക്കെതിരെയുള്ള ഓഡിറ്റ് പരാമർശങ്ങളിൽ എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിച്ച നടപടി, തിരിച്ചടച്ച തുകയുടെ വിശദാംങ്ങൾ എന്നിവയും, ദേവസ്വം ഭൂമി സംബന്ധിച്ച്, OS.119/97 നമ്പറായി മാനന്തവാടി മുൻസിഫ് കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതിയും കേസിന്റെ നടത്തിപ്പ് പുരോഗതിയും വിശദമായി റിപ്പോർട്ട് ചെയ്യുവാൻ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടീം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

M. HARSHAN
Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph : 0471 - 2335426 & 2518397

<u>മരണപ്പെട്ട ജീവനക്കാർ</u>

| | |
|---|---|
| 1. ശ്രീ. വി. കൃഷ്ണൻ കുട്ടിനായർ | - 7350/- രൂപ |
| 2. ഗ്രേസ് കുര്യൻ | - 40/- രൂപ |
| 3. ശ്രീ. എസ്. ശ്രീകുമാരൻ നായർ | - 4969/- രൂപ |
| 4. ശ്രീ. വി. ശ്രീകുമാർ | - 500/- രൂപ |
| 5. ശ്രീ. എൻ. ശിവൻ | - 600/- രൂപ |
| **ആകെ** | **- 13459/- രൂപ** |

ജീവനക്കാർ മരണപ്പെട്ടിട്ടുള്ളതിനാലും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളതിനാലും തുക ഈടാക്കുവാൻ സാധിക്കുകയില്ല.

<u>കാലപഴക്കം മൂലം വ്യക്തമായ വിവരം ലഭ്യമല്ലാത്ത മുൻകൂറുകൾ</u>

| <u>കാലയളവ്</u> | | <u>തുക</u> |
|---|---|---|
| 1997 - 1998 | - | 2000 |
| 1997 -1998 | - | 5000 |
| 1998 -1999 | - | 100 |
| 1998-1999 | - | 5000 |
| ആകെ | - | 12100 |

23 വർഷത്തോളം പഴക്കം ഉള്ള മുൻകുറുകൾ ആയതിനാൽ ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ ആയിട്ടില്ല.

<u>മുൻകൂർ ക്രമികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റ്</u>

| | |
|---|---|
| 1. ശ്രീ. പി.കെ രഘുവർമ്മ | - 2000/- രൂപ |
| 2. ശ്രീ. ജി. മണികണ്ഠൻ നായർ | - 2800/- രൂപ |
| 3. ശ്രീ. പി. ശ്രീകുമാരൻ നായർ | - 750/- രൂപ |
| 4. ശ്രീ. വി. വിജയകുമാർ | - 400/- രൂപ |
| 5. ശ്രീ. മോഹനവർമ്മ | - 400/- രൂപ |
| ആകെ | - 6350/- രൂപ |

ശ്രീ. എസ്. വിജയകുമാർ - 24210/- രൂപ

ജീവനക്കാർ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരം റിട്ടയർചെയ്ത് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ബാധ്യത സംബന്ധിച്ച നോട്ടീസ് നൽകിയിട്ടില്ലാത്തതിനാൽ ബാധ്യത ഈടാക്കുവാൻ നിർവാഹമില്ല. മാത്രവുമല്ല. (ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ജീവനക്കാരുടെ മുൻകൂർ തുക (6350/- രൂപ) തുച്ഛമായതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് സാമ്പത്തിക നഷ്ടം മാത്രമാണ് ഉണ്ടാക്കുക.

ആയതിനാൽ മരണപ്പെട്ടവർ (13459/-രൂപ), രേഖകളുടെ അപര്യാപ്തത (12100/-രൂപ, തുച്ഛമായ തുക (6350/- രൂപ) എന്നീ ഇനങ്ങളിൽപെടുന്ന മുൻകൂർ

| | | | |
|---|---|---|---|
| | | | തുക 31909/- രൂപ എഴുതി തള്ളുന്നതിന് അടുത്ത ഭരണ സമിതിയിൽ സമർപ്പിക്കുന്നതാണ്.<br><br>ശ്രീ. വിജയകുമാറിന് റിട്ടയർമെന്റ് സമയത്ത് 3,86,924 /-രൂപ ബാധ്യത ഉണ്ടായിരുന്ന വിവരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സാംസ്കാരിക വകുപ്പ് അധ്യക്ഷ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. |
| 3 | 6.6.3 | വിജ്ഞാനകൈരളി മാസിക-പോസ്റ്റേജ് – സൗജന്യ നിരക്ക് പുതുക്കാത്തതുമൂലം നഷ്ടം 90,622/- രൂപ ഖണ്ഡിക 22 | വിജ്ഞാന കൈരളിയുടെ തപാൽ ചാർജിനത്തിൽ 2001 ഏപ്രിൽ മുതൽ 2004 ആഗസ്റ്റ് വരെ 1,08,443/- രൂപയുടെ അധികചെലവ് വന്നിട്ടുള്ളതായി ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാലയളവിൽ ചീഫ് എഡിറ്റർ ആയിരുന്ന ഡയറക്ടർ സർവ്വീസിൽ നിന്ന് വിരമിക്കുകയും ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എഡിറ്റർമാരായിരുന്ന രണ്ടു പേരിൽ ഒരാൾ സർവ്വീസിൽനിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സർവ്വീസിൽ നിന്നും പിരിയുന്നവരുടെ പേരിൽ ഏതെങ്കിലും ബാധ്യതകൾ ഉണ്ടെങ്കിൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ അറിയിക്കുകയും ഈടാക്കുകയും ചെയ്യണമെന്ന വ്യവസ്ഥയുള്ളതിനാൽ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുക സാധ്യമല്ല. സർവ്വീസിൽ ഇപ്പോഴും തുടരുന്ന എഡിറ്ററുടെ കയ്യിൽ നിന്നും ബാധ്യതയായി കണക്കാക്കിയിട്ടുള്ള തുക വിഹിതം നിശ്ചയിച്ച് ഈടാക്കുന്നത് വിവേചനപരമായി തീരാൻ സാധ്യതയുണ്ട്. ഒരേ കൃത്യത്തിന് മൂന്ന് ഉത്തരവാദികൾ ഉണ്ടായിരിക്കുകയും അതിൽ രണ്ടുപേർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ബാധ്യതയിൽ നിന്നു ഒഴിവാക്കപ്പെടുകയും സർവ്വീസിൽ തുടരുന്നു എന്ന ഒറ്റക്കാരണത്താൽ മൂന്നാമനിൽ നിന്നും നഷ്ടതുക ഈടാക്കുന്നത് അധാർമികമെന്ന് വ്യാഖ്യാനിക്കാൻ ഇടയുണ്ട്. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം വന്ന 1,08,443/- രൂപ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 4 | 6.6.4 | ലക്ഷങ്ങളുടെ പുസ്തകങ്ങൾ അപ്രത്യക്ഷമാവുന്നു.<br><br>നഷ്ടം 2,64,867/-രൂപ<br><br>ഖണ്ഡിക 25, 26 | വിജ്ഞാനമുദ്രണം പ്രസ്സിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെയിൻ ഗോഡൗണിലേക്ക് ചുമന്നു മാറ്റിയ പുസ്തകങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിയെന്നും 11 ശീർഷകങ്ങളിലായി പുസ്തകങ്ങളുടെ മുഖവിലയായ 2,24,117/- രൂപ നഷ്ടപ്പെട്ടതായി ആഡിറ്റ് പർമർശം ഉണ്ട്. മെയിൻ ഗോഡൗണിൽ നിന്നും കോഴിക്കോട് പ്രാദേശികകേന്ദ്രത്തിലേക്ക് കൊണ്ടുപോയ പുസ്തകങ്ങളുടെ കൂട്ടത്തിൽ 9 ശീർഷകങ്ങളിലായി 670 പുസ്തകങ്ങളും അവയുടെ മുഖവിലയായ 40,750/- രൂപയും നഷ്ടപ്പെട്ടതായി ആഡിറ്റ് പരാമർശമുണ്ട്. ഈ രണ്ടു സംഭവങ്ങളും നടന്നിരിക്കുന്നത് അന്ന് ഗോഡൗൺ |

| | | | |
|---|---|---|---|
| | | | മാനേജരായിരുന്ന ശ്രീ.ടി.ആർ.അരവിന്ദാക്ഷന്റെ കാലത്താണ്. ഇതു സംബന്ധിച്ച് ടിയാനെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണം പൂർത്തിയാകുന്നതിനു മുൻപ് അദ്ദേഹം മരണപ്പെട്ടിട്ടുള്ളതുമാകുന്നു. ടിയാന്റെ ആശ്രിതർ മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ അപേക്ഷ കൊടുക്കുകയും അവിടുത്തെ തീരുമാനപ്രകാരം ആശ്രിതർ ആനുകല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച തുക ഈടാക്കുന്നതിന് നിർവ്വാഹമില്ല. നഷ്ടം എഴുതിത്തള്ളുന്ന വിഷയം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതി തീരുമാനത്തിന് വിധേയമായി പരിഗണിക്കുന്നതാണ്. |
| 5 | 6.6.5 | ക്രെഡിറ്റ് വിൽപ്പന-ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ വരവു വെയ്ക്കുന്നതിൽ കാലതാമസം-പലിശ നഷ്ടം.<br><br>ഖണ്ഡിക 28 | ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ നൽകിയ സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റിയ ചെക്കുകൾ ബാങ്കിൽ യഥാസമയം കൊടുത്ത് പണം ഈടാക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് പലിശയിനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് കിട്ടുമായിരുന്ന തുകയായ 4,316/- രൂപ നഷ്ടപ്പെട്ടതായി ആഡിറ്റ് വിഭാഗം കണ്ടെത്തിയിരിക്കുന്നത്. ചെക്കുകൾ ബന്ധപ്പെട്ട ട്രഷറികളിലും ബാങ്കുകളിലും ഹാജരാക്കുന്നതിലും ഹാജരാക്കിയ ചെക്കുകൾ തന്നെ പലവിധകാരണങ്ങളാൽ പണമായി മാറി വരാനുണ്ടായ കാലതാമസവും നഷ്ടം നിശ്ചയിക്കുന്നതിന് കണക്കിലേടുക്കേണ്ടതുണ്ട്. നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ സർവീസിൽ നിന്നും വർഷങ്ങൾക്കു മുൻപേ പിരിഞ്ഞുപോയതിനാൽ അവരിൽ നിന്നും നഷ്ടത്തുക പിരിച്ചെടുക്കുന്നതിന് കഴിയുകയില്ല. ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നഭ്യർത്ഥിക്കുന്നു. |
| 6 | 6.6.6 | കോഴിക്കോട് പ്രാദേശിക കേന്ദ്രം- പുസ്തക വില്പന-പിരിഞ്ഞുകിട്ടാനുള്ള തുക -1,49,049/- | ടൂറിങ് ബുക്ക് സ്റ്റാൾ, അതുല്യ, അർഹദാ ബുക്ക് സ്റ്റാൾ, വിദ്യാ ബുക്ക്സ് എന്നീ സ്ഥാപനങ്ങളുടെ കുടിശ്ശിക അഡ്വാൻസ് തുകയിൽ കിഴിവ് ചെയ്തിട്ടുണ്ട്. കറന്റ് ബുക്ക്സിന് നിലവിൽ കുടിശ്ശിക ഒന്നും ഇല്ല. അഡ്വാൻസ് തുക കിഴിവ് ചെയ്തതിനുശേഷം 11 സ്ഥാപനങ്ങൾക്ക് 80,186.87/- രൂപ കുടിശ്ശിക ഉണ്ട്. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ശേഷിക്കുന്ന 10 സ്ഥാപനങ്ങളുടെ കുടിശ്ശിക 18,259.5/- രൂപ ഉൾപ്പെടെ 21 സ്ഥാപനങ്ങൾക്ക് 98446.37/- രൂപ കുടിശ്ശിക ഉണ്ട്. ഈ ബാധ്യതകൾ 20 വർഷം മുമ്പുള്ളതാണ്. കുടിശ്ശിക ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വിലാസം ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ 20 വർഷം പഴക്കമുള്ളതാണ്. പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല. കുടിശ്ശിക അടവാക്കണമെന്നാവശ്യപ്പെട്ട് നൽകിയ കത്തുകൾക്ക് മറുപടി ലഭിച്ചിട്ടുമില്ല.<br><br>വിശദമായ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.<br><br>02/09/2021 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം 16) സിൽ നമ്പർ 1500 മുതൽ 2745 വരെയുള്ള വിൽപ്പന സാധ്യത ഇല്ലാത്ത പുസ്തകങ്ങൾ സൗജന്യമായി നൽകി ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശം 04/2002 ലേതാണ്. 2002 ആഗസ്റ്റിലെ പുസ്തകത്തിന്റെ സിൽ നമ്പർ 1978 ആണ്. ഭരണസമിതി തീരുമാന പ്രകാരം ഒഴിവാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ് ഓഡിറ്റ് കാലയളവിലെ പുസ്തകങ്ങൾ എന്നതിനാൽ പരാമർശം ഒഴിവാക്കാൻ അഭ്യർത്ഥിക്കുന്നു. |

ജനാർദ്ദനൻ. കെ
അഡീഷണൽ സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്

40

**അനുബന്ധം 1**

**2017-18 ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം 20 പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ജീവനക്കാരുടെ ലിസ്റ്റ്, ബാധ്യത ഈടാക്കിയതിന്റെ വിശദാംശങ്ങൾ**

**വർഷം 1997-98**

| ക്രമ നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | കെ.എം.വക്കൻ | 200 | 12.05.2008-ലെ ഇ1/986/1993/സിൽ നം. ഉത്തരവ് പ്രകാരം, ശ്രീ.വക്കൻ കൈപ്പറ്റിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| 2 | എസ്.വിജയകുമാർ | 700 | വിരമിച്ചു |
| 3 | വി. കൃഷ്ണൻകുട്ടി നായർ | 800 | മരണപ്പെട്ടു |
| 4 | ജി.മണികണ്ഠൻ നായർ | 800 | വിരമിച്ചു |
| 5 | പി. ശ്രീകുമാരൻ നായർ | 750 | വിരമിച്ചു |
| 6 | വി. ശ്രീകുമാർ | 500 | മരണപ്പെട്ടു |
| 7 | എസ്. വിജയകുമാർ | 1,110 | വിരമിച്ചു |
| 8 | കെ.എം.വക്കൻ | 700 | 12.05.2008-ലെ ഇ1/986/1993/സിൽ നം. ഉത്തരവ് പ്രകാരം, ശ്രീ.വക്കൻ കൈപ്പറ്റിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| 9 | ഗ്രേസ് കുര്യൻ | 40 | മരണപ്പെട്ടു |
| 10 | എസ്.വിജയകുമാർ | 800 | വിരമിച്ചു |
| 11 | വി.വിജയകുമാർ | 400 | വിരമിച്ചു |
| 12 | എസ്. വിജയകുമാർ | 400 | വിരമിച്ചു |

| | | | |
|---|---|---|---|
| 13 | വി. കൃഷ്ണൻകുട്ടിനായർ | 400 | മരണപ്പെട്ടു |
| 14 | മോഹനവർമ്മ | 400 | വിരമിച്ചു |
| 15 | ഡയറക്ടർ,<br>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 2,000 | |
| 16 | എസ്. ശ്രീകുമാരൻ നായർ | 1,000 | മരണപ്പെട്ടു |
| 17 | പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 5,000 | |
| 18 | ഡെയ്സി ജേക്കബ് | 4,000 | ബാധ്യത തുക ടിയാളുടെ ഡി.സി.ആർ.ജിയിൽ നിന്ന് 18.4.2015-ലെ എ5/1114/16/സാം.വ നമ്പർ ഉത്തരവ് പ്രകാരം ഈടാക്കിയിട്ടുണ്ട്. |
| | ആകെ | 20,000/- | |

വർഷം 1998-1999

| ക്രമ നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 100 | |
| 2 | പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 5000 | |
| 3 | വി.കൃഷ്ണൻകുട്ടി നായർ | 1300 | മരണപ്പെട്ടു |
| 4 | എസ്.വിജയകുമാർ | 200 | വിരമിച്ചു |
| 5 | ഡെയ്സി ജേക്കബ് | 500 | ബാധ്യത തുക ടിയാളുടെ ഡി.സി.ആർ.ജിയിൽ നിന്ന് 18.4.2015-ലെ എ5/1114/16/സാം.വ നമ്പർ ഉത്തരവ് പ്രകാരം ഈടാക്കിയിട്ടുണ്ട്. |
| 6 | എൻ.ശിവൻ | 600 | മരണപ്പെട്ടു |

| | | | |
|---|---|---|---|
| [illegible] | എസ്.ശ്രീകുമാരൻ നായർ | 500 | മരണപ്പെട്ടു |
| [illegible] | എസ്. ശ്രീകുമാരൻ നായർ | 500 | മരണപ്പെട്ടു |
| | ആകെ | 8700 | |

**വർഷം 1999-2000**

| ക്രമ നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | വി.കൃഷ്ണൻകുട്ടിനായർ | 600 | മരണപ്പെട്ടു |
| 2 | വി.കൃഷ്ണൻകുട്ടിനായർ | 2500 | മരണപ്പെട്ടു |
| 3 | വി.കൃഷ്ണൻകുട്ടിനായർ | 1750 | മരണപ്പെട്ടു |
| 4 | ജി.മണികണ്ഠൻ നായർ | 2000 | വിരമിച്ചു |
| 5 | ഡെയ്സി ജേക്കബ് | 600 | വിരമിച്ചു |
| 6 | എസ്. ശ്രീകുമാരൻ നായർ | 2969 | മരണപ്പെട്ടു |
| | ആകെ | 10419 | |

വർഷം 2000-2001

| ക്രമ നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | സി.വി.സിറിൾ | 200 | 31.08.2002-ൽ വിരമിച്ചു. സമാഹൃത ഓഡിറ്റ് പരാമർശ പ്രകാരം സി.വി. സിറിളിന്റെ മുൻകൂർ ക്രമീകരിക്കാനുണ്ടായിരുന്ന തുക 5000/- രൂപ മാത്രമാണ്. 28.3.2003-ലെ ഇ2/1117(1)/2000/സിൽ ഉത്തരവ് പ്രകാരം ആയത് ക്രമീകരിച്ചിട്ടുണ്ട്. പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2 | എസ്.വിജയകുമാർ | 9000 | വിരമിച്ചു |
| 3 | പി.കെ.രഘുവർമ്മ | 2000 | വിരമിച്ചു |
| | ആകെ | 11200 | |

വർഷം 2001-02

| ക്രമ നമ്പർ | പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | കെ.എം.വക്കൻ | 3000 | 12.05.2008-ലെ ഇ1/986/1993/സിൽ നം. ഉത്തരവ് പ്രകാരം, ശ്രീ.വക്കൻ കൈപ്പറ്റിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| 2 | എസ്.വിജയകുമാർ | 12000 | വിരമിച്ചു |
| | ആകെ | 15000 | |

**അനുബന്ധം 2**

| നം | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 4/2002 ലെ കുടിശ്ശിക | സ്ഥാപനത്തിന്റെ ഡിപ്പോസിറ്റ് തുക | ഈടാക്കാനുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | അർഹുദാ ബുക്ക്സ്റ്റാൾ | 1000.15 | 1000 | 0.15 | ഡിപ്പോസിറ്റിൽ കിഴിവ് ചെയ്തു. |
| 2 | പി.കെ ബ്രദേഴ്സ് | 2882.30 | 500 | 1782.32 | |
| 3 | ടൂറിങ് ബുക്ക് സ്റ്റാൾ | 10000/- | 10000/- | 0 | 16.03.1993 ലെ സ്റ്റാന്റിങ് കമ്മിറ്റി തീരുമാന പ്രകാരം ക്രമീകരിച്ചു. |
| 4 | പാപ്കോസ് ബുക്ക്സ്റ്റാൾ | 2215.75 | 500 | 1715.75 | |
| 5 | കറന്റ് ബുക്ക്സ് | | | | |
| 6 | ഫിനിക്സ് ബുക്ക് സ്റ്റാൾ | 4497.40 | 1000 | 3497.40 | |
| 7 | അതുല്യ | 628 | 1000 | 0 | ഡിപ്പോസിറ്റിൽ കിഴിവ് ചെയ്തു. |
| 8 | ചൈതന്യ | 920.75 | 600 | 320.75 | |
| 9 | യൂണിവേഴ്സിറ്റി ബുക്ക്സ് | 2424.75 | 1000 | 1424.75 | |
| 10 | മിനർവ | 1086 | | 1086 | |
| 11 | ഖാജാസ് | 3743 | | 3743 | |
| 12 | വിദ്യാ ബുക്ക്സ് | 3000 | 3000 | 0 | ഡിപ്പോസിറ്റിൽ കിഴിവ് ചെയ്തു. |
| 13 | മലബാർ | 5189 | 2000 | 3189 | |
| 14 | നിള | 3721.50 | | 3721.50 | |
| 15 | ജനശക്തി | 11744.25 | 5000 | 6744.25 | |
| 16 | വികാസ് | 72962 | 20000 | 52962 | |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

| ക്രമ നം. | സമാഹൃത ഓഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 6.5.1 | **ഒമ്പതാമത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ-കേരള സംഗീതപരിപാടിയുടെ ഓഡിയോ സി.ഡി നിർമ്മാണത്തിൽ അപാകതകൾ ഓഡിറ്റ് റിപ്പോർട്ട് 2005-06 ഖണ്ഡിക 23**<br><br>2004 ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം. കേരള നിശാഗന്ധി ഓഡിറ്റോറിയത്തിലെ സമാപന സമ്മേളനത്തോടനുബന്ധിച്ച് 17.12.2004 ൽ നടന്ന സംഗീതപരിപാടി ശ്രീ.മോഹൻ സിത്താര യുടെ നേതൃത്വത്തിൽ നടന്നു. 18.12.2004 ൽ ഇതിന്റെ ഓഡിയോ സി.ഡി.നിർമ്മാണത്തിനു തീരുമാനിക്കുകയും. ചടങ്ങിന്റെ കോ-ഓർഡിനേറ്ററായ ശ്രീ.ലെനിൻ രാജേന്ദ്രനെ ഏൽപ്പിക്കുകയും ചെയ്തു. ശ്രീ.മോഹൻ സിത്താരയുടെ നേതൃത്തിൽ എല്ലാ സംഗീതജ്ഞരേയും ഉൾപ്പെടുത്തി പരിപാടി പുനരാവിഷ്കരിക്കുന്നതിനും. സ്റ്റുഡിയോ, വാടക, പങ്കെടുക്കുന്നവർക്കുള്ള പ്രതിഫലം, താമസ സൗകര്യങ്ങൾ തുടങ്ങി എല്ലാ ചെലവുകൾക്കുമായി 1.07 ലക്ഷം രൂപ ആകുമെന്ന് കണക്കാക്കി സി.ഡി.നിർമ്മിക്കുന്നതിന് പോളിക്രോം എന്ന കമ്പനിയെ ഏൽപ്പിച്ചു. ശ്രീ.ലെനിൻ രാജേന്ദ്രന് 1.07.000/- രൂപ നൽകി.<br><br>18.12.2014 ന കാസറ്റ് തയ്യാറാക്കണമെന്ന ആശയം ഉടലെടുത്തത് മുതൽ 21.12.2005 ന് അവസാന തുക നൽകുന്നതുവരെയുള്ള നടപടി ക്രമങ്ങൾ അക്കാദമിയുടെ താൽപ്പര്യം സംരക്ഷിച്ചു കൊണ്ടുള്ളതായി കരുതാനാവില്ല. റോയൽറ്റിയായി പോളിക്രോം എന്ന സ്ഥാപനം. അക്കാദമിക്ക് നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. 1,07,000/- രൂപയുടെ ചെലവ് ദുർവ്യയമായി കാണുന്നതിനാൽ ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. | 2004 ൽ നടന്ന അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ സമാപന ചടങ്ങിനോടനുബന്ധിച്ച് സംഗീതപരിപാടി സംഘടിപ്പിക്കുന്നതിനാണ് ചടങ്ങിന്റെ കോർഡിനേറ്ററായ ശ്രീ.ലെനിൻ രാജേന്ദ്രന് 1.07 ലക്ഷം രൂപ നൽകിയത്. ഈ തുക സി.ഡി.നിർമ്മാണത്തിനായി പോളിക്രോം എന്ന കമ്പനിക്ക് നൽകിയതല്ല. സംഗീത പരിപാടിയുടെ സി.ഡി. നിർമ്മിച്ച് അധിക വരുമാനം കണ്ടെത്താനുള്ള ഒരു പരിശ്രമം മാത്രമാണ് നടത്തിയത്. ചലച്ചിത്രോത്സവുമായി ബന്ധപ്പെട്ട് എല്ലാവർഷവും ഇങ്ങനെ ഒരു വാലഡിക്റ്ററി ഫംഗ്ഷൻ കലാപരിപാടികളോടെ സംഘടിപ്പിക്കാറുണ്ട്. ആയതിനാൽ ഈ ഇനത്തിലെ ഒരു ലക്ഷത്തി ഏഴായിരം രൂപയുടെ ചെലവ് സാധാരണ ഇനത്തിലുള്ളതും അത്യന്താപേക്ഷിതമായതുമാണ്. ആയതിനാൽ ഈ ഇനത്തിൽ അക്കാദമിക്ക് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | 2006-07 | 6.5.2 | **<u>അന്താരാഷ്ട്ര ചലച്ചിത്രോത്സവം - 2005 സർക്കാർ ഗ്രാന്റിന്റെ ദുർവിനിയോഗം ഓഡിറ്റ് റിപ്പോർട്ട് 2005-06 ഖണ്ഡിക 36</u>**<br><br>അന്താരാഷ്ട്ര ചലച്ചിത്രോത്സവം - 2005 ന്റെ നടത്തിപ്പ് ചുമതല 02.12.2006 ലെ കരാർ പ്രകാരം കെ.റ്റി.ഐ എന്ന സ്ഥാപനത്തിനു നൽകി. ആകെ 11,29,905/- രൂപ ചെലവായതിൽ 25,309/-രൂപ നികുതിയിനത്തിൽ പിടിച്ചശേഷം 11,04,596/- രൂപ കെ.റ്റി.ഐയ്ക്ക് നൽകി. എന്നാൽ അനന്തര പരിശോധനയിൽ 1,82,134/- രൂപ ഇതേ ആവശ്യത്തിന് വീണ്ടും ചെലവാക്കിയതായി കാണുന്നു. ഇതിന്റെ യാതൊരു വിശദീകരണവും ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ 1,82,134/- രൂപ നിരാകരിച്ചിട്ടുണ്ട്. | അന്താരാഷ്ട്ര ചലച്ചിത്രോത്സവം 2005 ന്റെ നടത്തിപ്പിനായാണ് കെ.റ്റി.ഐ എന്ന സ്ഥാപനത്തിന് 11,29,905/- രൂപ നൽകിയത്. എന്നാൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന 1,82,134/- രൂപ നൽകിയിട്ടുള്ളത് മേളയുടെ ഭാഗമായി വിശിഷ്ടാതിഥികൾക്ക് നൽകിയ അത്താഴ വിരുന്നിന്റെ ചെലവിലുൾപ്പെട്ടതാണ്. ഈ രണ്ടു ചെലവുകളും വ്യത്യസ്തങ്ങളും വെവ്വേറെയുള്ളതുമാണ്. ആയതിനാൽ ഈ ഇനത്തിൽ അനാവശ്യച്ചെലവുകളൊന്നും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തിയിട്ടില്ല.<br>അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടത്തിപ്പിനായി ഇത്തരത്തിലുള്ള പരിപാടികളുടെ സംഘാടനം അനിവാര്യമാണെന്ന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |

ഗീത കെ
അഡീഷണൽ സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
Ph: 0471-2518652